2019 JULY \ VOL 18 \ ISSUE 7 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



കവർസ്റ്റോറി

## യുവജന അജപാലനം: ആത്മീയമായ അനുയാത്ര

മാർ ജോസഫ് പാംപ്ലാനി

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

ചൂടും വെട്ടം

# വിശുദ്ധരായ യൊവാക്കിമും അന്നായും

(തിരുനാൾ) ജൂലൈ 26


*Joachim and Anna - Painting by Willem van Herp*

നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ വല്യപ്പനും വല്യമ്മയും അവിടത്തെ മാതാവിന്റെ മാതാപിതാക്കളും ആകാനുള്ള അവർണനീയമായ മഹത്വമാണ് ദൈവം ഇവർക്ക് നൽകിയത്. ദീർഘനാൾ കുഞ്ഞുങ്ങളില്ലാത്തതിനാൽ സന്താന സൗഭാഗ്യത്തിനും മിശിഹായുടെ ആഗമനത്തിനും വേണ്ടി പ്രാർഥിക്കുവാനുമായി യൊവാക്കിം കാഴ്ചകളുമായി ജറുസലേം ദേവാലയത്തിലേക്കു പോയി. അവിടത്തെ യുവപുരോഹിതൻ അവരുടെ വന്ധ്യതയെ പരിഹസിച്ചു ചൊടിപ്പിച്ചു. വളരെയേറെ വേദനയോടെ യൊവാക്കിം ദൈവത്തോടു പറഞ്ഞു: "അങ്ങയുടെ അഭീഷ്ടമനുസരിച്ച് ഈ നാണക്കേട് ഞാൻ സഹിക്കാം. അങ്ങയുടെ കൃപയ്ക്ക് ഈ ദാസൻ അയോഗ്യനെങ്കിൽ എന്റെ എളിയ ഭാര്യ അന്നയുടെ യാചനകളെ അങ്ങു ചെവിക്കൊണ്ടാലും. എങ്കിലും എന്റെ ഇഷ്ടമല്ല, സകലതിലും അവിടത്തെ അഭീഷ്ടം നിറവേറട്ടെ." യൊവാക്കിമിന് ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ട്, സ്വർഗത്തിനും ഭൂമിക്കും ആനന്ദദായകമായ ഒരു പുത്രിയെ ഭാര്യ അന്ന പ്രസവിക്കുമെന്ന് ഉറപ്പു കൊടുത്തു. ഈ സമയം പ്രാർഥനയിൽ മുഴുകിയിരുന്ന അന്നയ്ക്കും ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ട് മിശിഹായുടെ മാതാവ് നിന്നിൽ ജനിക്കുമെന്നും ഇതാരോടും പറയരുതെന്നും പറഞ്ഞു.

മറിയത്തെ ഉദരത്തിൽ സംവഹിച്ച കാലഘട്ടത്തിൽ അന്ന ദൈവത്തോടുള്ള നന്ദിനിറഞ്ഞ മനസ്സോടെ ഒത്തിരി സന്തോഷവതിയായിരുന്നു. എങ്കിലും സ്നേഹത്തിന്റെയും കൃപയുടെയും പെരുമഴ അവളിലേയ്ക്ക് പെയ്തിറങ്ങുന്നതിനായി ബുദ്ധിമുട്ടുകളിലൂടെയും പീഢകളിലൂടെയും കടന്നുപോകാൻ തമ്പുരാൻ അവളെ അനുവദിച്ചു. വിശുദ്ധ അന്നായുടെ കാത്തിരിപ്പു കാലഘട്ടത്തിൽ സാത്താൻ അവളെ വധിക്കുവാനും വളരെയേറെ സംശയവും ലജ്ജയും അവളിൽ സൃഷ്ടിക്കുവാനും ശ്രമിച്ചു. ഇതൊന്നും വിജയിക്കാതായപ്പോൾ അവളുടെ പരിചയക്കാരിൽ മൂഢയായ ഒരുവളെയും ഒരു വേലക്കാരിയെയും അന്നായെ അങ്ങേയറ്റം പീഡിപ്പിക്കുവാനും പ്രകോപിതയാക്കുവാനും നിയോഗിച്ചു. എന്നാൽ വിശുദ്ധ അന്നാ പ്രസ്തുത കടന്നാക്രമണങ്ങളെ എളിമയാർന്ന ധൈര്യത്തോടും ക്ഷമയോടും തുടർച്ചയായ പ്രാർഥനയോടെയും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തോടെയും എതിർത്തു. സ്വർഗീയദൂതന്മാരുടെ സഹായ സംരക്ഷണവും അതിനായി അമ്മയെ സഹായിച്ചു.

ശിശുവിന് മൂന്നു വയസ്സു തികയുന്ന ദിവസം ദേവാലയത്തിൽ സമർപ്പിക്കാൻ ദൈവം ആവശ്യപ്പെട്ടു. ഇസഹാക്കിനെ ബലി കഴിക്കേണ്ടി വന്നപ്പോൾ അബ്രാഹം അനുഭവിച്ചതിനേക്കാൾ വലിയ വേദന വിശുദ്ധ അന്നാ സഹിച്ചു. അപ്പോൾ അവളുടെ ഏകാന്തതയിൽ അവളുടെ ചാരത്തുണ്ടായിരിക്കുമെന്ന് ദൈവം വാക്കുകൊടുത്ത് അവളെ ആശ്വസിപ്പിച്ചു.

പരിശുദ്ധ കന്യകാമറിയം ദേവാലയത്തിൽ പ്രവേശിച്ച് ആറു മാസമായപ്പോൾ പിതാവ് യൊവാക്കിമിന്റെ മരണ സമയം അടുത്തതായി അരുളപ്പാടു കിട്ടി. ആ അവസാന വിനാഴികകളിൽ അവൾ കർത്താവിനോടു ചോദിച്ച് തന്റെ കാവൽ മാലാഖമാരെ യൊവാക്കിമിനെ ശുശ്രൂഷിക്കുന്നതിനായി നിയോഗിച്ചു. മേരിക്ക് 12 വയസ്സായപ്പോൾ തന്റെ മാതാവ് അന്നായുടെ അന്ത്യം അടുത്തെന്ന ദൈവിക സന്ദേശം കിട്ടി. ദൈവം അവളെ മാലാഖമാരുടെ സഹായത്താൽ അമ്മയുടെ അടുത്തെത്തിക്കുകയും അമ്മയുടെ അവസാന ആശീർവാദം ലഭിക്കുവാൻ ഇടയാക്കുകയും ചെയ്തു. അനുഗ്രഹീതയായ വിശുദ്ധ അന്നാ തന്റെ മകൾ മേരിയുടെ കരങ്ങളിലായിരുന്നുകൊണ്ട് ആത്മാവിനെ സ്രഷ്ടാവിനു ഭരമേൽപിച്ചു.


*അവലംബം:*
*ദൈവനഗരം-അഗ്രേദായിലെ വാഴ്ത്തപ്പെട്ട സി. മരിയയ്ക്ക് വെളിപ്പെടുത്തിയത് (സോഫിയ ബുക്സ്)*

*തയ്യാറാക്കിയത്: അനിഷ വി.ജെ*



അഡ്വ. കെ.ജെ. ജോൺസൺ





# നുറുങ്ങുവെട്ടം

'സാമ്പത്തിക ബാധ്യതകൾ തീർക്കണം, സ്വന്തമായി ഒരു വീട് പണിത് അമ്മയെ അവിടെ താമസിപ്പിക്കണം, മൂത്ത സഹോദരിക്ക് കുറച്ച് സാമ്പത്തിക സഹായം, ഇളയവളുടെ പഠനവും വിവാഹവും' പിതാവിന്റെ അകാല നിര്യാണത്തിൽ വേദനിക്കുന്ന ഒരു കുടുംബത്തിന്റെ താങ്ങും തണലുമായാണ് മാത്യു ജോലിക്കായി ന്യൂയോർക്കിൽ എത്തിയത്. ചെലവ് ചുരുക്കി ജീവിച്ചും, മനസ്സുരുകി പ്രാർഥിച്ചും കഠിനമായ തണുപ്പിൽ കൂടുതൽ ജോലി ചെയ്തും ദിവസങ്ങൾ തള്ളി നീക്കുമ്പോഴും സുന്ദരമായ ഭാവിയെക്കുറിച്ചുള്ള നിറമാർന്ന സ്വപ്നങ്ങളാണ് മനസ്സിന് ബലം നൽകിയത്. കടങ്ങൾ തീർന്നപ്പോൾ വിവാഹ ആലോചനകൾ വന്നുതുടങ്ങി. വിരസമായ ഏകാന്തതകളിൽ ഭാവിയെക്കുറിച്ചുള്ള ചിന്തകൾ. ജീവിതത്തിൽ അപ്രതീക്ഷിതമായി വന്ന ദുരന്തങ്ങളും, സ്വപ്നതുല്യമായ ജോലിയും എന്തിനാണ് ദൈവം നൽകിയത്. ചിന്തകൾ പ്രാർഥനയിലേക്കും, പ്രാർഥനയിൽ നിന്നും ഉരുത്തിരിഞ്ഞ കൂടിയാലോചനകൾ, ചില തീരുമാനങ്ങളിലേയ്ക്കും നയിച്ചു. വൈദികനാകാൻ ആഗ്രഹിക്കുന്നു എന്ന മാത്യുവിന്റെ തീരുമാനത്തെ സങ്കടത്തോടെയാണെങ്കിലും അമ്മയും അംഗീകരിച്ചു. ജീവിതംവഴി കുറച്ചു പേർക്കെങ്കിലും ക്രിസ്തുവിന്റെ പ്രകാശം ദർശിക്കാൻ കഴിയണം. ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമാണ് ജീവിതം. മിച്ചം പിടിച്ച കുറച്ചു സമ്പാദ്യവും, അനന്തമായ സമ്പത്തിന്റെ ഉടയവനായ ദൈവത്തെയും അമ്മയ്ക്കും സഹോദരിമാർക്കും നൽകിയാണ് മാത്യു അമേരിക്കയിൽ സെമിനാരി ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ഓരോ മനുഷ്യനും ദൈവത്തിന്റെ കരവേലയാണ്. ഓരോ നിയോഗങ്ങൾക്കായി ദൈവം മാറ്റി നിറുത്തിയിട്ടുള്ളവർ. മെഴുതിരി വെട്ടം പോലെ സ്വയം എരിഞ്ഞു മറ്റുള്ളവർക്കു പ്രകാശം കൊടുക്കാനുള്ള നിയോഗം. അവഗണിക്കപ്പെടുന്നവരുടെ പക്ഷം ചേരുക, ശരീരത്തിന്റെ തൃഷ്ണകളെ ത്യജിക്കുക, നിർമലമായി ജീവിക്കുക, നീതിപൂർവമായ നിലപാടുകൾ, ഹൃദയപൂർവം ക്ഷമിച്ച് സ്നേഹിക്കുക തുടങ്ങി ഓരോ ജീവിതങ്ങളെയും വ്യതിരിക്തമായ സാഹചര്യങ്ങളിൽ ക്രിസ്തുവിന്റെ പ്രകാശം ചൊരിയുന്നതിനായി പ്രയത്നിക്കാം. കർത്താവ് അരുൾചെയ്യുന്നു: "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി." (ജെറ 29: 11).

എഡിറ്റർ-ഇൻ-ചീഫ്

കെയ്റോസ്
Kairos | July 2019 | Vol 18 | Issue 7

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

Patrons
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

Spiritual Director
Rev. Fr. Joseph Ezhumayil *(KJYC Animator)*

Printer and Publisher
RejiJ. Karot 9447394142

Executive Director
Ginees Francis 9562379515 *(KJYC Coordinator)*

Editor-in-Chief
Adv. K.J. Johnson 9447245745

Executive Editor
Sajan C.A 9895711718 (kairosmag@kairos.global)

Associate Editor
Sunny Kokkappillil 9446890744

Editorial Board
Dr.Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

Circulation Managers
Aldrin Joseph +91 6238279115 circulations@kairos.global
Leema Alex +91 6238105775 circulations@kairos.global

Associate Circulation Managers
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Aldrin Joseph, Cochin +916238279115
Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jiju Paul, Muscat +968 99467516
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Thomas Komban, Dubai + 971 553009006
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

Finance Manager
Rani George +91 9446563335 finance@kairos.global

Office
Smitha Jose: smitha.jose@kairos.global
Manu Antony +91 9656430440 manu.antony@kairos.global

Design
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

Mailing Address
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
! Facebook.com/Readkairos " Twitter.com/kairosmalayalam

# താളുകളിൽ



Cover:
"The Disciples Peter and John Running to the Sepulchre on the Morning of the Resurrection", c.1898 (oil on canvas)
by artist Eugene Burnand.

14 യൂത്ത് ക്ലാസ്സ്
എയ്ഞ്ചൽ ബേബി
**ചില തോന്നലുകൾ അങ്ങനെയാണ്**



16 കവർ സ്റ്റോറി
എൽസീന ജോസഫ്

**യുവജന അജപാലനം: ആത്മീയമായ അനുയാത്ര**
മാർ ജോസഫ് പാംപ്ലാനി



**സഭയുടെ യൗവനത്തെക്കുറിച്ച് ഒരു ചിന്ത**
19 കവർ സ്റ്റോറി

കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT APP ONLINE (ENG) ONLINE (MAL)

# മറുപടീസ്



29 ഫാമിലി കഫേ

അനിൽ പോൾ-നവ്യ അനിൽ, തൃശൂർ

## ഉദരഫലം അനുഗ്രഹീതം

സ്ഥിരം പംക്തികൾ

06 ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവൽ

08 എഡ്ജിസ്പീക്കിങ്
ഡോ. എഡ്വേർഡ് എടേഴത്ത്

38 മിഷൻ
ഷാർലറ്റ് ആൻസ് ടോം

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

കെയ്റോസിന്റെ ഒരു വായനക്കാരനാണ് ഞാൻ. മാസികയുടെ ഉള്ളടക്കവും തെരഞ്ഞെടുക്കുന്ന വിഷയങ്ങളും തികച്ചും വ്യത്യസ്തവും ശ്രദ്ധ ക്ഷണിക്കുന്നതുമാണ്. അഭിനന്ദനങ്ങൾ. ജൂൺ ലക്കം കെയ്റോസിൽ തീവ്രവാദത്തെക്കുറിച്ചു വായിച്ചു. ചില കാര്യങ്ങളോട് പൂർണമായും യോജിക്കുവാൻ ആകുന്നില്ല. തീവ്രവാദം എന്നു പറയുന്നത് എല്ലാ മതവിഭാഗങ്ങൾക്കും ഭീകരതയല്ല. വിശുദ്ധ യുദ്ധമായിട്ടൊക്കെയാണ് പലപ്പോഴും ഇത് പറയപ്പെടുന്നത്. എല്ലാ മതവിഭാഗങ്ങളും സമാധാനത്തിനും സ്നേഹത്തിനും സഹിഷ്ണുതയ്ക്കും വേണ്ടി നിലകൊള്ളുന്നു എന്നു പറയുമ്പോൾ അതിലെത്രമാത്രം വസ്തുതയുണ്ടെന്ന് ആധികാരിക പഠനങ്ങളിലൂടെ പരിശോധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്.

***എബി ജോസഫ്, എറണാകുളം***

കെയ്റോസ് എന്നത് വെറുമൊരു മാസികയല്ല. ക്രമം തെറ്റിയ കാലഘട്ടത്തിലെ ജീവിത വഴിത്താരകളിൽ വെളിച്ചമായും കത്തുന്ന തീപ്പന്തമായും ഓരോ മാസവും ജ്വലിച്ചു കൊണ്ടിരിക്കുന്നു. അനുഭവങ്ങളുടെയും ജീവിതസാക്ഷ്യത്തിന്റെയും ഉദാത്തമായ മാതൃകയുമാണ് കെയ്റോസ് മാസിക. അനുഭവസമ്പന്നമായ ഓരോ തൂലികാസ്പർശങ്ങളും മനുഷ്യമനസ്സിന്റെ അന്തരംഗങ്ങളിലും ചിന്താമണ്ഡലങ്ങളിലും ആഴ്ന്നിറങ്ങി നമ്മുടെ കർമ മേഖലകളെ പ്രവർത്തന നിരതമാക്കുന്നതാണ് ഈ മാഗസിൻ. ഇതിന്റെ ഡിസൈനിംഗിലും ലുക്കിലുമെല്ലാം ഒരു പ്രൊഫഷണൽ സ്റ്റൈലുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

***ജ്യോതിഷ് ജോസഫ്, വയനാട്***




"അതിനാൽ നീതിബോധത്തെക്കുറിച്ചുള്ള നമ്മുടെ പരിജ്ഞാനം തുടർച്ചയായി ആഴപ്പെടുത്തേണ്ടതുണ്ട്. അത് വെറുമൊരു താത്വിക ശാസ്ത്രമല്ല. അതൊരു പുണ്യമാണ്, മനുഷ്യഹൃദയത്തിന്റെ, മനസ്സിന്റെ, ആത്മാവിന്റെ ഒരു പ്രാപ്തിയാണത്. നീതി നിഷ്ഠയിൽ ജീവിക്കുന്നതിനും അതെങ്ങനെയാണെന്ന് അറിയേണ്ടതിനും നാം പ്രാർഥിക്കേണ്ടതുണ്ട്."

**വി. ജോൺ പോൾ II**

ശശി ഇമ്മാനുവൽ



*തിരക്കുപിടിച്ച ഓട്ടങ്ങൾക്കിടയിൽ നമ്മെ അൽപമൊന്ന് ശാന്തമാക്കി ചെറിയൊരു ധ്യാനത്തിലേക്ക് കൈ പിടിച്ചു നടത്തുകയാണ് ഈ പംക്തി. വിദേശത്തെ ഉയർന്ന ജീവിത സൗകര്യങ്ങൾ ഉപക്ഷിച്ച് നാട്ടിൽ ലളിതമായ ജീവിതം നയിക്കുകയാണ് അധ്യാപകനും, പ്രഭാഷകനും, പരന്ന വായനക്കാരനുമായ ലേഖകൻ.* sasiimmanuel@gmail.com

# ധ്യാനപൂർവം ജീവിതം

**തിടുക്കം കൂട്ടുന്നവനു തെറ്റു പറ്റുന്നുവെന്ന് വി.ഗ്രന്ഥം നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ചിന്തിക്കാനും കാത്തിരിക്കാനും ഉപവസിക്കാനുമൊക്കെയാകുന്നത് കഴിവുകളായി കണക്കാക്കാൻ കഴിഞ്ഞാൽ...**

അയാൾ ഒരു ഹോട്ടലുടമയായിരുന്നെങ്കിലും, വ്യത്യസ്തമായ ഒരു ആത്മീയ അന്വേഷണത്തിന്റെ വിത്ത് ഉള്ളിലുണ്ടായിരുന്നു. എന്നാൽ ഒരു ഗുരുവിനെത്തേടി അയാൾ അലഞ്ഞു നടന്നില്ല, പകരം എന്നെങ്കിലും ഗുരു തന്നെത്തേടി എത്തുമെന്ന് വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ ഭോജനശാലയിൽ എത്തുന്ന ഓരോരുത്തരേയും അയാൾ ധ്യാനപൂർവം നിരീക്ഷിച്ചുകൊണ്ടേയിരുന്നു. ഒരു ദിവസം ദരിദ്രനായൊരു മനുഷ്യൻ അവിടെയെത്തി. അയാൾ ഒരു കോപ്പ ചായ ഓർഡർ ചെയ്തു. ചായക്കോപ്പയുമായി വെയ്റ്റർ എത്തിയപ്പോൾ അയാൾ എഴുന്നേറ്റ് ആ പരിചാരകനെ വണങ്ങി. ഇരുകരങ്ങളുംകൊണ്ട് ഭവ്യതയോടെ ചായക്കപ്പ് ഏറ്റുവാങ്ങി. പിന്നെ കൃതജ്ഞതയോടും വാത്സ്യലത്തോടുംകൂടെ ഒരു ധ്യാനത്തിലെന്നപ്പോലെ കോപ്പ നെഞ്ചോടു ചേർത്തുപിടിച്ച് പരിസരത്തെ മറന്ന് ചായ മൊത്തിക്കുടിച്ചു. തന്റെ ക്യാബിനറ്റ് വാതിലുകൾ തള്ളിത്തുറന്ന് പുറത്തു കടന്ന് റസ്റ്റോറന്റ് ഉടമ ഉറക്കെ വിളിച്ചു പറഞ്ഞു: ഇതാണെന്റെ ഗുരു, ഒരു കോപ്പ ചായ പോലും കൃതജ്ഞതയോടും വാത്സല്യത്തോടും ധ്യാനപൂർവം പാനം ചെയ്യുന്നൊരാൾ. ജീവിതത്തോട് അങ്ങനെയെങ്കിൽ ഇയാൾക്ക് എത്രയോ മടങ്ങ് നന്ദിയും വാത്സല്യവും ധ്യാനവും ഉണ്ടാകണം. ദരിദ്രനായ ആ മനുഷ്യനെ അനുധാവനം ചെയ്ത് അദ്ദേഹം ആ ഹോട്ടലിനു വെളിയിലേക്കിറങ്ങി.

ഉപരിപ്ലവതകളിൽ (Superficiality) കുരുങ്ങിപ്പോവുക എന്നൊരു ദുര്യോഗമാണെന്ന് തോന്നുന്നു നമ്മുടെ കാലഘട്ടത്തിന്റെ ഒരു മാരക പീഢ. ആഴമുള്ള ജീവിതങ്ങൾ ഇല്ലാതാവുകയും കുറെ പൊള്ളത്തരങ്ങളെ വല്ലാതെ നമ്മൾ

കൊട്ടിഘോഷിക്കുകയും ചെയ്യുന്നു. (100 കോടിയൊക്കെ വാരുന്ന നമ്മുടെ ഹിറ്റ് സിനിമകൾ ശ്രദ്ധിച്ചാലറിയാം, യഥാർഥത്തിൽ അവ സമൂഹത്തിന് നൽകുന്ന സന്ദേശമെന്താണ് സർ?) മുകളിലുദ്ധരിച്ച കഥയുടെ പുനർ വായന ആവശ്യമായി വരുന്നത് അങ്ങനെയാണ്. ഒരു കപ്പ് ചായ പോലും വലിയ കൃതജ്ഞതയോടും ധ്യാനത്തോടും കൂടെ പാനം ചെയ്യുക എന്നത് അർഥമാക്കുന്നതെന്താണ്? അങ്ങനെയെങ്കിൽ ഒരുവൻ ജീവിതത്തെ, അതിന്റെ ഓരോ ഫ്രെയിമിനെയും എത്രമാത്രം ധ്യാനത്തോടെ സമീപിക്കേണ്ടിയിരിക്കുന്നു. Take time to live because this world has So much to give. വല്ലാതെ സ്പർശിച്ച ഒരു വാക്യമാണിത്. ആർക്കുണ്ട് ഇക്കാലത്ത് ഇത്തിരി സമയം. ജീവിതത്തെ അതാവശ്യപ്പെടുന്ന ശാന്തതയിൽ ആസ്വദിക്കാനും ഒന്ന് ശാന്തമാകാനും. സമയത്തെ സൂക്ഷ്മമായി വിഭജിച്ച് പണമാക്കി മാറ്റുക എന്ന വർക്ക്ഹോളിക് ഭ്രാന്ത് നമ്മേയും പുതിയ തലമുറയേയും കീഴടക്കിയപ്പോഴാവണം ഇത്രയധികം മാനസിക അസ്വസ്ഥതകൾ നിറഞ്ഞ് ഒരു ജനതയായി നാം മാറിയതും. ഇനി ദൈവം, ഭക്തി, ആത്മീയത ഇവ പോലും തിരക്കിന്റെ ഭാഗമായുള്ള ഒരു ഞായറാഴ്ച ശീലമായി കാണുന്നവരാണ് ഭൂരിഭാഗവും. ഒരു ചൂയിംഗം ചവക്കുന്ന ലാഘവത്തോടെ വി.കുർബാന സ്വീകരിച്ചു വരുന്നവരറിയുന്നുണ്ടോ, 'ഒരു ചെറു കാറ്റിൽ പറക്കാൻ പോന്നൊരീ ഗോതമ്പപ്പത്തുണ്ടിൽ പല കൊടുങ്കാറ്റൊടുക്കിയോനുണ്ടെന്ന' നേരിന്റെ ആഴം. (എന്തിനാണ് തെരേസ ന്യൂമാനെന്ന പുണ്യവതിയൊക്കെ 28 വർഷക്കാലത്തോളം വി.കുർബാന മാത്രം ഭക്ഷിച്ചു ജീവിച്ചത്? ഒറ്റക്കാരണം വി.കുർബാന യഥാർഥത്തിൽ എന്താണെന്ന് തിരിച്ചറിഞ്ഞപ്പോൾ പിന്നെ മറ്റൊന്നും ഭക്ഷിക്കേണ്ട ആവശ്യമില്ലാത്തവിധം അവർ പ്രകാശിതയായി, അത്ര തന്നെ.)


ഖലീൽ ജിബ്രാൻ ഇങ്ങനെ പ്രാർഥിക്കുന്നുണ്ട്: 'ഒരു കൊച്ചു കുഞ്ഞിന്റെ മുമ്പിൽ മുട്ടുകുത്താൻ വിസമ്മതിക്കുന്ന ഔന്നത്യം എനിക്കു നൽകരുതേ' എന്ന്. മാനത്ത് വിരിഞ്ഞ മഴവില്ല് കുഞ്ഞിന് കാണിച്ചു കൊടുക്കാൻ, അടുക്കളപ്പണി ഒന്ന് തീരട്ടെ എന്നു കരുതുന്ന ഒരമ്മ കുഞ്ഞുമായെത്തുമ്പോഴേക്കും മഴവില്ല് അതിന്റെ വഴിക്ക് പോയിരിക്കും എന്നൊരു നാടൻ പ്രയോഗമുണ്ട്. ജീവിതത്തിലെ പല മനോഹാരിതകളും ഒരിക്കൽ മാത്രം നമ്മുടെ കതകിൽ മുട്ടി കടന്നുപോകും, അവ നമ്മെ കാത്തു നിൽക്കാറില്ല. കുഞ്ഞുങ്ങളുടെ ബാല്യത്തിന്റെ കുസൃതിയും ലാളിത്യവും, കൗമാരത്തിന്റെ ആശങ്കകൾക്ക് വഴിമാറുന്നു. അവരോടുകൂടെ ചെലവഴിക്കേണ്ട നിർണായക മണിക്കൂറുകൾ പ്രൊഫഷണൽ നേട്ടങ്ങൾക്കും, ധനലാഭത്തിനും വേണ്ടിയൊക്കെ ചെലവഴിച്ചിട്ട്, പിന്നീട് പശ്ചാത്തപിച്ചിട്ടെന്തു കാര്യം. റോബിൻ ശർമയുടെ The Monk who Sold his Ferrari എന്ന പ്രശസ്ത ഗ്രന്ഥം ഓർക്കുന്നത് നല്ലതാണ്. എന്തുകൊണ്ടാണ് നമ്മുടെ നവദമ്പതികൾ ഇക്കാലത്ത് വളരെപ്പെട്ടെന്ന് കുടുംബക്കോടതിയിലേക്കെത്തുന്നത്? (പ്രത്യേകിച്ച് വിദ്യാസമ്പന്നരായവർ) ഒരുപാട് ധ്യാനപൂർവം മാത്രം തെരഞ്ഞെടുക്കേണ്ട ഒരു ജീവിതാന്തസ്സ്, ഐസ്ക്രീം കഴിക്കാൻ പോകുന്ന ലാഘവ ബുദ്ധിയോടെ, അതൊരു ദൈവവിളിയും നിയോഗവുമാണെന്നൊക്കെ മറന്ന് സ്വീകരിക്കുകയും പിന്നീട് തിരിച്ച് കയറാനാവാത്തവിധം ചില ഗർത്തങ്ങളിൽ പെട്ടുഴലുകയും നീറുകയും ചെയ്യുന്നവരുടെ എണ്ണം നമ്മുടെ കാലത്ത് പെരുകുകയാണ് (ഇത്തരം ദുരന്താനുഭവക്കാർ നവ മാധ്യമങ്ങൾ വഴി വിവാഹജീവിതത്തെ വികലമായി വ്യാഖ്യാനിച്ച് പുതു തലമുറയിൽ തെറ്റായ ധാരണകൾ വിതയ്ക്കുന്നതും നമുക്ക് കാണാനാവും).

**ആർക്കുണ്ട് ഇക്കാലത്ത് ഇത്തിരി സമയം. ജീവിതത്തെ അതാവശ്യപ്പെടുന്ന ശാന്തതയിൽ ആസ്വദിക്കാനും ഒന്ന് ശാന്തമാകാനും. സമയത്തെ സൂക്ഷ്മമായി വിഭജിച്ച് പണമാക്കി മാറ്റുക എന്ന വർക്ക്ഹോളിക് ഭ്രാന്ത് നമ്മേയും പുതിയ തലമുറയേയും കീഴടക്കിയപ്പോഴാവണം ഇത്രയധികം മാനസിക അസ്വസ്ഥതകൾ നിറഞ്ഞ ഒരു ജനതയായി നാം മാറിയതും.**

തിടുക്കം കൂട്ടുന്നവനു തെറ്റു പറ്റുന്നുവെന്ന് വി.ഗ്രന്ഥം നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ഹെർമൻ ഹെസ്സെയുടെ പ്രശസ്ത ഗ്രന്ഥമായ സിദ്ധാർഥയിലെ നായകൻ തന്റെ കഴിവുകളായെണ്ണുന്നത് ഇവയെല്ലാമാണ്: 'എനിക്ക് ചിന്തിക്കാനാവും, എനിക്ക് കാത്തിരിക്കാനാവും, എനിക്ക് ഉപവസിക്കാനാവും' എന്നാണ്.

മനുഷ്യന്റെ കഴിവെന്ന് പറയുന്നത് ഒരു ഗാഡ്ജറ്റ് ഉപയോഗിക്കുന്നതിന്റെ വേഗതയായൊക്കെ തെറ്റിദ്ധരിക്കുന്ന നമ്മുടെ കാലത്ത് ചിന്തിക്കാനും, കാത്തിരിക്കാനുമൊക്കെ കഴിയുക ഒരു സുകൃതമാണെന്ന് തിരിച്ചറിയപ്പെടാതെ പോകുന്നു. ഇടയ്ക്കെങ്കിലും ധ്യാനപൂർവം വിസ്മയത്തോടെ നിൽക്കാൻ മനസ്സിനെ പഠിപ്പിക്കാമെങ്കിൽ, നമുക്ക് ഇത്രയധികം സമയം ഷോപ്പിംഗ് മാളിലും, അർഥശൂന്യമായ ടി.വി. ഷോകളുടെ മുമ്പിലും, മൊബൈൽ സ്ക്രീനിലും, സ്വയം നഷ്ടപ്പെടുത്തേണ്ടിവരില്ലായിരുന്നു. ആഴമാർന്ന മൗനവും, അനുദിന ജീവിതം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. അൾത്താരയിൽ ഈശോയ്ക്ക് ബലിപീഠമൊരുക്കുന്ന അതേ നിഷ്ഠയോടും സ്നേഹത്തോടും തന്നെയാണ് താൻ അടുക്കളയിലും (ഈശോയ്ക്കായി) ഭക്ഷണം പാചകം ചെയ്യാറുള്ളതെന്ന ഒരു പുണ്യവതിയുടെ വാക്കുകൾ ചേർത്തു വായിക്കണം. ധ്യാനപൂർവം ചെയ്യുന്നതെന്തും ദൈവശുശ്രൂഷതന്നെയാണ്. അധ്യാപനവും രോഗീപരിചരണവും വീട്ടിലെ അടുക്കള ജോലിയുമെല്ലാം.

ഉയിർപ്പിനു ശേഷം വിശ്വാസത്തിൽ സന്ദേഹം നേരിട്ട് ചിതറിക്കപ്പെട്ട ശിഷ്യന്മാർക്ക് ക്രിസ്തു ഒരപ്പമെടുത്ത് വാഴ്ത്തുന്ന നേരത്തായിരുന്നു യഥാർഥത്തിൽ മിഴികൾ തുറക്കപ്പെട്ടത്. കാരണം ഇത്ര വാത്സ്യലത്തോടും കൃതജ്ഞതയോടും കേവലം ഒരപ്പത്തെപ്പോലും സമീപിക്കുന്ന ഒരാളെ മാത്രമേ ശിഷ്യന്മാർക്കറിയൂ, അവരുടെ ഗുരുവായ യേശുമിശിഹാ. ഇന്നും കർത്താവ് സ്വർഗത്തിൽ നിന്നും മനുഷ്യമക്കളെ നോക്കുന്നുണ്ട്, ജ്ഞാനവും ആഴവുമുള്ള ഹൃദയങ്ങളെ അവിടന്ന് തിരയുന്നു (സങ്കീ 53:2)



*ജീസസ് യൂത്തിന്റെ നാൾവഴികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ, ലക്ഷ്യങ്ങൾ, ഗുണനിരൂപണങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ തുറന്നെഴുത്താണ് ഈ പംക്തി. ജീസസ് യൂത്ത് രൂപപ്പെടുന്ന ആദ്യ നാളുകൾ മുതലേ സജീവമായി മുൻനിരയിലുള്ള പ്രധാനിയാണ് ഇതിന്റെ ലേഖകൻ ഡോ. എഡ്വേർഡ് എടേഴത്ത്. വായനക്കാരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമായി ബന്ധപ്പെടാൻ:*
edward.edezhath@gmail.com

# അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയത്തിന്റെ ചിത്രം

2013-ൽ ജീസസ് യൂത്ത് മുന്നേറ്റം പള്ളോട്ടിൻസ് (Pallottines) സഭയോട് അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയത്തിന്റെ ഏറെ മനോഹരമായ ചിത്രം തങ്ങളുടെ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചു മുന്നേറ്റത്തിന്റെ അന്നത്തെ അന്തർദേശീയ കോ-ഓർഡിനേറ്റർ റൈജു വർഗീസ് സൊസൈറ്റി ഓഫ് കാത്തലിക് അപ്പോസ്തോലേറ്റ് എന്നറിയപ്പെടുന്ന പള്ളോട്ടിൻസ് സഭയുടെ തലവനായ ഫാ. ജേക്കബ് നമ്പുടാകത്തിന് ഈ അനുവാദം ചോദിച്ചുകൊണ്ട് കത്തെഴുതി. ഏറെ സന്തോഷത്തോടെ ആ സഭ ജീസസ് യൂത്ത് മുന്നേറ്റത്തിന് അതിനുള്ള അനുവാദം നൽകി. അന്നുമുതൽ മുന്നേറ്റത്തിന്റെ വിശ്വാസ രൂപീകരണവും ഹൗസ്ഹോൾഡുകളും ഒക്കെയായി ബന്ധപ്പെട്ട് ഈ ചിത്രം നമ്മൾ ഉപയോഗിച്ചു പോരുന്നു.

നാഗ്പൂർ സെമിനാരിയിൽ 1997-ലാണ് ഈ ചിത്രം ആദ്യമായി ഞാൻ ശ്രദ്ധിക്കുന്നത്. മധ്യഭാരതത്തിലെ ആ നഗരത്തിൽവച്ച് പള്ളോട്ടിൻസ് സഭയിലെ വൈദിക വിദ്യാർഥികൾക്കായി ഷെൽട്ടനും ഞാനും കൂടെ ഒരു പരിശീലനം നടത്തുകയായിരുന്നു. അവരുടെ അന്നത്തെ പ്രൊവിൻഷ്യാളായ മാത്യു അച്ചനാണ് ആ പരിശീലനം ഒരുക്കി ഞങ്ങളെ വിളിച്ചത്. ഏറെ രസകരമായ ആ താമസത്തിനിടെ അദ്ദേഹം ആ സഭയുടെ പ്രത്യേക ദൗത്യത്തെക്കുറിച്ച് വിവരിച്ചുതന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വലിയ സ്വപ്നമായ സഭയുടെ സുവിശേഷവത്ക്കരണ ദൗത്യത്തിലെ അൽമായ പങ്കാളിത്തം വിശുദ്ധ വിൻസെന്റ് പള്ളോട്ടി (St.Vincent Pallotti) ഏറെ മുമ്പേ സ്വപ്നം കണ്ടു. തുടർന്ന് മാത്യു അച്ചൻ ആ പങ്കാളിത്തത്തിന്റെ സുന്ദര ചിത്രീകരണമായ അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയത്തിന്റെ ആ ചിത്രം കാണിച്ചു വിവരിച്ചുതന്നു. വലിയൊരു അനുഭൂതിയുടെ, ദിവ്യസ്പർശനത്തിന്റെ അനുഭവമായിരുന്നു ആ കാഴ്ച. പെന്തക്കുസ്തായുടെ പ്രഭാപൂരത്തിൽ നിറഞ്ഞ് അപ്പ



സ്തോല പ്രമുഖരും കൂട്ടത്തിൽ അപ്രധാനരായ മറ്റു ചിലരോടും കൂടെ പരിശുദ്ധ മറിയം ആത്മാവിനാൽ പൂരിതരാകുന്നു. പെന്തക്കുസാതാ അനുഭവം. ദൗത്യവാഹകരായുള്ള പറഞ്ഞയയ്ക്കൽ, പങ്കാളിത്തത്തിന്റെ

കൂട്ടായ്മ, ഇതെല്ലാം അവിടെ സുന്ദരമായി പ്രതിബിംബിച്ചിരുന്നു.

മഹാനായ ആ വിശുദ്ധന്റെ സമുന്നതമായ ക്രിസ്തീയ ദൗത്യദർശനത്തിന്റെ മഹത്തായ വർണനയായിരുന്നു ആ ചിത്രം. 1840–ൽ പ്രശസ്തനായ ഇറ്റാലിയൻ ചിത്രകാരനായ സെർഫാനോ സെസറെത്തിയെകൊണ്ട് വിശുദ്ധ പള്ളോട്ടി ആ ചിത്രം വരപ്പിച്ചു. ആ ആദ്യ ചിത്രം റോമിലെ അപ്പസ്തോലന്മാരുടെ രാജ്ഞിയുടെ നാമധേയത്തിലുള്ള ദേവാലയത്തിൽ സൂക്ഷിച്ചുവരുന്നു. 2016–ൽ ജീസസ് യൂത്തിന്റെ ഔപചാരിക സഭാ അംഗീകാരവുമായി ബന്ധപ്പെട്ടുള്ള യാത്രയ്ക്കിടെ നമ്മുടെ നേതാക്കളിൽ പലർക്കും അത് നേരിട്ടു കാണാനുള്ള അവസരവും ലഭിച്ചു. ഈ ചിത്രത്തിന്റെ പകർപ്പുകൾ ഇന്ന് ലോകത്തിലാകമാനം കാണാം. മുന്നേറ്റത്തിൽ ദിവ്യപാലകയായി അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയത്തെ സ്വീകരിച്ചതിനുശേഷം അടുത്തയിടെ ധാരാളം ജീസസ് യൂത്ത് ഭവനങ്ങളിലും ഈ ചിത്രം സ്ഥാനം പിടിച്ചിട്ടുണ്ട്.

## ദിവ്യ പ്രേരണയാകുന്ന ചിത്രം

ചിത്രം പ്രതിനിധാനം ചെയ്യുന്നതുപോലെ പെന്തക്കുസ്തായുടെ കേന്ദ്രഭാഗത്ത് മറിയമുണ്ട്. നമ്മുടെ കർത്താവിന്റെ വേർപാടിനുശേഷം ഛിന്നഭിന്നമാകാൻ തുടങ്ങുന്ന ആ ചെറിയ അജഗണത്തോടൊപ്പം പ്രചോദനമരുളിയും അവർക്കുവേണ്ടിയും അവരോടൊപ്പവും പ്രാർഥിച്ചുകൊണ്ടും അവൾ കൂടെയുണ്ടായിരുന്നു. പ്രതീക്ഷാനിർഭരമായ അവരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നു.

പെന്തക്കുസ്തായുടെ പ്രഭാപൂരം എല്ലാവരിലും പ്രകാശിക്കുന്നത് നമുക്കവിടെ കാണാനാകും. അവർ ആ സ്വർഗീയാഭിഷേകത്തിലും ദിവ്യാനുഭവത്തിലും നിറഞ്ഞു നിൽക്കുന്നു. ആ ദിവ്യ സ്പർശനം അവരിൽ വരുത്തിയ മാറ്റം വ്യക്തമാണ്. മറിയം ആത്മാവിൽ ജ്വലിക്കുന്നു. പരിശുദ്ധാത്മാവിന്റെ അടയാളമായ തീനാവുകൾ എല്ലാവരുടെയുംമേൽ ജ്വലിക്കുന്നു.

ഈ മരിയൻ നേതൃത്വവും രൂപാന്തരം വരുത്തുന്ന ആത്മസ്പർശനവും അവരെ ഒരു


St.Vincent Pallotti

സ്നേഹസമൂഹമായി പടുത്തുയർത്തുന്നു. മറിയത്തിനു ചുറ്റും ഒരേ ചിന്തയും ഹൃദയവുമായി അവർ ഒത്തുകൂടിയിരിക്കുന്നു. ഈ സ്നേഹവലയം അവരെ പരസ്പരം അടുപ്പിക്കുന്നു, ഒരു ശരീരമാക്കുന്നു, ദൗത്യവുമായി പുറപ്പെടാൻ അവർ സജ്ജരാകുകയുംചെയ്യുന്നു.

വിശുദ്ധ പള്ളോട്ടിക്ക് ആ ചിത്രത്തിലെ ചെറുസമൂഹത്തിന്റെ നടുവിലുള്ള രണ്ടുമൂന്നു യുവതികളുടെ സാന്നിധ്യവും ഏറെ പ്രധാനപ്പെട്ടതായിരുന്നു. ദൈവരാജ്യ നിർമിതിയുടെ ഉന്നതദൗത്യം 'ശക്തരും ധീരരുമായ' അപ്പസ്തോലന്മാർക്കു മാത്രമല്ല ഭരമേൽപിക്കപ്പെട്ടിരിക്കുന്നത്, ഏറെ സാധാരണക്കാരായ സ്ത്രീപുരുഷന്മാർക്കും അതിൽ വലിയ പങ്കുണ്ട്. അതിനാൽത്തന്നെ ചിത്രത്തിലെ ആ സാധാരണക്കാരുടെ സാന്നിധ്യം ഏറെ ശ്രദ്ധേയമാകുന്നു.

കൗൺസിലിനു ശേഷമുള്ള ഈ കാലഘട്ടത്തിൽ സഭയിലെ അധികാര ശ്രേണികളിൽ നിക്ഷിപ്തമായ വരങ്ങളും അവയോടൊപ്പം എല്ലാവർക്കും നൽകപ്പെടുന്ന കാരിസ്മിക വരദാനങ്ങളും പ്രത്യേകം സൂചിപ്പിക്കാറുണ്ട്. ചിത്രത്തിലെ മുതിർന്ന അപ്പസ്തോലന്റെ മുന്നിൽ താഴെയായി രണ്ടു താക്കോലുകൾ കാണാനാവും. ആത്മാവിന്റെ കടന്നുവരവോടെ അധികാരത്തിന്റെ ഉയർച്ച–താഴ്ചകൾ മാറി ക്രിസ്തുവിലുള്ള ദൗത്യത്തിൽ എല്ലാവരും സമന്മാരാകുന്നതും ഇവിടെ കാണാം.

അയക്കപ്പെടലിന്റെ വലിയ നിമിഷംകൂടെയുമാണ് ഇത്. ചിത്രത്തിൽ കാണുന്നതു പോലെ ക്രിസ്തീയ ദൗത്യം തിരക്കും പരക്കംപാച്ചിലുമല്ല; മറിച്ച്, മറ്റുള്ളവർ സെഹിയോൻ മാളികയിലേക്ക് സ്വാഗതമരുളാൻ അപ്പസ്തോലന്മാരെ ആത്മാവ് ആനന്ദകരമായ ഒരുൾപ്രേരണയരുളി നയിക്കുന്നതാണ് അത്.

## പ്രചോദനമരുളുന്ന ഒരു ജീസസ് യൂത്ത് ചിത്രം

നാഗ്പൂരിൽ വച്ച് ഈ ചിത്രം ആദ്യമായി ശ്രദ്ധിച്ചപ്പോൾ എന്റെ ഉള്ളിലുദിച്ച ചിന്ത ഇതായിരുന്നു, "ദൈവമേ! തീർച്ചയായും ഇതാകണം ജീസസ് യൂത്ത്". ആത്മാവിൽ നിറഞ്ഞ്, കൂട്ടായ്മയിൽ ഒന്നിച്ച്, മാതൃസാന്നിധ്യത്തിൽ ദൗത്യംപേറി അയയ്ക്കപ്പെടുന്നവർ.

വിശുദ്ധ ചിത്രങ്ങളോടുള്ള നമ്മുടെ സാമാന്യ കത്തോലിക്കാ പ്രതികരണമുണ്ടല്ലോ, നമ്മുടെ ആവശ്യങ്ങൾ ഓർത്ത്, സമർപ്പിച്ച്, "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു പറയുക. അതിനുമപ്പുറം നാമൊന്നു പോകണ്ടേ? ഈ സുന്ദര ചിത്രം, ഒന്നുശാന്തമായി നോക്കിയിരിക്കാനാണ്, ഹൃദയം നിശ്ശബ്ദമാക്കാൻ, എന്നിട്ട് നമ്മോടൊന്ന് സംസാരിക്കുന്നതു കേൾക്കാൻ. എന്റെ ചിന്തയിൽ, അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയത്തോടുള്ള ഭക്തിയിൽ വളരാനല്ല, അവളോട് അധികമായി പ്രാർഥിക്കാനുമല്ല, പിന്നെയോ മറിയത്തേയും പെന്തക്കുസ്തായെയും ധ്യാനനിമഗ്നരായി വീക്ഷിക്കാൻ, അതിന്റെ മനോഹാരിതയെയും രഹസ്യാത്മകതയെയുംകുറിച്ച് അയവിറക്കാൻ, അതിൽനിന്നു കയ്യാളുന്ന പ്രചോദനത്തിന്റെ ആഴങ്ങളിൽ ദൗത്യ നിറവ് കൈവരിക്കാൻ.

അപ്പസ്തോലന്മാരുടെ രാജ്ഞിയായ മറിയത്തിന്റെ വ്യത്യസ്ത ചിത്രീകരണങ്ങളുണ്ട്. ഇതിൽ വിശുദ്ധ വിൻസെന്റ് പള്ളോട്ടിയുടെ പ്രചോദന സമ്പന്നമായ ഈ ചിത്രത്തിൽ ജീസസ് യൂത്തിന്റെ അടിസ്ഥാന ദർശനത്തിന്റെ നല്ലൊരു പ്രതിബിംബനം നാം കാണുന്നു. അതിനെ ദർശിച്ച്, പ്രചോദനത്തിനായി കാതോർത്ത്, കർത്താവ് ചൊരിയുന്ന തന്റെ ആത്മാവ് വലിയൊരളവിൽ നമുക്കു സ്വീകരിക്കാനാകട്ടെ. അങ്ങനെ നാം പരിശുദ്ധ അമ്മയുടെ സാദൃശ്യത്തിലേയ്ക്ക് വളരാനും ഇടയാകട്ടെ ✦

യുVA

## യൂ ഹോട്ട്സ്

# നമുക്കൊരു ബിരിയാണി കഴിച്ചാലോ ?

ഓരോരുത്തരെക്കുറിച്ചും ദൈവത്തിന് പ്ലാനുണ്ടെന്നു പറയുമ്പോൾ ശങ്കിക്കാതെ നമ്മളത് കണ്ടെത്തേണ്ടതുണ്ട്. അന്വേഷിച്ചാൽ നിശ്ചയമായും കണ്ടെത്തുകതന്നെ ചെയ്യും


കഞ്ഞികുടിക്കാനുള്ള വക ദൈവം തരും ഉറപ്പ്. പക്ഷേ, ബിരിയാണി കഴിക്കാനുള്ള വകുപ്പ് നമ്മൾ തന്നെ കണ്ടെത്തണം. കേൾക്കുമ്പോൾ തമാശയായി തോന്നുമെങ്കിലും ദൈവത്തിന്റെ പരിപാലനെയെക്കുറിച്ച് അത്രയ്ക്ക് ഉറപ്പോടെ പറയാൻ സാധിക്കും. നമ്മുടെ അധ്വാനവും പരിശ്രമവും ദൈവം അത്രയ്ക്ക് പ്രതീക്ഷിക്കുന്നുണ്ട്. ഓരോരുത്തരെക്കുറിച്ചും ദൈവത്തിന് പ്ലാനുണ്ടെന്നു പറയുമ്പോൾ ശങ്കിക്കാതെ നമ്മളത് കണ്ടെത്തേണ്ടതുണ്ട്. അന്വേഷിച്ചാൽ നിശ്ചയമായും കണ്ടെത്തുകതന്നെ ചെയ്യും. ഇവിടെയാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നത്.

എന്റെ കുടുംബത്തിൽ അപ്പനുമമ്മയും ഫുൾ സപ്പോർട്ടാണെനിക്ക്. പ്ലസ് ടുവിന് ചേർത്തപ്പോൾ അപ്പനെന്നോടു പറഞ്ഞത്, "പ്ലസ് ടുവിനാണ് നീ പഠിക്കുന്നത്, നിന്റെ കാര്യങ്ങൾ നീ തന്നെ നോക്കുക. സ്ക്കൂളിൽ പല പല കാര്യങ്ങൾകാണും. സാധാരണ മനുഷ്യനെ പോലെ ജീവിക്കുക. പഠനം കഴിഞ്ഞുള്ള മറ്റു കോഴ്സുകളും ഭാവിപരിപാടികളും നീ തന്നെ തീരുമാനിക്കുക, കണ്ടെത്തുക. ഞാനിപ്പോൾ ചെറിയൊരു ജോലിചെയ്യുന്നുണ്ട്. ഏകദേശം മൂന്ന് വർഷമായി സൈഡായിട്ടു ചില കൊച്ചു കൊച്ചു ബിസിനസ്സ് പരിപാടികളും ചെയ്യുന്നു. ദൈവം എല്ലാം സെറ്റാക്കിത്തരുന്നത് ഞാൻ കണ്ടുകൊണ്ടുമിരിക്കുന്നു.

എന്റെചില പ്ലാനുകൾ നടക്കാതെവരുന്ന സമയത്ത് ഞാൻ ഉടനെ തിരിച്ചറിയുന്നുണ്ട് ദൈവത്തിനു നല്ലൊരു പ്ലാൻ വേറെയുണ്ടെന്ന്. അസ്വസ്ഥതകൾ ഉണ്ടാകുമ്പോൾ അതിൽ ഉൾപ്പെട്ടു പോകാതിരിക്കാൻ ഉടനെ തന്നെ പല രീതിയിൽ എന്നെ വഴിതിരിച്ചു വിട്ട് മറ്റു കാര്യത്തിലേക്ക് എന്നെ നയിക്കുന്നതും വേറിട്ടൊരനുഭവമാണ്.

രോഗം മാറുന്നതും വലിയ വലിയ സൗഖ്യപ്പെടുത്തലുകളും എന്നതിനേക്കാൾ പല കാര്യങ്ങളിലും നൽകുന്ന വ്യക്തതകളും തീരുമാനങ്ങളുമാണ് ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളായി എനിക്ക് തോന്നിയിട്ടുള്ളത്. പിതാവായ ദൈവത്തിന്റെ വഴിനടത്തലും എന്റെ നേരെയുള്ള നിരീക്ഷണവും കരുതലും പോലെ തന്നെയാണ് എനിക്കെന്റെ അപ്പനിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ഇപ്പോൾ എം.ബി.എയ്ക്ക് ചേരാൻ പോകുകയാണ് എന്ന് പറഞ്ഞപ്പോൾ ഒ.കെ., ചെയ്തുകൊള്ളുക എന്നാണ് അപ്പൻ പറഞ്ഞത്. ഞാൻ ഇപ്പോൾ പെണ്ണുകെട്ടാൻ പോകുന്ന കാര്യം പറഞ്ഞാലും ശരി നടക്കട്ടെ. എന്തു വേണമെങ്കിലും ചെയ്തോളൂ, എന്തു ചെയ്താലും എന്നോടൊന്ന് പറഞ്ഞേക്കണം. ഇതായിരുന്നു അപ്പന്റെ ലൈൻ. ഫുൾ സപ്പോർട്ട്. വേറെന്തുവേണം നമുക്ക്.

ഈ ഫ്രീഡത്തിൽ നിന്നാണ് ദൈവിക വഴികളും പ്ലാനുകളുമൊക്കെ കാണുവാൻ എനിക്കിടയായത്. ദൈവത്തിന്റെ സ്വഭാവവും പ്ലാനുകളുമെല്ലാം സ്വന്തം മാതാപിതാക്കളിലൂടെ കാണാനും അനുഭവിക്കുവാനും കഴിയുന്നത് മഹാഭാഗ്യമല്ലേ. തുടക്കത്തിലേ സൂചിപ്പിച്ച ആ കാര്യം മറക്കരുത്. കഞ്ഞിക്കുള്ള വകുപ്പ് ദൈവം പണ്ടേ കരുതിവച്ചിട്ടുണ്ട്. ബിരിയാണിക്കുള്ളത് നമ്മൾ കണ്ടെത്തണം. ഉറപ്പായിട്ടും ദൈവത്തിന് ഒരു പ്ലാനുണ്ട്! നമുക്കൊരു ബിരിയാണി കഴിച്ചാലോ? ✦



*ബിബിൻ ജോസഫ്, പാലാ*



ഡിനോജ് ജോസഫ്

മൈ സ്റ്റോറി

# ലോകനന്മയിലേക്കു തുറക്കുന്ന ജാലക പാളികൾ

**വ്യക്തി ജീവിതത്തിലും ആധ്യാത്മിക ജീവിതത്തിലും ഉയർച്ച നേടുന്നതോടൊപ്പം പ്രൊഫഷണൽ ലൈഫിലും ഉയർച്ച നേടാൻ ശ്രമിക്കേണ്ടതുണ്ട്. അത് ലോകനന്മയ്ക്കുകൂടി ഉള്ളതുമാകണം.**

'നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും നീതിയും അന്വേഷിക്കുക അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു നല്കപ്പെടും' (മത്താ 6:31) എന്ന വചനത്തിന്റെ അർഥവും വ്യാപ്തിയും മനസ്സിലാക്കി തരുന്നതായിരുന്നു എന്റെ ജീവിതം.

ക്രൈസ്തവ മൂല്യാധിഷ്ഠിതമായ ജീവിതശൈലിയിലാണ് മാതാപിതാക്കൾ എന്നെ വളർത്തിയത്. അവരുടെ സ്നേഹവും പ്രാർഥനയും എന്നുമെന്റെ പ്രചോദനമാണ്. സ്കൂൾ പഠനശേഷം തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രാർഥനാ കൂട്ടായ്മയിലൂടെയാണ് ഞാൻ ജീസസ് യൂത്ത് മൂവ്മെന്റിനെപ്പറ്റി അറിയുന്നത്. തുടർന്ന് പാലക്കാട് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിനു ചേരുകയും അവിടത്തെ പ്രാർഥനാ ഗ്രൂപ്പിന്റെ ഭാഗമാകുകയും ചെയ്തു. ഈശോയെ അടുത്തറിയുവാനും സ്നേഹിക്കുവാനും ജീസസ് യൂത്ത് എന്നെ സഹായിച്ചു. ആറു സ്ഥായി ഘടകങ്ങളിലധിഷ്ഠിതമായ ജീസസ് യൂത്ത് ജീവിതശൈലി രൂപപ്പെടുവാൻ സീനിയേഴ്സിന്റെ കരുതലും സ്നേഹശാസനകളും ഉപകാരപ്പെട്ടു. തുടർന്ന് തൃശൂർ സബ്റീജിയൺ ടീമിലൂടെയും, മെഡിക്കൽ എഞ്ചിനീയറിംഗ് സ്റ്റുഡന്റ്സ് സെൻട്രൽ ടീം (MEST) ലെ ഉത്തരവാദിത്തങ്ങളിലൂടെ ഈശോ എന്നെ കൂടുതൽ വളർത്തി.

പഠനശേഷം മൂന്നു വർഷക്കാലം അബുദാബിയിൽ, ദാസ് ഐലന്റിൽ ജോലി ചെയ്തു. പക്ഷേ, അവിടെ വി.കുർബാനയിലോ പ്രാർഥനാ കൂട്ടായ്മയിലോ സംബന്ധിക്കാൻ സാധിച്ചിരുന്നില്ല. സാമ്പത്തിക നേട്ടമൊഴിച്ചാൽ മറ്റൊരു തരത്തിലും എനിക്ക് ആ ജോലിയോട് താത്പര്യം തോന്നിയിരുന്നില്ല. ഇത്തരം പ്രതികൂലമായ സാഹചര്യങ്ങളെ അതിജീവിക്കാൻ കോളേജ് പഠനകാലത്തെ പ്രാർഥനാ കൂട്ടായ്മയിൽ നിന്ന് ലഭിച്ച ഊർജം എന്നെ വളരെയധികം സഹായിച്ചു.

ചെറുപ്പം മുതലേ ഉപകരണങ്ങൾ രൂപകല്പന ചെയ്യുന്നതിലും ചിത്രരചനയിലുമായിരുന്നു താത്പര്യം. ഹോബി ഒരു തൊഴിലാക്കുന്നതിനെപ്പറ്റി ഞാൻ ചിന്തിച്ചിരുന്നില്ല. എന്നാൽ, വ്യക്തിപരമായ പ്രാർഥനയിലൂടെ ഈശോ അതേപ്പറ്റി കൂടുതൽ വ്യക്തത നല്കി. അങ്ങനെ ഇൻഡസ്ട്രിയൽ ഡിസൈൻ മാസ്റ്റേഴ്സ് എടുക്കാൻ തീരുമാനിച്ചു. ജോലിക്കൊപ്പം പരീക്ഷയ്ക്കു തയ്യാറെടുക്കുക ശ്രമകരമായിരുന്നെങ്കിലും ഈശോയ്ക്കൊപ്പമുള്ള പഠനം ഏറെ രസകരമായിരുന്നു. അങ്ങനെ മുംബൈ ഐ.ഐ.ടി യിൽ ഉദ്ദേശിച്ച കോഴ്സിന് അഡ്മിഷൻ ലഭിച്ചു. അവിടെ എനിക്കുവേണ്ടി ഒരു പ്രാർഥനാ കൂട്ടായ്മയും എന്റെ ഈശോ ഒരുക്കിയിരുന്നു.

ആയിടെയാണ് ലഡാക്കിൽ, സോനം വാങ്ചക് നൊപ്പം ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം ലഭിച്ചത് (3 idiots എന്ന സിനിമയിൽ അമീർഖാൻ അവതരിപ്പിക്കുന്ന കഥാപാത്രമാണ ദ്ദേഹം) അവിടേക്കുള്ള യാത്രാവേളയിൽ ഉത്തരേന്ത്യയിലെ ഗ്രാമങ്ങളിലെ ആരോഗ്യമേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ അനുഭവിച്ചറിയാൻ ഇടയായി. പലപ്പോഴും രോഗികളെ കിലോമീറ്ററോളം ചുമന്ന് ആശുപത്രിയിലെത്തിക്കേണ്ട ഗ്രാമീണരുടെ അവസ്ഥ ഇന്നും അവിടെ വിരളമല്ല. അങ്ങനെയാണ് ഒരു 'പോർട്ടബിൾ ഓപ്പറേഷൻ തിയറ്റർ'-ന്റെ സാധ്യത ഞാൻ മനസ്സിലാക്കിയത്. തുടർന്ന് മൂന്നോ നാലോ പേർക്ക് ചുമന്ന് കൊണ്ടുപോയി 15 മിനിറ്റിനകം സജീകരിക്കാവുന്ന ഓപ്പറേഷൻ തിയേറ്റർ രൂപകല്പന ചെയ്യാൻ സാധിച്ചു. സിസേറിയൻ, സർജറി, മറ്റു ജനറൽ സർജറികൾ മുതലായവ ഫലപ്രദമായി ഇതിൽ ചെയ്യാൻ സാധിക്കും. ഇത് വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കുവാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ.

ഓരോ ജീസസ് യൂത്തും വ്യക്തി ജീവിതത്തിലും ആധ്യാത്മിക ജീവിതത്തിലും ഉയർച്ച നേടുന്നതോടൊപ്പം പ്രൊഫഷണൽ ലൈഫിലും ഉയർച്ച നേടാൻ ശ്രമിക്കേണ്ടതുണ്ട്. ഇത് ധനലഭ്യതക്കും സ്ഥാനമാനങ്ങൾക്കും എന്നതിലുപരി ലോകനന്മയ്ക്കു വേണ്ടിയുള്ളതുമാകണം. പ്രാർഥനയിലൂടെ നമ്മുടെ യഥാർഥ കഴിവുകളെ കണ്ടെത്താനും പരിശുദ്ധാത്മ സഹായത്താൽ അവയെ പരിപോഷിപ്പിക്കുവാനും എല്ലാ കൂട്ടുകാർക്കും സാധിക്കട്ടെ എന്നാശംസിക്കുന്നു ✦



# പാലായിൽ നിന്ന് സ്നേഹപൂർവം


## പരസ്പരം താങ്ങാകുന്ന കൂട്ടുകെട്ടും ദിവ്യകാരുണ്യ സന്നിധിയിലെ പ്രാർഥനകളും രൂപപ്പെടുത്തിയ വഴികൾ

ചരലിലും മെറ്റലിലുമൊക്കെ മുട്ടുകുത്തി പ്രാർഥിക്കുന്ന ചില യുവതീയുവാക്കൾ എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. അവരുടെ പ്രാർഥനയും പ്രവർത്തനരീതിയുമൊക്കെ എന്നെ ആശ്ചര്യപ്പെടുത്തി. അവർ ജീസസ് യൂത്തിലെ ചെറുപ്പക്കാർ ആയിരുന്നു. ഞാൻ മഠത്തിൽ ചേരാനും സിസ്റ്ററാകാനും ഇവരാണ് എന്നെ സഹായിച്ചത്.

പാലായിലാണെന്റെ വീട്. പത്താം ക്ലാസ്സിലെ പരീക്ഷ കഴിഞ്ഞുള്ള അവധിക്കാലത്താണ് ജീസസ് യൂത്തിന്റെ ഒരു ധ്യാനം ഞാൻ കൂടുന്നത്. പ്ലസ് ടുവിന് പഠിക്കുന്ന സമയത്തും ഇത്തരമൊരു ധ്യാനത്തിൽ പങ്കെടുത്തു. പിന്നീട് ജീസസ് യൂത്തിന്റെ ക്യാമ്പസ് ടീമിലേക്കു വരുകയും പ്രവർത്തനങ്ങളെക്കുറിച്ചു കൂടുതലായി അറിയുകയും ചെയ്തു. ഡിഗ്രി പഠനക്കാലത്തായിരുന്നു അത്. ചെറുപ്പം മുതലേ സിസ്റ്ററാകാൻ താത്പര്യമുണ്ടായിരുന്നെങ്കിലും ജീസസ് യൂത്തിൽ വന്നതിനു ശേഷമാണ് ആ വിളി ഞാനുറപ്പിച്ചത്. മുതിർന്നവരും കൂടെയുള്ളവരുമൊക്കെ വ്യക്തിപരമായ പ്രാർഥനയെക്കുറിച്ചു പറയുകയും അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് കാണുമ്പോൾ പ്രാർഥനയെക്കുറിച്ചു ചോദിക്കുകയും ചെയ്യുമായിരുന്നു.

വ്യക്തിപരമായ പ്രാർഥനയെ ഇത്ര ഗൗരവമായി കാണുന്ന ഈ ജീവിത ശൈലിയാണ് എന്നെ ഏറെ സ്പർശിച്ചത്. പ്രോഗ്രാമുകളിലെ കുർബാനയും ദിവ്യകാരുണ്യ ആരാധനയും സൗഖ്യപ്രാർഥനകളുമൊക്കെ, ദിവ്യകാരുണ്യ ഈശോയെ സ്നേഹിക്കുവാൻ എന്നെയേറെ സഹായിച്ചു. ഇതിലൂടെയൊക്കെ ഞാൻ മെല്ലെ രൂപപ്പെടുകയായിരുന്നു. അതുകൊണ്ടുതന്നെയാണ് ഞാനിന്നു ദിവ്യകാരുണ്യ ആരാധനാ സന്യാസിനീ സമൂഹത്തിൽ ചേർന്നതും.

ജീസസ് യൂത്തിലെ ചെറുപ്പക്കാരെ കണ്ടു പഠിക്കണമെന്ന് ഞങ്ങൾക്ക് തിയോളജി ക്ലാസ്സെടുക്കാൻ വരുന്ന അച്ചന്മാർ പറയുമായിരുന്നു. അത്രയ്ക്ക് ആത്മാഭിഷേകമുള്ളവരായിരുന്നു അവർ. ഞാൻ സിസ്റ്ററാകാൻ പോകുന്ന കാര്യം പറഞ്ഞപ്പോൾ പഠിച്ചിരുന്ന കോളേജിലെ ചെറുപ്പക്കാർ എന്നെ കളിയാക്കുമായിരുന്നു. പക്ഷേ, ജീസസ് യൂത്ത് ചെറുപ്പക്കാർ, അവരുടെ ഭാഷയിൽ പറഞ്ഞാൽ, കട്ട സപ്പോർട്ടായിരുന്നു. പിന്നെയൊന്നും നോക്കേണ്ടിവന്നില്ല. ഞാൻ സിസ്റ്ററായി. ദൈവത്തിനു നന്ദി. ഇപ്പോൾ ബി.എഡ് ചെയ്തുകൊണ്ടിരിക്കുന്നു. വീട്ടിൽ അപ്പ, അമ്മ, അനുജൻ, അനുജത്തി



*സി. അമലു പാറക്കൽ SABS*

Q&A

ടിന്റു സോണി



*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്*
*കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം.*
*tintusony@gmail.com*

# മാതാപിതാക്കൾ തന്നെയാണ് ഏറ്റവും ഉചിതമായ മാർഗദർശകർ

**Q** ഞങ്ങൾക്ക് പലകാര്യങ്ങളും പറയുവാനുണ്ട്. പേഴ്സണൽ കാര്യങ്ങളും മറ്റു വിശേഷങ്ങളുമൊക്കെ കൂട്ടുകാരോടാണ് ഞങ്ങൾ പറയുന്നത്. മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ഞങ്ങളെ കേൾക്കാൻ നേരമില്ല. പക്ഷേ, ഞങ്ങളത് ആഗ്രഹിക്കുന്നുമുണ്ട്. എന്തെങ്കിലും മാർഗമുണ്ടോ?

**A** എല്ലാ കാര്യങ്ങളും എല്ലാവരോടും പറയാൻകഴിയില്ലല്ലോ. പറയേണ്ടത് പറയേണ്ടവരോട് പറയേണ്ട സമയത്ത് പറയേണ്ട രീതിൽ പറയാൻ സാധിക്കണം. ഒന്നാമതായി നമുക്ക് ചർച്ച ചെയ്യുവാനുള്ള കാര്യങ്ങൾ അതിന്റെ പ്രാധാന്യമനുസരിച്ച് തരം തിരിച്ചു വയ്ക്കുന്നത് നല്ലതാണ്. അതിനു പറ്റിയ ആളുകളെ കണ്ടെത്തണം. കൂട്ടുകാരിലാണെങ്കിലും മുതിർന്നവരിലാണെങ്കിലും നമ്മളെ മനസ്സിലാക്കുന്നവരെയും നമ്മളിലെ ഏറ്റവും നല്ല സാധ്യതകളെ തിരിച്ചറിഞ്ഞ് നല്ല ഭാവിക്കായി സഹായിക്കുന്നവരെയുമാണ് നമ്മൾ കണ്ടെത്തേണ്ടത്. അതായത് ചുരുക്കത്തിൽ നല്ല ബന്ധങ്ങൾ ഉണ്ടാക്കണം. നമ്മുടെ മാതാപിതാക്കൾക്ക് നമ്മുടെ നല്ല ഭാവിയെക്കുറിച്ചായിരിക്കുമല്ലോ എപ്പോഴും ചിന്ത. മറ്റൊരു കാര്യം സമയത്തിന്റേതാണ്. മാതാപിതാക്കളെയും മറ്റു മുതിർന്നവരെയും സമീപിക്കുമ്പോൾ അവരുടെ സമയ പരിമിതികളും കണക്കിലെടുക്കണം. നമ്മുടെ ആവശ്യത്തിന്റെ പ്രാധാന്യം അവരെ പറഞ്ഞു മനസ്സിലാക്കി അവർക്ക് കുഴപ്പമില്ലാത്ത ഒരു സമയം കണ്ടെത്തണം. അവരുടെ നല്ലൊരു ശ്രദ്ധ ഉറപ്പാക്കണം എന്നു ചുരുക്കം. കൂട്ടുകാരുമായി ചർച്ച ചെയ്യേണ്ടത് അവരുമായി സംസാരിക്കുന്നതിൽ തെറ്റില്ല. പക്ഷേ, തീരുമാനങ്ങൾ മാതാപിതാക്കളും മുതിർന്നവരുമായി സംസാരിച്ചതിന് ശേഷമാണ് ഉറപ്പിക്കേണ്ടത്. തെറ്റു പറ്റാതിരിക്കാൻ അവരുടെ അനുഭവസമ്പത്ത് നമ്മെ സഹായിക്കും. ചില കാര്യങ്ങൾ സ്വയം ചിന്തിച്ചു തീരുമാനിക്കേണ്ടതാവശ്യമാണ്. ഇതിനുള്ള ജ്ഞാനം ആർജിക്കേണ്ടതുണ്ട്. അതിന് ബൈബിൾ വായിക്കുവാനും പരിശുദ്ധാത്മാവിന്റെ സഹായം തേടാനും മടിക്കേണ്ടതില്ല. നല്ല പുസ്തകങ്ങൾ, നല്ല സിനിമകൾ, നല്ല ബന്ധങ്ങൾ എപ്പോഴും കൂട്ടിനുണ്ടാകട്ടെ. മറ്റുള്ളവർക്ക് നമ്മളെ കേൾക്കാൻ സമയമില്ല എന്ന് പറഞ്ഞ് പരാതിപ്പെടാതെ അതിനുള്ള സാഹചര്യങ്ങളെ സൃഷ്ടിക്കാനുള്ള ക്രിയാത്മകത നമ്മളിൽ ഉണ്ടാകട്ടെ.

**Q** ലൈംഗിക കാര്യങ്ങളെക്കുറിച്ച് പല സംശയങ്ങളുമുണ്ട്. കൂട്ടുകാർക്കിടയിൽ ചർച്ച ചെയ്യാറുണ്ടെങ്കിലും പക്ഷേ, ശരിയാകുന്നില്ല. കെയ്റോസിലൂടെ എല്ലാത്തിനും ഉത്തരം കിട്ടാൻ ബുദ്ധിമുട്ടാണെന്നറിയാം. എങ്കിലും ഇത്തരം കാര്യങ്ങളിൽ ഞങ്ങളെങ്ങനെയാണ് സംശയ നിവാരണം നടത്തേണ്ടത്. ആരെയാണ് ഞങ്ങൾ സമീപിക്കേണ്ടത്?

**A** ലൈംഗിക കാര്യങ്ങളെക്കുറിച്ച് ചെറുപ്പക്കാർക്കിടയിലുള്ള സംശയങ്ങൾ സ്വാഭാവികമാണ്. മിക്കവരും അവരുടെ സംശയങ്ങൾ സ്വയം തീർക്കുവാനോ കൂട്ടുകാരുടെ ഇടയിൽ സംസാരിക്കുകയോ ആണ് പതിവ്. ദൈവം നമുക്കു തന്ന ഏറ്റവും ഉത്കൃഷ്ടമായ ദാനത്തെ ലോകം എന്തുമാത്രം വാണിജ്യവത്കരിക്കുന്നു എന്ന് അറിയാമല്ലോ. വളരെ മനോഹരമായ ഒരു കാര്യം അതിന്റെ എല്ലാ അർഥത്തിലും ആസ്വദിക്കേണ്ടതിന്, അറിയേണ്ടതിന് അന്വേഷിച്ചു പോകേണ്ടത് കുപ്പയിലും ഓടയിലുമല്ല. അതെ, ഇതൊരു ട്രഷർഹണ്ടാണ്. കണ്ടെത്തിയാൽ ആ നിധി നിങ്ങളെ വലിയ സ്വാതന്ത്ര്യത്തിലേക്ക് നയിക്കും. ആരോട്, എവിടെ അന്വേഷിക്കണം എന്നതിന്റെ ചില സൂചനകൾ ഇതാ:

- മാതാപിതാക്കളോട് സംസാരിക്കുക. അവർ വിസമ്മതിച്ചാൽ നിങ്ങളെ മനസ്സിലാക്കുന്ന വിവേകമുള്ള മുതിർന്നവരെ സമീപിക്കുക
- ലൈംഗിക വിദ്യാഭ്യാസം തരുന്ന ജ്ഞാനമുള്ള അധ്യാപകർ, മതാധ്യാപകർ, വൈദികർ തുടങ്ങിയവർ
- ബൈബിൾ എന്താണ് പറയുന്നത് എന്ന് വായിച്ചറിയാം
- കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലും യൂക്യാറ്റിലും നമ്മുടെ ശരീരത്തെക്കുറിച്ചും വിവാഹമെന്ന കൂദാശയെക്കുറിച്ചും വികാരങ്ങളുടെ ധാർമികതയെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്
- Theology of her body, Theology of his body by Jason Evert Online-ൽ available ആണ്
- മുകളിൽ പറഞ്ഞ ബുക്കിന്റെ ഒരു Nutshell എന്ന രീതിയിൽ Christaline Evert-ന്റെ Pure Womenhood, Jason Evert-ന്റെ Pure manhood-ഉം പ്രയോജനപ്പെടുത്താവുന്നതാണ്.
- ശാലോം ടിവിയിൽ എല്ലാ ചൊവ്വാഴ്ചകളിലും രാത്രി 8 മണിക്ക് Theology of the Body (Teachings of John Paul II) ഡോ. ബാബു ജോൺ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ജോൺ പോൾ മാർപാപ്പ ശരീരത്തിന്റെ ദൈവശാസ്ത്രത്തിൽ നമ്മുടെ ശരീരത്തെക്കുറിച്ചും ലൈംഗികതയുടെ മനോഹാരിതയെക്കുറിച്ചുമൊക്കെ വ്യക്തമായ ബോധ്യങ്ങൾ നൽകുന്നുണ്ട്. മാർപാപ്പ ആയതിനു ശേഷം അദ്ദേഹം നടത്തിയ 129 ബുധനാഴ്ച പ്രസംഗങ്ങളുടെ സംഗ്രഹമാണ് Theology of the body. ഇത് ലളിതമായും നമുക്കു മുന്നിൽ അവതരിപ്പിക്കുന്ന പ്രോഗ്രാമിനെക്കുറിച്ചാണ് മുകളിൽ പറഞ്ഞത്. ജീവനുള്ള ജീവിതം, ജീവനേകും ജീവിതം ആശംസിക്കുന്നു.

എയ്ഞ്ചൽ ബേബി



ര≠ാം വർഷ ഡിഗ്രി വിദ്യാർഥിനി
ദേവമാതാ കോളേജ്, കുറവിലങ്ങാട്

യൂത്ത് ക്ലാസ്സ്

# ചില തോന്നലുകൾ അങ്ങനെയാണ്

**നന്മയുള്ള തോന്നലുകളൊക്കെ ദൈവത്തിന്റെ പദ്ധതികൾ തന്നെയെന്ന് തിരിച്ചറിയുന്നത് ബോധ്യങ്ങളിലേക്കും പിന്നെ ആഴങ്ങളിളേലക്കും നമ്മെനയിക്കും.**

ചിലപ്പോഴൊക്കെ എന്തിനെന്നോ എവിടേയ്ക്കെന്നോ പറയാതെ അവൻ നമ്മെ നടത്തിക്കും. ആരെക്കാളും വിശ്വസിക്കാവുന്ന ആ 33 വയസ്സുകാരൻ. അതുകൊണ്ട് മറുത്തൊന്നും പറയാതെ കൂടെയങ്ങ് നടക്കും. പക്ഷേ, മടുത്തെന്ന് പറഞ്ഞ് പരിഭവിച്ച്, വെറുതെയാണല്ലോ നടത്തമെന്ന് പിറുപിറുത്ത് തിരിച്ച് നടക്കാൻ ഒരുങ്ങുമ്പോൾ തേജോമയനായ ആ യുവാവിന്റെ മുഖത്ത്, എല്ലാം പൂർത്തിയാക്കി അതുകൊണ്ട് നീ തിരിച്ച് നടന്നോയെന്ന്, പറയാതെപറയുന്ന പുഞ്ചിരിയായിരിക്കും. അവൻ നടത്തുന്ന വഴികളിൽ നാം എന്തു ചെയ്താലും അവനത് നന്മയാക്കി മാറ്റും. അത്തരത്തിലെ ഒരു അനുഭവമാണിത്. തെല്ലും അതിശയോക്തി കലർത്താതെ ഈ കുറിപ്പെഴുതുമ്പോൾ മടുപ്പ് ഉളവാകാതിരിക്കാൻ എന്റെ കൈപിടിച്ച് എഴുതിപ്പിക്കുന്നവൻ കനിയട്ടെ.

ഒരു ഇംഗ്ലീഷ് ട്രിപ്പിൾ മെയിൻ വിദ്യാർഥിനിയാണ് ഞാൻ. സെക്കന്റ് സെമസ്റ്റർ എക്സാമിന്റെ സമയമാണ് ഇതിൽ പരാമർശിക്കപ്പെടുന്ന അനുഭവത്തിന്റെ സാഹചര്യം. ഡിഗ്രി വിദ്യാർഥികളെ എപ്പോഴും കുഴയ്ക്കുന്ന Common course ആയ Issues that matter ആണ് ആദ്യ വിഷയം. സ്റ്റഡിലീവ്, വെക്കേഷൻ പോലെ നീണ്ടതായതുകൊണ്ട് പഠനമൊന്നും നടക്കാത്ത സമയം. എല്ലാം 'തിരക്കുകളും' മാറ്റിവച്ച് എക്സാമിന് രണ്ടുദിവസം മുന്നേ പഠിക്കാൻ ഇരുന്ന നേരത്ത് ചുമ്മാ ഒരു തോന്നൽ. ഈ പാഠഭാഗങ്ങളെല്ലാം കഥകളല്ലേ. അതങ്ങ് മലയാളത്തിലാക്കി വോയ്സ് റെക്കോർഡ് ചെയ്താലോ? നേരമില്ലാത്ത നേരത്തെ തോന്നലെന്ന് കരുതി ഉപേക്ഷിക്കാൻ ഒരുങ്ങി. പക്ഷേ, കൂടെ പഠിക്കുന്ന ഒരു സുഹൃത്ത്, ഒന്ന് മലയാളത്തിലാക്കി പറഞ്ഞുതരാമോ എന്നു ചോദിച്ചു. ഇതിപ്പോൾ രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല് എന്ന അവസ്ഥയായി. ചെയ്യണമെന്ന് വിചാരിച്ച കാര്യം തന്നെ ചെയ്തു തരാമോയെന്ന് ചോദിച്ച് വേറൊരാൾ. രണ്ടും കല്പിച്ച് ചെയ്യാനുറച്ചു.

അഞ്ച് മൊഡ്യൂളുകളായി 15 പാഠങ്ങൾ. ക്ലാസ്സിൽവച്ച് കേട്ട ഒരു ഓർമയല്ലാതെ മൊത്തമായി അത് വായിച്ചിട്ടില്ലാത്ത അവസ്ഥ. സംസാരിക്കുന്ന രീതിയിൽ ഓരോ പാഠത്തിന്റെയും ഒരു ചുരുക്കം ഞാൻ വോയ്സായി അയച്ചു. പാഠത്തിന്റെ പേരുകൾ എങ്കിലും കേട്ട് പരിചയമാകട്ടെയെന്ന് കരുതിയാണ് അയച്ചത്. പക്ഷേ, ബുക്ക് മുഴുവൻ, എല്ലാ പാഠവും നന്നായി മനസ്സിലായി. നന്ദിയെന്ന് പറഞ്ഞ് സുഹൃത്ത് ഓഫ്ലൈൻ ആയി. ഏഹ്.. ഇതെന്താ ഇങ്ങനെ? ചുമ്മാ കളിയാക്കിയതായിരിക്കും, എന്നൊക്കെ ഓർത്ത് ഞാൻ പഠിക്കാനിരുന്നു. ആ വോയ്സ്, മനസ്സിലാക്കുവാൻ പറ്റുന്നതാണോയെന്ന് ഉറപ്പിക്കുവാനായി, തിരിച്ച് ചോദ്യങ്ങളോ സംശയങ്ങളോ ഒന്നും ആരാഞ്ഞ് സമയം കളയില്ലെന്ന് ഉറപ്പുള്ള രണ്ടു പേർക്കുകൂടെ അയച്ചു. മറുപടിയെല്ലാം അമിത സന്തോഷത്തിലുള്ള നന്ദി മാത്രം. എന്താ നടക്കുന്നതെന്നറിയാതെ ഇരുന്ന് പഠിക്കാൻ ഉറച്ച് ബുക്ക് എടുത്തു. രാത്രിയായപ്പോൾ ഫോണിന്റെ നിലയ്ക്കാത്ത നിലവിളിശബ്ദം. ക്ലാസ്സിൽ ഉള്ളവരും കോളേജിലെ വേറെ ഡിപ്പാർട്ട്മെന്റുകാരും. നേരത്തെ സ്കൂളിൽ ഒരുമിച്ച് പഠിച്ച് ഇപ്പോൾ വേറെ കോളേജിൽ പഠിക്കുന്നവരും. എല്ലാവരുടെയും ചോദ്യം ഒന്ന്. Issues that matter അതിന്റെ explanation voice നീ ചെയ്താണോ? ഇത്ര നന്നായിട്ട് നീ പഠിപ്പിക്കുമോ? എല്ലാവിഷയവും ഇങ്ങനെ പറഞ്ഞുതരാമോ അങ്ങനെയങ്ങനെ.

കഷ്ടപ്പാടിന്റെ ഒരു അംശം പോലും ആ വോയ്സിന് വേണ്ടി ഞാൻ നൽകാത്തതുകൊണ്ട് അഭിമാനിക്കാനും വകയില്ല. നന്ദി പറഞ്ഞുള്ള മെസ്സേജുകൾകൊണ്ട് നിറഞ്ഞ ദിനങ്ങൾ. എക്സാമിന്റെ അന്ന് കോളേജിൽ ചെന്നപ്പോഴും 'താര'പദവി. പകച്ചു നിന്ന യൗവനം. എക്സാം കഴിഞ്ഞിറങ്ങിയപ്പോൾ Issues-ന് ജയിച്ചാലത്, ആ കിട്ടിയ ഓഡിയോ കാരണമാണെന്ന് പറഞ്ഞ് നടന്ന് നീങ്ങുന്ന കുറേപേർ. അയച്ചത് ആരായാലും ശരിക്കും മാലാഖയാട്ടോ എന്നുള്ള status-കൾ. ചുറ്റും നടക്കുന്ന എല്ലാത്തിൽ നിന്നും ഒഴിഞ്ഞ് ഒറ്റയ്ക്ക് നടന്നപ്പോൾ ഒരു കാറ്റ് കൂടെ വന്നെത്തി. കോളേജിലെ ചാപ്പലിൽ കയറി. മാതാവിന്റെ കണ്ണിൽ നോക്കിയിരുന്നു. "അവൻ നിന്നോട് പറയുന്നത് നീ ചെയ്യുവിൻ" എന്ന് അമ്മ എന്നോടു പറയുന്നതുപോലെ ഒരു തോന്നൽ. പക്ഷേ, ഞാൻ പോലുമറിയാതെ നൂറല്ല, ആയിരക്കണക്കിന് കൂട്ടുകാർക്ക് അവൻ അറിവു നൽകി. എന്നെ ഒരു ഉപകരണമാക്കി. അനേകം പേർക്ക് എന്നിലൂടെ അവൻ നന്മ ചെയ്തു. എന്നെ ഒരു അരുവിയാക്കി. അവന്റെ വാക്കുകൾ ഒഴുകിയ അരുവി.

ചിലപ്പോഴൊക്കെ അങ്ങനെയാണ് നാം പോലും അറിയാതെ നാം നന്മയാകും. ഒരായിരം ചുണ്ടിലെ പുഞ്ചിരിയാകും. വേണ്ടത് ഒന്നുമാത്രം, നമ്മെ അവന്റ കൈകളിലേക്കു വിട്ടുകൊടുക്കുക. പിന്നെ നന്മയുള്ള തോന്നലുകളൊക്കെ ദൈവത്തിന്റെ പദ്ധതികൾ തന്നെയെന്ന ബോധ്യത്തിലായിരിക്കുക. നീയും ഞാനും അവന്റെ നന്മയാകട്ടെ. ഈ ലോകം കുറച്ചുകൂടെ സുന്ദരമാവട്ടെ ✦

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ

ആദരാഞ്ജലി

# നന്ദി ജോസഫ്

ഒന്നര വർഷം മുമ്പാണ്. കെയ്റോസ് മാസികയിൽ പ്രതിബദ്ധത എന്ന വിഷയത്തിൽ ഒരു കവർ സ്റ്റോറി തയ്യാറാക്കാം എന്ന് തീരുമാനിച്ചു. ലേഖനങ്ങളും, അനുഭവക്കുറിപ്പുകളും ഒരു അഭിമുഖവും ഉൾപ്പെടുന്നതാണ് കവർസ്റ്റോറി പാക്കേജ്. എഡിറ്റോറിയൽ ബോർഡ് മീറ്റിംഗിൽ പ്രതിബദ്ധതയ്ക്ക് ഉദാഹരണമായി എടുത്തുകാണിക്കാവുന്ന ആരെയാണ് അഭിമുഖം നടത്താനാവുക എന്നതിനെക്കുറിച്ച് ചർച്ചയായി. പല പേരുകൾക്കൊടുവിൽ, എറണാകുളത്തെ മുൻ കോ-ഓർഡിനേറ്ററും, പാരിഷ് മിനിസ്ട്രി കോ-ഓർഡിനേറ്ററും അങ്കമാലി സോണിന്റെ എൽഡറും ഒക്കെയായിരുന്ന ഇപ്പോൾ അങ്കമാലിയിൽ താമസിക്കുന്ന വി.പി ജോസഫിന്റെ പേര് സംശയലേശമന്യേ തീരുമാനമായി. വി.പി. എന്ന വി.ഐ.പി ജോസഫ് എന്ന തലക്കെട്ടിൽ എൽസീന ജോസഫ് തയ്യാറാക്കിയ അഭിമുഖം 2018 മേയ് മാസത്തിൽ പ്രസിദ്ധീകരിച്ചു. അനേകരെ പ്രചോദിപ്പിച്ച ഒരു അഭിമുഖം ആയിരുന്നു അത്.




*2015 ഒക്ടോബറിൽ ഗോവയിൽവച്ചു നടന്ന ജീസസ് യൂത്ത് നാഷണൽ ആനിമേറ്റേഴ്സ് ട്രെയിനിംഗിനിടെ ഷാജി ജോസഫ് അറക്കൽ പകർത്തിയ ജോസഫിന്റെ ചിത്രം.*

കഴിഞ്ഞ മാസം (2019 ജൂൺ 22-ാം തീയതി ശനിയാഴ്ച) ഒരു വൈകുന്നേരമാണ് ജോസഫ് ഒരപകടത്തിൽപ്പെട്ട് തൃശൂരിലുള്ള ആശുപത്രിയിൽ വെന്റിലേറ്ററിലാണെന്ന വാട്സാപ്പിൽ ഷെയർ ചെയ്യപ്പെട്ട വാർത്ത ശ്രദ്ധയിൽപ്പെട്ടത്. ഏതാനും മാസങ്ങൾക്ക് മുമ്പ് ഞാനുമൊരു അപകടത്തിൽ പെട്ടപ്പോൾ ആദ്യം പങ്കുവയ്ക്കപ്പെട്ടത് ഭീതിജനകമായ വാർത്തകളായിരുന്നു. ഇതും അതുപോലെയാകട്ടെ, ശുഭകരമായ വാർത്തകൾ പിന്നാലെ എത്തുമെന്ന് പ്രതീക്ഷിച്ചു. ഗുരുതരമായി ഒന്നും സംഭവിച്ചിട്ടില്ലാതിരിക്കണമേ എന്നായിരുന്നു പ്രാർഥന. പക്ഷേ, ഞായറാഴ്ച 12 മണിയോടുകൂടി ജോസഫിന്റെ മരണവാർത്ത എത്തി. ഭാര്യ സുനുവിനെയും മക്കളായ ഷോൺ, ഷോണിയ പിന്നെ നമ്മളെ എല്ലാവരെയും വിട്ട് വിശ്വസ്തനായ ജോസഫ് ദൈവസന്നിധിയിലേയ്ക്ക് പോയി. സൗമ്യനും ശാന്തനും മിതഭാഷിയും നീതിനിഷ്ഠനും, മടിയോ, പരാതിയോ, പരിഭവമോ ഇല്ലാതെ, മറ്റുള്ളവർക്ക് ഏറെ സഹായിയുമായിരുന്ന ജോസഫിനെ കൂടി സ്വർഗത്തിൽ ആവശ്യം ഉണ്ടായിരുന്നു എന്നു തോന്നുന്നു. വളരെ അടുത്തറിയാവുന്ന ഒരു സുഹൃത്ത് സ്വർഗത്തിൽ എത്തിയിരിക്കുന്നു എന്നൊരു തോന്നലാണ് എനിക്ക്. നന്ദി ജോസഫ്, ഒരു പ്രചോദനമായി, സ്നേഹമായി ഞങ്ങളുടെ കൂടെയുണ്ടായിരുന്നതിന്, ഒരു സംരക്ഷണമായി, കരുതലായി വരുന്ന നാളുകളിൽ ഞങ്ങളുടെ കൂടെ ഉണ്ടാകുന്നതിനും ✦

എൽസീന ജോസഫ്

*ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ എം.ഫിൽ വിദ്യാർഥിനിയായ ലേഖിക കെ.സി.വൈ.എം.-ന്റെ മുൻ സംസ്ഥാന സെക്രട്ടറിയും, ജീസസ് യൂത്ത് കേരളാ കൗൺസിൽ അംഗവും, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിലെ ജേർണലിസം അസി. പ്രൊഫസറുമായിരുന്നു.*
elseenajoseph0@gmail.com




കവർസ്റ്റോറി

# യുവജന അജപാലനം: ആത്മീയമായ അനുയാത്ര

## മാർ ജോസഫ് പാംപ്ലാനി

യൂത്ത് സിനഡും അതിലൂടെ പരിശുദ്ധ സിംഹാസനത്തിൽ നിന്നുലഭിച്ച 'ക്രിസ്തുസ് വിവിറ്റ്' എന്ന സിനഡ് ഡോക്യുമെന്റും ഇവിടെ മുഖ്യചർച്ചാ വിഷയമാകുന്നു. യുവജന ശുശ്രൂഷയിൽ ഏർപ്പെടുന്നവരും യുവജനങ്ങളും സഭയിൽ അവർക്കുള്ള സ്ഥാനവും മുന്നേറാനുള്ള നിർദേശങ്ങളും ഡോക്യുമെന്റിലൂടെ പാപ്പ പങ്കുവയ്ക്കുന്നു. സഭ യുവജനങ്ങളെ എപ്രകാരം അനുധാവനം ചെയ്യണം എന്നതായിരുന്നു റോമിൽ ചേർന്ന യുവജന സിനഡിന്റെ മുഖ്യപ്രമേയം.

ആത്മീയമായ അനുയാത്രയെ വിശദീകരിക്കുന്നതിന് ഒരു ബൈബിൾ ഭാഗത്തേക്കു ശ്രദ്ധ ക്ഷണിക്കട്ടെ; യോഹ 22: 2–9–ൽ ഉത്ഥിതന്റെ കല്ലറയിലേക്കുള്ള ഓട്ടത്തെക്കുറിച്ച് പറയുന്നുണ്ട്. ആദ്യ പാപ്പയായ പത്രോസ് യുവാവായ യോഹന്നാന്റെയൊപ്പം ഓടുകയാണ്. ഒന്നിച്ചാണ് ഓട്ടം തുടങ്ങിയതെങ്കിലും യുവാവ് പത്രോസിനെ പിന്നിലാക്കുകയും കല്ലറയിൽ ആദ്യം എത്തിച്ചേരുകയും ചെയ്തു. യോഹന്നാനെപ്പോലെ യുവജനങ്ങൾ അവരുടെ ആവേശവും തീക്ഷ്ണതയും കൊണ്ട് പലപ്പോഴും മുഖ്യധാരാ സഭയേക്കാൾ മുമ്പിലായിരിക്കും. അനുയാത്രയുടെ കാര്യത്തിൽ നാം എപ്പോഴും മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യം യുവജനങ്ങൾ എപ്പോഴും സഭാധികാരത്തെക്കാൾ ഏറെ മുമ്പിലായിരിക്കുമെന്നതാണ്. അതൊരു പാപമല്ല, പ്രശ്നവുമല്ല. അവരെ എപ്പോഴും നമ്മുടെ നിയന്ത്രണത്തിൽ നിറുത്താൻ ശ്രമിക്കുന്നതാണ് യഥാർഥ പാപം. അവർ നിശിതമായി വിമർശിക്കുന്നവരും തുറന്ന് ആക്രമിക്കുന്നവരുമായിരിക്കാം. പക്ഷേ, അതിനാധാരമായ യുവജനങ്ങളുടെ തീക്ഷ്ണമായ ആവേശവും സജീവതയും മനസ്സിലാക്കാനുള്ള വിശാലമായ ഹൃദയം യഥാർഥ അജപാലകനുണ്ടായിരിക്കണം.





യേശുവിനെ മൂന്നു പ്രാവശ്യം ലജ്ജാശൂന്യമായി നിഷേധിച്ചതിന്റെ നിന്ദ്യമായ ഭൂതകാലത്തെ തുടർന്നാണ് പത്രോസ് തന്റെ ഓട്ടത്തിൽ പിന്നിലായിപ്പോകുന്നത്. എങ്കിലും യുവാവായ യോഹന്നാന്റെ ആഹ്ലാദകരമായ ആവേശം പത്രോസിനെയും ഓടാൻ പ്രേരിപ്പിക്കുന്നു. ഭൂതകാലത്തിലെ കയ്പ്പുറ്റ അനുഭവങ്ങൾ പത്രോസിനെയെന്നപോലെ സഭയെയും അവളുടെ ദൗത്യത്തിൽ പിന്നോട്ടു വലിക്കുന്നെങ്കിൽ യുവജനങ്ങളുടെ തീക്ഷ്ണതയും ആവേശവും ശരിക്കും സൗഖ്യദായകവും സഭയുടെ ആധുനീകരണത്തിന് ഊർജം പകരുന്നതുമാണ്. വർത്തമാന കാലത്തിൽ ജീവിക്കുന്നതിന്റെ കല സഭ യുവജനങ്ങളിൽ നിന്നും പഠിക്കേണ്ടതുണ്ട്. മഹത്വത്തിന്റെ ഗതകാലസ്മരണയിലോ ഭൂതകാലത്തിന്റെ മുറിവുകളിലോ ജീവിക്കുക എന്നത് സഭയിലെ ഒരു സ്ഥിരം പ്രശ്നമാണ്. വർത്തമാന കാലത്തെ യാഥാർഥ്യബോധത്തോടെ അഭിമുഖീകരിക്കുന്നതിൽ നിന്ന് അതു നമ്മെ തടയുന്നു. ഭൂതകാല ദൗർബല്യങ്ങളെയും വ്യാജമഹിമകളെയും മറക്കാനും പത്രോസിനെപ്പോലെ തന്റെ ഗുരുവായ യേശുവിന്റെ പക്കലേക്കു വീണ്ടുമോടാനും യുവാക്കൾ സഭയെ നിരന്തരം വെല്ലുവിളിച്ചുകൊണ്ടിരിക്കുകയാണ്.

പത്രോസിന്റെയും യോഹന്നാന്റെയും ഈസ്റ്റർ കഥയിൽ കാഴ്ചയുടെ രണ്ടു ഘട്ടങ്ങളുണ്ട്. ആദ്യഘട്ടത്തിൽ യുവശിഷ്യൻ വിശുദ്ധ കല്ലറയുടെ യാഥാർഥ്യം, സഭയുടെ പ്രതീകം, പുറമെനിന്ന്, ഒരകലത്തിൽ നിന്നു കാണുന്നു. ഈ കാഴ്ച ഭാഗികവും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതുമാണ്. ഈ ആശയക്കുഴപ്പത്തിന്റെ സാഹചര്യത്തിൽ അയാൾക്കു പത്രോസിന്റെ, അതായത് സഭയുടെ സഹായം ആവശ്യകമായി വരുന്നു. പത്രോസ് വരുന്നതുവരെ കല്ലറയിൽ പ്രവേശിക്കാതെ അവൻ കാത്തുനിൽക്കുന്നുഎന്നത് ശ്രദ്ധേയമാണ്. മുതിർന്ന തലമുറകളെ ആദരിക്കുന്നതും ശ്രദ്ധിക്കുന്നതും നല്ലതും മാതൃകാപരവുമാണെന്ന

ശ്രദ്ധേയമായ പാഠമാണ്. ആ ശിഷ്യൻ നല്കുന്നത്. യുവജനങ്ങൾ തങ്ങളുടെ അഹങ്കാരബദ്ധമായ ചിന്താരീതിയിൽ നിന്നു പുറത്തുവരുകയും അനുഭവസമ്പന്നരായ മുതിർന്നവരെ കേൾക്കുകയും വേണം. ഈ പരസ്പര പൂരകത്വം യുവജനങ്ങളുടെ അജപാലന അനുയാത്രയിൽ നിർണായകമാണ്.

കാഴ്ചയുടെ രണ്ടാമത്തെ ഘട്ടമാണ് അനുധാവനത്തിന്റെ യഥാർഥഘട്ടം. കാഴ്ചയുടെ ഒരുമയാണ് ഇവിടെ ശ്രദ്ധേയമായിട്ടുള്ളത്. സഭയോടൊപ്പം (പത്രോസിനോടൊപ്പം) യുവജനം കാണുന്നതിന്റെ ഒരുമയാണിവിടെ പ്രധാന പ്രമേയം. ഈ ഒരുമ യുവശിഷ്യന്റെയും പത്രോസിന്റെയും ധാരണകളിൽ ഒരു വീക്ഷണവ്യതിയാനം സൃഷ്ടിക്കുന്നു. അവർ സാവകാശം യഥാർഥ വിശ്വാസത്തിലേക്കു നീങ്ങുന്നു. കൂട്ടായ കാഴ്ചയുടെ വെളിച്ചത്തിൽ ക്രിസ്തുസംഭവത്തെ പുനർവായിക്കുന്നതിന്റെ ഈ ഒരുമയാണ് യഥാർഥമായ അജപാലന അനുധാവനം. യുവജനങ്ങൾക്കു പുതിയ ചക്രവാളങ്ങളും മേച്ചിൽ പുറങ്ങളും തുറന്നുകൊടുക്കുന്നതിനുള്ള വ്യാഖ്യാനാത്മക താക്കോൽ ആയിരിക്കണമിത്.

ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച "ക്രിസ്തു ജീവിക്കുന്നു" (Christus Vivit) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ യുവജനങ്ങളെ അനുയാത്ര ചെയ്യാനുള്ള അഞ്ച് അജപാലന വഴികൾ നിർദേശിക്കുന്നുണ്ട്.

**1. വിശുദ്ധ ഗ്രന്ഥത്തിലും സഭാചരിത്രത്തിലും വിശ്വാസത്തിന്റെ ധീരസാക്ഷികളായി ജീവിച്ചിരുന്നവരുടെ മാതൃകയിൽ നിന്ന് പ്രചോദനം സ്വീകരിക്കണം.**

**2. യുവജനങ്ങളെ ലക്ഷ്യം തെറ്റിക്കുന്ന തിന്മകളായ മദ്യം, മയക്കുമരുന്ന്, ലൈംഗിക വൈകൃതങ്ങൾ എന്നിവയുടെ അപകടം തിരിച്ചറിയണം.**

**3. ഏത വിഷമസന്ധിയിലും യുവജനങ്ങളെ ദൈവം സ്നേഹിക്കുകയും ക്രിസ്തു രക്ഷിക്കുകയും പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഏതു പാപാവസ്ഥയും ദൈവസ്നേഹത്തിൽ നിന്ന് അകലെയല്ല.**

**4. യുവജനങ്ങളുടെ വേരുകൾ അവരുടെ മാതാപിതാക്കളും ഗുരുജനങ്ങളും ആത്മീയ പിതാക്കന്മാരുമാണ്. അവരെ അപ്രസക്തരാക്കാൻ ശ്രമിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ യുവജനങ്ങളെ വേരുകളില്ലാത്തവരാക്കുകയാണ്. ഇതെക്കുറിച്ച് യൗവനത്തിനു കരുതൽ വേണം.**


**5. ഏതൊരു പ്രതിസന്ധിയിലും യുവജനങ്ങളെ മനസ്സിലാക്കാനും ഒപ്പം നിൽക്കാനും തിരുസഭയാകുന്ന അമ്മയ്ക്കു കഴിയണം.**

യുവജന ശുശ്രൂഷയിൽ ഏർപ്പെടുന്നവർ അവരുടെ അനുധാവനം വഴി യുവത്വത്തിലുണ്ടാകേണ്ട നല്ല മാറ്റങ്ങൾക്ക് ഇത്തരം മേഖലകളിലുള്ള കരുതലും വഴി നടത്തലും അനിവാര്യമാണെന്ന് മറക്കരുത് യുവജനങ്ങളും തങ്ങളുടെ ജീവിതയാത്രയിൽ കാലിടറാതെ ശരിയായ വഴിയിൽ സഞ്ചരിക്കുവാൻ പാപ്പ നിർദേശിക്കുന്ന ഈ കുറുക്കുവഴികൾ ഹൃദയഫലകത്തിൽ സൂക്ഷിക്കട്ടെ ✦



# സഭയുടെ യൗവനത്തെക്കുറിച്ച് ഒരു ചിന്ത

**ക്രിസ്തുസ് വിവിറ്റ് എന്ന യൂത്ത് ഡോക്യുമെന്റും അതിനെ ആസ്പദമാക്കി റോമിൽ നടന്ന പോസ്റ്റ് സിനഡിന്റെ വിശേഷങ്ങൾ കെയ്റോസ് വായനക്കാരുമായി പങ്കുവയ്ക്കുന്നു.**



*ജീസസ് യൂത്ത് മുന്നേറ്റത്തെ പ്രതിനിധീകരിച്ച് നാഷ്ണൽ ടീം മെമ്പറും പൂനെ സ്വദേശിയുമായ മെൽജിൻ ജോസഫ് പോസ്റ്റ് സിനഡിൽ സംബന്ധിച്ചപ്പോൾ പാപ്പയ്ക്ക് ഉപഹാരം നൽകുന്നു.*

ഓഫീസിലെ ഹെക്റ്റിക് ജോലി. കൂടാതെ അവിടത്തെ മറ്റു തലവേദനകൾ. ശരിക്കും മടുപ്പിക്കുന്ന ജോലിജീവിതം. എല്ലാത്തിൽ നിന്നും ഉൾവലിയാനും ബാഹ്യമായ ജീവിത ചുറ്റുപാടുകൾ ഒന്നു നേരെയാക്കി സ്വസ്ഥമാകാനും ഉള്ള ആഗ്രഹം കുറച്ചുനാളായി എന്നെ വല്ലാതെ അലട്ടുന്നുണ്ട്. നാലുപാടും നിന്നും സമ്മർദ്ദം മുറുകുമ്പോൾ ശാന്തമായി പ്രാർത്ഥിക്കാനുള്ള അവസരവും കൈമോശം വരുന്നതായി എനിക്ക് തോന്നുന്നുണ്ടായിരുന്നു. എങ്കിലും ഈശോയോടുള്ള വ്യക്തി ബന്ധത്തിൽ നിലനിൽക്കാൻ പരിശുദ്ധ അമ്മയെ മുറുകെ പിടിച്ചു. അമ്മയെപ്പോലെ "അവിടത്തെ ഹിതം എന്നിൽ നിറവേറട്ടെ"എന്നുള്ള സമർപ്പണബോധം ഞാനും കൈവിട്ടിരുന്നില്ല. ഈശോ അറിയാതെയോ അനുവദിക്കാതെയോ അല്ല എന്റെ ജീവിതത്തിൽ ഒന്നും ഭവിക്കുന്നതെന്ന് ഓരോ നിമിഷവും ഉറച്ചുവിശ്വസിച്ചു. വീട്ടിൽ അമ്മ എനിക്കുവേണ്ടി പ്രാർഥിച്ചിരുന്നത് ഈ വചനം വിശ്വാസത്തോടെ ഏറ്റുപറഞ്ഞാണ്: "ജനതകളുടെ ഇടയിലേക്കു നോക്കി വിസ്മയഭരിതരാകുവിൻ. പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു" (ഹബക്കുക്ക്: 1-5). തിരുവചനം പറയുമ്പോലെ എനിക്കുതന്നെയും എന്നെ കാണുന്നവർക്കും അത്ഭുതം തോന്നുന്ന ദൈവിക ഇടപെടൽ സംഭവിച്ചു. അത്ര നിസ്സാരവും എളുപ്പവുമല്ലാത്ത ആ അനുഭവം നിങ്ങളുമായി ഞാൻ പങ്കുവയ്ക്കാം.

മേയ് 7-ന് ഷോയ് ചേട്ടന്റെ (ഷോയ് തോമസ്, ഇൻർ നാഷണൽ കോ-ഓർഡിനേറ്റർ) ഫോൺ വരുന്നതു നേരത്തെ നടന്ന യൂത്ത് സിനഡിന്റെ പോസ്റ്റ് സിനഡ് നടക്കാൻ പോകുന്നു. മെൽജിൻ നമ്മുടെ മൂവ്മെന്റിനെ പ്രതിനിധീകരിച്ച് പങ്കെടുക്കണമെന്ന് ചേട്ടൻ പറഞ്ഞു. മുമ്പ് നടന്ന സിനഡിനെക്കുറിച്ച് വേണ്ടത്ര ധാരണ ഇല്ലാത്തതുകൊണ്ടും ഡോക്യുമെന്റ് വായിച്ചിട്ടില്ല എന്ന ചിന്തയും വന്നു. പിന്നെ അവിടെ ഒന്നും പോയിരിക്കാൻ ഉള്ള യോഗ്യത ഇല്ല എന്നൊക്കെയുള്ള കുറേ കാരണങ്ങൾ ഞാൻ ചേട്ടനോട് പറഞ്ഞെങ്കിലും നിന്നെപ്പോലെ വെറും സാധാരണക്കാരെ ആണ് അവർ അവിടെ പ്രതീക്ഷിക്കുന്നത് എന്ന് മറുപടിയിൽ എന്നെ ചേട്ടൻ പോകാൻ സമ്മതിപ്പിച്ചു. ഇത്രയും വലിയൊരു കോൺഫ്രൻസിലേക്ക് എന്തുകൊണ്ട് ദൈവമേ ഞാൻ എന്ന ചോദ്യം കുറേ എന്നെ അലട്ടിയിരുന്നു. പിന്നെ രണ്ടുംകല്പിച്ചു പോകാനുള്ള കാര്യങ്ങൾ നോക്കി. വിസയ്ക്ക് അപേക്ഷിച്ച അന്നു മുതൽ ജോലിസ്ഥലം കൂടുതൽ കടുപ്പമേറിയതായി. രാത്രിയും പകലും ഉറക്കമില്ലാതെ ജോലി. ഇതിനിടയിൽ യാത്രയ്ക്കുള്ള ബാക്കി കാര്യങ്ങൾ എല്ലാം ഒരുക്കി. ജൂൺ 16-ന് ജീവിതത്തിലെ ആദ്യ വിദേശയാത്രക്ക് വിമാനം കയറി. കൂട്ടുകാരും മറ്റുമൊക്കെ ജോലിക്കുവേണ്ടി വിദേശത്ത് പോകുമ്പോൾ ഞാൻ ജീസസ് യൂത്ത് മുന്നേറ്റത്തെ പ്രതിനിധീകരിച്ചു റോമിലേയ്ക്കു യാത്രയായി. ശരിക്കും ത്രിൽ അടിച്ച സമയം.

വിവിധ ലോക രാജ്യങ്ങളിൽ നിന്നുള്ള 250-ലധികം ആളുകൾ. കർദിനാൾമാർ, ബിഷപ്പുമാർ വൈദികർ, സമർപ്പിതർ, സഭയിലെ വിവിധ മുന്നേറ്റങ്ങളുടെ പ്രതിനിധികൾ എന്നിങ്ങനെയാണ് പങ്കെടുത്തവരുടെ നിര. എവിടെ ചെന്നാലും ഏതു മീറ്റിംഗിലും പ്രോഗ്രാമിലും വിശിഷ്ടാധികളുടെ ഗണത്തിൽ ആണ് നമ്മൾ ഉന്നത സ്ഥാനീയരെ കാണുന്നത്. പരിപാടി തുടങ്ങുമ്പോൾ കയ്യടിയുടെ അകമ്പടിയിൽ വേദിയിൽ വരുന്നവർ, അവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കുന്ന ഭക്ഷണ മേശ, സ്വീകരണ മുറി ഒക്കെ.. ഇങ്ങനെയൊക്കെയാണ് നാളിതുവരെയുള്ള എന്റെ അനുഭവത്തിൽ സഭാനേതൃത്വത്തെയും സമൂഹത്തിലെ അധികാരികളെയും കണ്ടിരി

ക്കുന്നത്. എന്നാൽ, പോസ്റ്റ് സിനഡിന്റെ യഥാർഥ ഭംഗി അതിന്റെ സജ്ജീകരങ്ങളിലെ കുലീനത ആയിരുന്നു. പങ്കെടുക്കുന്നവർ എല്ലാവരും ഒന്നാണെന്ന ചിന്തയ്ക്ക് അടിവരയിടുന്ന രീതി. ഭക്ഷണ മേശയിലും മീറ്റിംഗ് ഹാളിലും എല്ലാവരും എല്ലായ്പ്പോഴും ഒന്നിച്ചും ഒരേപോലെയും പരിഗണിക്കപ്പെടുന്നു. അനുധാനമെന്ന പദത്തിന്റെ അർഥപൂർണമായ ഇടം. ആരും ആരെയും നയിക്കുന്നില്ല പിന്തുടരുന്നുമില്ല. ഒന്നിച്ചു കരംപിടിച്ചു മുന്നേറുന്ന അവസ്ഥ. യുവജനവും സഭ നേതൃത്വവും.

അതുപോലെ യുവജനങ്ങൾ സമകാലീനരും സമപ്രായക്കാരുമായ യുവജനങ്ങളോടൊപ്പം. പ്രധാനമായും ഈ രണ്ടു കാര്യങ്ങളായിരുന്നു സിനഡിന്റെ മുഖ്യ ലക്ഷ്യം. ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു പറഞ്ഞുവച്ച ചിന്ത: "യുവജനങ്ങളാണ് ഇന്നത്തെ സഭ" (Youth are the now of the church) മറിച്ചു നാളത്തെ അല്ല. അതുകൊണ്ടുതന്നെ ഇന്നത്തെ സഭയുടെ നിലനിൽപ്പും ആരോഗ്യവും സൗന്ദര്യവും പ്രസരിപ്പും ഒക്കെ യുവജനങ്ങളുടെ കൈയിലാണ്. ഈ കൈകൾ വിശുദ്ധവും പരിപാവനവുമായിരിക്കാൻ നമ്മൾ ഒറ്റക്കെട്ടായി പരിശ്രമിക്കണം. അവരെ കേൾക്കണം പ്രശ്നങ്ങളുടെ ആഴവും പരപ്പും അറിയണം സങ്കീർണമായ സാഹചര്യങ്ങളിൽ കൂടി കടന്നു പോകുന്നവരെ ചേർത്തു നിറുത്തി കൈപിടിച്ചു കരകയറ്റാൻ സഭാനേതൃത്വത്തിനു കഴിയണം. ഈ ചിന്തകളായിരുന്ന സിനഡിൽ മൊത്തത്തിൽ നിഴലിച്ചിരുന്നത്. ഓരോ ചർച്ചാ വേളകളിലും അംഗങ്ങൾ ചോദിച്ചതും പങ്കുവച്ചതും ഇത്തരം കാര്യങ്ങൾ തന്നെ ആയിരുന്നു. ഡോക്യുമെന്റിലൂടെയും സിനഡിലൂടെയും പരിശുദ്ധ സിംഹാസനം പറഞ്ഞുതരുന്നത് യുവജനങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ ഉൾക്കൊള്ളാനും സ്നേഹിക്കാനും കഴിയണം എന്നുതന്നെയാണ്. കാരണം ഒരു വ്യക്തിയുടെ യൗവന കാലഘട്ടമാണ് ഏറ്റവും ഫലദായകമായ സമയം. പ്രവാചകന്മാരുടെ കാര്യത്തിൽ ആയാലും അപ്പസ്തോലന്മാരും ഈശോതന്നെയും ഏറ്റവുമധികം കാര്യങ്ങൾ ചെയ്തതും സധൈര്യം നിലകൊണ്ടതും ഈ യൗവനത്തിലാണ്. 15-നും 35-നും പ്രായത്തിനിടയിൽ അത്ഭുതാവഹമായ പ്രവർത്തനങ്ങൾ ഇവരിലൂടെ ലോകത്തിനു ലഭിച്ചു. ഇതിൽ ദൈവപുത്രനെ മാറ്റി നിറുത്തി നോക്കിയാൽ ബാക്കിയെല്ലാവർക്കും അത്ര സുന്ദരമല്ലാത്ത ഒരു പശ്ചാത്തലവുമുണ്ട്. പാപത്തിന്റെയും വീണുപോയതിന്റെയും പശ്ചാത്തലം. ദൈവസന്നിധി ലക്ഷ്യംവച്ചു നീങ്ങുന്നതിനിടയിൽ പ്രലോഭനത്തിൽപ്പെട്ട് കാലിടറി പോയവരുംഉണ്ട്. എന്നാൽ, തിരികെ വന്നപ്പോൾ ദൈവസന്നിധിയിൽ സ്വീകാര്യരും ബഹുമാനിതരും ആകുവാൻ ഈ പറയുന്നവർക്കൊക്കെ കഴിഞ്ഞിട്ടുണ്ട്. അതാണ് ദൈവത്തിന്റെ ചേർത്തുനിറുത്തൽ എന്നു പറയുന്നത്. ഈ ചേർത്തുനിറുത്തലും അനുധാവനം ചെയ്യലും ഇന്നത്തെ യുവജനങ്ങളോട് കാണിക്കുവാൻ സഭയ്ക്ക് കഴിയുന്നുണ്ടോ എന്നുള്ള പുനർ വിചിന്തനത്തിനുള്ള സമയമായിരുന്നു ഈ സിനഡ്. ലോകത്തിലുള്ള യുവാക്കളൊക്കെയും വിവിധങ്ങളായ ജീവിതാവസ്ഥയിലൂടെ കടന്നു പോകുന്നു. സമ്മർദ്ദം മുറുകുമ്പോൾ തെറ്റിൽ അകപ്പെടുന്നവരും ഏതു ഘട്ടത്തിലും ദൈവഹിതത്തോട് ചേർന്നു നിൽക്കാൻ തക്ക വിശ്വാസത്തിൽ വേരോട്ടം ഉള്ളവരുമൊക്കെ ഇക്കൂട്ടത്തിലുണ്ട്. എന്നാൽ, കൂടെ നടക്കാനും ചേർത്തുനിറുത്താനും നമ്മൾ ആഗ്രഹിക്കുന്നതു രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവരെ മാത്രമെങ്കിൽ അത് മാറ്റേണ്ട ശൈലിയാണെന്നു പാപ്പ സിനഡിൽ ആവർത്തിച്ചു. ഒരിക്കലെങ്കിലും വഴി തെറ്റാത്താവരായി ആരുമില്ല. അതുകൊണ്ടുതന്നെ തെറ്റുപറ്റിയതിന്റെ പേരിൽ അകറ്റി നിർത്തപ്പെടേണ്ടവരായും ആരുമില്ലെന്ന ബോധ്യം യുവജന ശുശ്രൂഷക്കിറങ്ങുമ്പോൾ മനസ്സിൽ കരുതിയിരിക്കണം.

സിനഡിൽ ഉയർന്ന മറ്റൊരു ചോദ്യം ഇതായിരുന്നു, ഉത്ഥിതനായ യേശുവിനെ അനുഭവിച്ചിട്ടുണ്ടോ നിങ്ങൾ? ഉയിർത്തെഴുന്നേറ്റ ഈശോ കണ്ടതും കാണാൻ ആഗ്രഹിച്ചതും പാർശ്വവത്കരിക്കപ്പെട്ടവരെയും തള്ളിപ്പറഞ്ഞവരെയും പാപികളെന്നു മുദ്രകുത്തപ്പെട്ടവരെയുമാണ്. പീഡാനുഭവ കാലത്തുനിന്ന് അതിന്റെ സ്മരണയിൽ ഉത്ഥാനത്തിന്റെ ചൈതന്യത്തിലേക്കു നടന്നടുത്തവരാണു നമ്മൾ. സഭയിലൂടെ, സഭാധികാരികളിലൂടെ യുവാക്കളിലൂടെ ഒക്കെ ഈശോ ഇന്നും ജീവിക്കുന്നു. അവന്റെ രണ്ടാംവരവിൽ നമ്മൾ വിശ്വസിക്കുമ്പോഴും ഇതു നമ്മളിൽ മായാതെ നിൽക്കണം. ഒരു യുവാവ്/യുവതി എന്ന നിലയ്ക്ക് ആ ജീവിക്കുന്ന ക്രിസ്തു എന്റെ ജീവിതത്തിൽ കൂട്ടുകാരുടെ മുന്നിലും ജോലി സ്ഥലത്തും വീട്ടിലും എത്രത്തോളം പ്രതിഫലിപ്പിക്കപ്പെടുന്നുണ്ടെന്ന് ഒന്ന് ആത്മശോധന ചെയ്യണം. ഡോക്യുമെന്റിലെ ഓരോ ഭാഗവും പാപ്പയുടെ സാന്നിധ്യത്തിൽ വിവരിക്കപ്പെടുമ്പോൾ സഭ എത്രത്തോളം കരുതൽ അവളുടെ യൗവനത്തിനു നൽകുന്നു എന്നത് തിരിച്ചറിയുകയായിരുന്നു. ഒരു ചെറിയ പാടോ മുറിവോ ഉണ്ടാകാതെ സർവാരോഗ്യത്തോടെ, പ്രസരിപ്പോടെ ഉന്മേഷത്തോടെ അതിനെ പരിപാലിക്കുന്നതിനു താത്പര്യപ്പെടുന്ന അനുഭവം വാക്കുകൾകൊണ്ടു ഒതുങ്ങുന്നതല്ല.

എന്ന് പത്രോസിന്റെ പിൻഗാമിയും സഭയുടെ തലവനുമായ പോപ്പ് ഫ്രാൻസിസ് എന്ന അനുഗ്രഹീത സാന്നിധ്യത്തെ നേരിൽ കണ്ടതും എനിക്ക് വളരെ പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷം തന്നു. ഭാരതത്തിനു വേണ്ടി, ജീസസ് യൂത്ത് മുന്നേറ്റത്തിനു വേണ്ടി, പ്രാർഥിക്കണമേ എന്നു പാപ്പയോട് പറയുമ്പോഴും മുന്നേറ്റത്തിന്റെ കുഞ്ഞു സമ്മാനം നൽകുമ്പോഴും ശിരസിൽ കൈവച്ചു അനുഗ്രഹം സ്വീകരിക്കുമ്പോഴും തണുത്ത കൈകളിൽ തൊടുമ്പോഴും ഒക്കെ ഓരോന്നും മായാലോകത്തെന്നെ പോലെ ആസ്വദിച്ചു. മറ്റുള്ളവരുടെ കണ്ണുകൾ സന്തോഷത്തോടെ നിറയുമ്പോഴും കരയുമ്പോഴുമൊക്കെ ഞാൻ നിർവികാരയായിരുന്ന. യാത്രക്കിടയിൽ തീർഥാടന വഴികളിൽ ഈശോയുടെ മുൾക്കിരീടവും വഹിച്ച യഥാർഥ കുരിശും ചോരപ്പാടകളുമൊക്കെ കാണുമ്പോൾ എന്നോട്തന്നെ ഞാൻ ചോദിച്ചു എന്തുകൊണ്ട് ഈശോയെ ഞാൻ.. എന്തിനു നീ എന്നെ ഈ സമയം ഈ വിധം ഉപയോഗിക്കുന്നു.. കരയാതെ ഇരിക്കാൻ മത്രം കടുപ്പമേറിയതായി പോയോ എന്റെ മനസ്സ് എന്നൊക്കെ.. കുറെ നേരത്തെ ചോദ്യങ്ങൾക്കൊടുവിൽ ഈശോ പറയുന്നതായി എനിക്ക് തോന്നിയത് ഇങ്ങനെയാണ്. നീ കാണുന്നതും തിരിച്ചറിയുന്നതും എല്ലാം ഒരിക്കൽ കഴിഞ്ഞു പോയതിന്റെ അവശേഷിപ്പുകൾ മാത്രമാണ്. അത് എന്നേയ്ക്കുമായി കടന്നുപോയത് തന്നെയാണ്. ഇന്ന് നിന്റെ അടുത്തേയ്ക്ക് ഞാൻ വന്നു നിൽക്കുന്നു. അപ്പോൾ പിന്നെ കരയുവാൻ പാടില്ലല്ലോ ആ സാന്നിധ്യത്തെ അനുഭവിക്കുയല്ലേ വേണ്ടത്."

അതേ, അറിയാനും കേൾക്കാനും ആസ്വദിക്കാനും ആഗ്രഹിച്ചതൊക്കെ മനം നിറയെ അനുഭവിച്ചു. ആ ഓർമകളുടെ സൗരഭ്യം ഊർജമാക്കി നന്ദിയോടെയാണ് തിരികെ ഞാൻ നാട്ടിൽ എത്തുന്നത്.

*ലേഖനം തയ്യാറാക്കിയത്:* ***എൽസീന ജോസഫ്***

രശ്മി ജോയി പുറക്കാടൻ



*എറണാകുളം സ്വദേശിനിയായ ലേഖിക സെന്റ് തെരേസാസ് കോളേജിലും മഞ്ഞുമ്മൽ ഗാർഡിയൻ എയ്ഞ്ചൽസ് പബ്ലിക്ക് സ്കൂളിലും സ്റ്റുഡന്റ്സ് കൗൺസിലർ ആയി ജോലി ചെയ്യുന്നു.*
*resmijpurakkadan@gmail.com*

ഓർമ

# kz]v\wI@v{]mAÌYn-¡pl

# സ്വപ്നം കണ്ട് പ്രാർഥിക്കാനും ഓർമകൾക്കു നന്ദിപറയാനും...

**അവിടെയുണ്ടായിരുന്ന ഓരോരുത്തരുടെയും പെരുമാറ്റത്തിലും സംസാരത്തിലും നിന്ന് അവർ അനുഭവിക്കുന്ന ക്രിസ്തു സാന്നിധ്യവും സന്തോഷവും ഞാൻ തിരിച്ചറിഞ്ഞു**




1990-ൽ പാരിഷ്ഫെസ്റ്റ് അങ്കമാലിയിൽ വച്ചു നടന്ന സമയം. ഞങ്ങളുടെ വീട്ടിലും 3 ബാഗുകൾ അപ്പച്ചൻ ഒരുക്കി, എനിക്കും അനിയനും അനിയത്തിക്കും വേണ്ടി. കരിസ്മാറ്റിക് ജീവിതശൈലി പിന്തുടർന്നിരുന്ന അപ്പച്ചന്റെ ദയനീയമായ അപേക്ഷ നിരസിക്കാൻ കഴിയാതിരുന്നതിനാൽ പ്രോഗ്രാമിനു പോകാൻ ഞങ്ങൾ നിയോഗിക്കപ്പെട്ടു. അങ്ങനെ, പോകാൻതന്നെ തീരുമാനം ആയതുകൊണ്ട് കൂട്ടുകാരെയും കൂട്ടി ഞങ്ങൾ 40 പേരടങ്ങുന്ന ഗ്യാങ്ങാണ് ഇടവകയിൽ നിന്നു പോയത്. അവിടെ ചെന്നപ്പോൾ ഞങ്ങളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചു. ആദ്യം കുറച്ച് ബുദ്ധിമുട്ട് തോന്നിയെങ്കിലും പിന്നീട് ആ പ്രോഗ്രാം എന്നെ ഒത്തിരി ആഴത്തിൽ സ്പർശിച്ചു. അവിടെയുണ്ടായിരുന്ന ഓരോരുത്തരുടെയും പെരുമാറ്റത്തിലും സംസാരത്തിലും നിന്ന് അവർ അനുഭവിക്കുന്ന ക്രിസ്തു സാന്നിധ്യവും സന്തോഷവും ഞാൻ തിരിച്ചറിഞ്ഞു. അതായിരുന്ന എന്റെ ജീവിതത്തിലെ ആദ്യത്തെ ജീസസ് യൂത്ത് പ്രോഗ്രാം. പിന്നീട് തിരിച്ചെത്തി ഇടവകയിലെ പ്രാർഥനാ കൂട്ടായ്മയിൽ സജീവമായി നിലകൊണ്ടു. ഒരിക്കൽ ഒരു ട്രെയിനിംഗ് പ്രോഗ്രാമിനിടയ്ക്ക് നിങ്ങൾ സ്വപ്നം കണ്ട് പ്രാർഥിക്കാൻ ആവശ്യപ്പെട്ടു. ബെന്നിതോമസ് എന്ന ഞാൻ കണ്ട സ്വപ്നം, കവലകളിലും തെരുവോരത്തുമെല്ലാം ഞാൻ സുവിശേഷം പ്രസംഗിക്കുന്നതാണ്". ആസ്വപ്നം താമസിയാതെ യാഥാർഥ്യമായി. യാതൊരു േയാഗ്യതയുമില്ലാത്ത ഞാൻ പിന്നീട് ഒത്തിരി സ്ഥലങ്ങളിൽ കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള ക്ലാസ്സുകൾ നയിച്ചു. ഒത്തിരി നാളുകൾ യൂത്ത് സർവീസ് ടീമിന്റെ ഭാഗമായി പ്രവർത്തിച്ചു. അങ്കമാലിയിലുള്ള എന്റെ കടയാണ് നിരവധി നാളുകൾ ഞങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഓഫീസ് ആയി പ്രവർത്തിച്ചിരുന്നത്. അന്നാളുകളിലെ മറ്റൊരു നല്ല ഓർമയാണ്, ക്രിസ്തുമസിന് കുട്ടികൾക്ക് പോസ്റ്റ്കാർഡിൽ ആശംസകൾ അയച്ചത്. ആദ്യമായി ഒരു കത്തു കിട്ടിയതു മൂലമുള്ള സന്തോഷം നിമിത്തം തിരികെ കത്തയച്ചവരും വന്നുകണ്ടവരും നിരവധി.

അങ്ങനെ ഈ കൂട്ടായ്മയിലൂടെ ലഭിച്ച അനുഗ്രഹങ്ങളും അനുഭവങ്ങളും ഓർമകളും ഇനിയും ഏറെയുണ്ട്. എന്റെ അയോഗ്യതകളൊക്കെ യോഗ്യതകളാക്കി ഇന്നും ഈ സ്നേഹക്കൂട്ടായ്മയുടെ ഭാഗമായി നിലകൊള്ളാൻ അനുവദിക്കുന്ന ഈശോയ്ക്കു ഒത്തിരി സ്തുതിയും ആരാധനയും മഹത്വവും ഏകിടുന്നു!

29 വർഷക്കാലമായി ജീസസ് യൂത്തിലെ സജീവ സാന്നിധ്യമായി പ്രവർത്തിക്കുന്ന ബെന്നി തോമസ് അങ്കമാലി സ്വദേശിയാണ്. ഇപ്പോൾ ജീസസ് യൂത്ത് ഫോർമേഷൻ ടീമിന്റെ ഭാഗമായും പ്രവർത്തിച്ചുവരുന്നു. പെർമനന്റ് കമ്മിറ്റ്മെന്റ് എടുത്ത ആദ്യത്തെ ജീസസ് യൂത്ത്കാരിൽ ഒരാളുമാണ് ബെന്നി തോമസ്✦

JESUS YOUTH MONTHLY REFLECTION



നീതി {]hÀ¯n-¡pI;

കരുണ ImWn-¡p-I;

\ns³d ദൈവ k¶n-[n-bnÂ

വിനീതനായി Ncn-¡pI

(മിക്കാ 6:8)

ജൂലൈ 2019

Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org

## വിചിന്തനം

"പുണ്യജീവിതം ലക്ഷ്യം വയ്ക്കുന്നത് ദൈവത്തെപ്പോലെ ആയിത്തീരുക" എന്നതാണെന്ന് നിസ്സായിലെ വി.ഗ്രിഗറി പറയുന്നു. ഓരോ പുണ്യത്തിലും അഭിവൃദ്ധിപ്പെടാൻ നാം ബോധ പൂർവമായും വിശ്വസ്തതയോടെയും പരിശ്രമിക്കുമ്പോൾ ദൈവം ഉറപ്പായും നമ്മുടെ സഹായിയാകും. പന്തക്കുസ്താ തിരുനാളിനോടും പുന:സമർപ്പണ ദിനത്തോടും അനുബന്ധിച്ച് പരിശുദ്ധാത്മാവിനെക്കുറിച്ച് വിചിന്തനം നടത്തിയതിനുശേഷം വീണ്ടും നാം പുണ്യങ്ങളെക്കുറിച്ചുള്ള വിചിന്തനങ്ങളിലേയ്ക്ക് മടങ്ങുകയാണ്. ഈ പുണ്യങ്ങൾ നമ്മുടെ സ്വഭാവത്തിൽ പക്വത പ്രാപിക്കണമെന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നുണ്ട്. ഈ മാസം നമ്മുടെ ഇച്ഛാശക്തിക്കു പൂർണത നല്കുന്ന നീതിബോധം എന്ന പുണ്യത്തെക്കുറിച്ച് ധ്യാനിക്കാം. നീതിബോധം എന്നത് നമ്മുടെ യുക്തിസഹജമായ അഭിരുചിയുടെ, ഇച്ഛാശക്തിയുടെ സദ്ഗുണമാണ്.

ദൈവത്തിനും അയല്ക്കാരനും അർഹമായത് നൽകുന്നതിനുള്ള സ്ഥിരവും ഉറച്ചതുമായ ഇച്ഛാശക്തിയെ ആണ് നീതിബോധം എന്ന ധാർമികപുണ്യം കൊണ്ട് അർഥമാക്കുന്നത്. ദൈവത്തോടുള്ള നമ്മുടെ നീതിബോധത്തെ മതാത്മക പുണ്യമെന്ന് വിളിക്കുന്നു. അയല്ക്കാരനോടുള്ള നീതിബോധം ഓരോ വ്യക്തിയുടെയും അവകാശങ്ങളെ മാനിക്കുന്നതിന് നമ്മെ ഒരുക്കുന്നു. നീതിമാനായ മനുഷ്യൻ എന്ന് തിരുലിഖിതങ്ങൾ പരാമർശിക്കുന്ന വ്യക്തി തന്റെ അയല്ക്കാരനോട് സ്വഭാവേന നേരായ മനോഭാവമുള്ളവനും ഇടപെടലുകളിൽ നീതി നിർവഹിക്കുന്നവനുമാണ്. "അനീതിയായി വിധിക്കരുത്. ദരിദ്രനോടു ദാക്ഷിണ്യമോ ശക്തനോടു പ്രത്യേക പരിഗണനയോ കാണിക്കാതെ അയൽക്കാരെ നീതിപൂർവം വിധിക്കണം" (ലേവ്യ 19:15). "യജമാനന്മാരെ, നിങ്ങളുടെ ദാസരോട് നീതിയും സമഭാവനയും പുലർത്തുവിൻ. നിങ്ങൾക്കും സ്വർഗത്തിൽ ഒരു യജമാനൻ ഉണ്ടെന്ന് ഓർമിക്കുവിൻ" (കൊളോ. 4:1).

നമ്മുടെ സർവനന്മയായ ദൈവത്തിനു അർഹമായതു നൽകുവാൻ നീതിബോധം എന്ന പുണ്യത്തിൽ വളരുന്നത് നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ പരമാധികാരത്തിന്റെയും അവിടന്നിലുള്ള നമ്മുടെ സംപൂർണ ആശ്രയത്വത്തിന്റെയും ദത്തുപുത്രസ്ഥാനം നമുക്ക് നൽകിയ അവിടത്തെ പൈതൃക സ്നേഹത്തിന്റെയും അവബോധം സ്തുതി, കൃതജ്ഞത, ആരാധന, നന്ദി, വിശ്വസ്തത, സ്നേഹം എന്നീ ഭാവങ്ങളുടെ നിരന്തര സമർപ്പണത്തിലൂടെ ദൈവത്തിനു അർഹമായത് നല്കുവാൻ നമ്മെ സഹായിക്കുന്നു. നമ്മുടെ ആത്മാവിനുള്ളിലെ ഈ ആന്തരിക ഭാവങ്ങൾ ശരീരത്തിലൂടെ ബാഹ്യമായി പ്രകടിപ്പിക്കേണ്ടതുണ്ട്. നന്ദിയുടെയും സ്തുതിയുടെയും ആരാധനയുടെയും ഈ പ്രകരണങ്ങളെ നിതാന്തമായ അനുസരണത്തിന്റെ ഭാവത്താൽ കിരീടം അണിയിക്കുമ്പോൾ നമ്മുടെ ജീവിതത്തിലുള്ള അവിടത്തെ പരമാധികാരം ഏറ്റുപറയുകയാണ് ചെയ്യുന്നത്.

നമ്മുടെ പരസ്പരമുള്ള ബന്ധത്തെ പരിപാലിക്കുന്ന നീതിബോധം എന്ന പുണ്യം അയല്ക്കാരന് അർഹമായത് നൽകാനും നമ്മെ പ്രാപ്തരാക്കുന്നു. നീതിബോധം പ്രകടമാക്കുന്നത് താഴെപ്പറയുന്ന സവിശേഷഗുണങ്ങളിലൂടെയാണ്.

a) കൂട്ടായ പ്രവർത്തനം (Team work) (പൗരത്വം, സാമൂഹ്യ ഉത്തരവാദിത്തം, വിശ്വസ്തത): ഒരു ഗ്രൂപ്പിലോ ടീമിലോ ഒത്തൊരുമയോടെ പ്രവർത്തിക്കുക; അവനവന്റെ പങ്ക് ഭംഗിയായി ചെയ്യുക,

b) ന്യായം (Fairness): മറ്റുള്ളവരെക്കുറിച്ചുള്ള തീരുമാനങ്ങളെ സ്വാധീനിക്കാൻ നമ്മുടെ വികാരങ്ങളെ അനുവദിക്കാതിരിക്കുക – എല്ലാവർക്കും ന്യായമായ അവസരം നല്കുക.

c) നേതൃത്വം (Leadership): ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോഴും മറ്റുള്ളവരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക; ഗ്രൂപ്പുമായി നല്ല ബന്ധം നിലനിർത്തുക; ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

d) മൗലിക (Cardinal) പുണ്യങ്ങൾക്കും പ്രത്യേകിച്ച് നീതിബോധത്തിന്, മാനവികതയോടുള്ള സ്നേഹം ആവശ്യമാണ്. ഇത് പ്രകടമാകുന്നത് വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാനുള്ള കഴിവ് അപരനെ സേവിക്കുന്നതിനായി വിനിയോഗിക്കുമ്പോഴാണ്. ഒരാളിൽ ഈ സദ്ഗുണം പ്രത്യക്ഷമാകുന്നത് മൂന്നു കാര്യങ്ങളിലൂടെയാണ്:

i) സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള കഴിവ്: ബന്ധങ്ങളിലുള്ള മുൻഗണനാക്രമം – പ്രത്യേകിച്ച് പങ്കുവയ്ക്കലും പരിഗണനയും പരസ്പരം കൈമാറ്റം ചെയ്യുന്ന ബന്ധങ്ങൾക്കുള്ള മുൻഗണന.

ii) കനിവ് (ഉദാരത, സഹാനുഭൂതി, പരോപകാര തത്പരതയുള്ള സ്നേഹം): മറ്റുള്ളവർക്ക് ആനുകൂല്യങ്ങളും സത്പ്രവർത്തികളും ചെയ്യുക; അവരെ സഹായിക്കുക, ശുശ്രൂഷിക്കുക.

iii) സാമൂഹിക/വൈകാരിക ജ്ഞാനം: തന്റെയും മറ്റുള്ളവരുടെയും ഉദ്ദേശ്യങ്ങളെയും വികാരങ്ങളെയുംകുറിച്ച് അവബോധമുണ്ടായിരിക്കുക, സമൂഹത്തിലെ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു ജീവിക്കുക, മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നത് എന്താണെന്ന് കണ്ടെത്തുക.

ചുരുക്കത്തിൽ, നീതിബോധമെന്ന പുണ്യത്താൽ ഒരു വ്യക്തിക്ക് മറ്റുള്ളവരുടെ ദൈവിക അവകാശങ്ങളെക്കുറിച്ച് ആഴമായ പരിഗണനയും അത് നിറവേറ്റാനുള്ള ആഗ്രഹവുമുണ്ടായിരിക്കും. നമ്മുടെ എല്ലാ ബന്ധങ്ങളിലും (മാതാപിതാക്കൾ, ജീവിതപങ്കാളി, കുട്ടികൾ, വേലക്കാർ മുതലായവർ) ഈ താത്പര്യം പ്രകടമാവുകയും ഫലമുളവാക്കുകയും ചെയ്യട്ടെ. സഭാധികാരികളോടും, സിവിൽ അധികാരികളോടും പ്രത്യേകിച്ച് ചൂഷിതരായി നമുക്കു ചുറ്റും കാണപ്പെടുന്നവരോടും ഈ പരിഗണന നമുക്ക് പ്രകടമാക്കാം. "മനുഷ്യാ നല്ലതെന്തെന്ന് അവിടന്ന് നിനക്ക് കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക, ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്?" (മിക്കാ 6:8).

**– ഡോ. ഫിയോ മസ്കരനാസ് എസ്.ജെ.**

## വിശുദ്ധന്റെ മൊഴി

"അതിനാൽ നീതിബോധത്തെക്കുറിച്ചുള്ള നമ്മുടെ പരിജ്ഞാനം തുടർച്ചയായി ആഴപ്പെടുത്തേണ്ടതുണ്ട്. അത് വെറുമൊരു താത്വിക ശാസ്ത്രമല്ല. അതൊരു പുണ്യമാണ്, മനുഷ്യഹൃദയത്തിന്റെ, മനസ്സിന്റെ, ആത്മാവിന്റെ ഒരു പ്രാപ്തിയാണത്. നീതി നിഷ്ഠയിൽ ജീവിക്കുന്നതിനും അതെങ്ങനെയാണെന്ന് അറിയേണ്ടതിനും നാം പ്രാർഥിക്കേണ്ടതുണ്ട്".

**– വി. ജോൺ പോൾ** II

# കഥാചിത്രങ്ങൾ

ജീവിതസൗന്ദര്യവും, പ്രകൃതിസൗന്ദര്യവും, അമൂർത്ത ആവിഷ്ക്കാരങ്ങളും കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകരുതെന്നുമാത്രം. 2 MP എങ്കിലും ഫയൽ സൈസുള്ള ക്യാമറ/മൊബൈൽ ഫോൺ ചിത്രങ്ങൾ ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളതാണെന്ന് ഡിസൈൻ എഡിറ്റിങ് ടീം തീരുമാനിച്ചാലാണ് പ്രസിദ്ധീകരിക്കുക. ഡിസംബർ ലക്കം പ്രസിദ്ധീകരിച്ചുകഴിഞ്ഞ് ഒരു വർഷത്തെ ചിത്രങ്ങൾ വിലയിരുത്തി 'കെയ്റോസ് ഫോട്ടോ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോഗ്രാഫർക്ക് കെയ്റോസ് പ്രത്യേക സമ്മാനം നൽകുന്നതും പ്രസ്തുത ചിത്രം പുതുവർഷ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഒറ്റവാക്യത്തിലുള്ള അടിക്കുറിപ്പും, പേരും സഹിതം ഫോട്ടോ അയക്കുക: myclick.kairos@gmail.com



Candles at Church of St Vaclav, Brno, Czech Republic | Photography by: Haak78



Shot from Fort Kochi | Photography by: Ramji Madambi, Ernakulam ✆ 98460 67238




## വീട്ടുകാര്യം

# ട്രാൻസ്ഫർ വന്ന വഴി

**നമ്മുടെ എല്ലാ കാര്യങ്ങളിലും ഇടപെടാനാഗ്രഹിക്കുന്ന ദൈവത്തെ നമ്മൾ അനുവദിക്കുകയാണെങ്കിൽ നമ്മൾ അത്ഭുതങ്ങൾ കാണും**

ഓരോ നിമിഷവും എന്നെ വഴിനടത്തുന്ന ദൈവത്തെപ്പറ്റി എത്ര എഴുതിയാലും മതിയാവില്ല. ഈയിടെ സംഭവിച്ച എന്റെ ജോലിയുടെ ട്രാൻസ്ഫറിന്റെ അനുഭവം ദൈവത്തോടടുക്കുവാൻ എന്നെ കുറേക്കൂടി സഹായിച്ചു. 13 വർഷത്തോളം സ്വന്തം നാട്ടിൽ ജോലിചെയ്ത് പെട്ടെന്ന് ഇടുക്കിയിലേക്ക് ട്രാൻസ്ഫറായി പോകേണ്ടിവന്നപ്പോൾ തെല്ലൊരു സങ്കടവും അതിലേറെ ഭയപ്പാടുമുണ്ടായിരുന്നു. എങ്കിലും ദൈവം എന്നെ സഹായിക്കാനുണ്ടായിരുന്നു. എന്നെ അത്ഭുതപ്പെടുത്തുന്ന വിധത്തിലായിരുന്നു ദൈവം വഴിനടത്തിയത്. എന്റെ എല്ലാ ജോലികളിലും എന്നെ സഹായിക്കുന്ന ഒരു കൂട്ടം സഹപ്രവർത്തകരെ അവിടെ എനിക്ക് നൽകി. മാത്രമല്ല, ഒരിക്കലും മറക്കാൻ പറ്റാത്ത രീതിയിലുള്ള ഒരു ഹോസ്റ്റൽ ജീവിതവും വലിയൊരനുഗ്രഹമായിരുന്നു.

ഹൈപ്പർ അസിഡിറ്റി ഉള്ളതുകൊണ്ട് ഒരുവിധപ്പെട്ട ഭക്ഷണങ്ങളൊന്നും കഴിക്കുവാൻ പറ്റാത്ത അവസ്ഥയായിരുന്നു. ഇതറിഞ്ഞ ഹോസ്റ്റലിലെ വാർഡൻ ആന്റിയും കിച്ചണിലെ ചേച്ചിയും ഞാൻ വരുന്ന സമയം നോക്കി, ചൂടു പോകാതെ എനിക്ക് കഴിക്കാവുന്ന എന്തെങ്കിലുമൊക്കെ ഉണ്ടാക്കി വയ്ക്കുമായിരുന്നു. അങ്ങനെ ഒടുവിൽ, ഈ അടുത്തകാലത്ത് എന്റെ ട്രാൻസ്ഫറിന്റെ കാര്യത്തിൽ ഞാൻ ഒരു ആപ്ലിക്കേഷൻ നൽകി. യൂണിയന്റെ യാതൊരു സപ്പോർട്ടും ഉണ്ടായിരുന്നില്ല. വീടിനടുത്തുള്ള ഓഫീസ് തന്നെ ഫസ്റ്റ് ചോയ്സായി അപേക്ഷ നൽകി. കിട്ടാൻ യാതൊരു സാധ്യതയുമില്ലായിരുന്നു. പക്ഷേ, പ്രാർഥിച്ചു. ജീസസ് യൂത്തിന്റെ ഫാമിലി സ്ട്രീമിന്റെ നേതൃത്വത്തിലുള്ള അഖണ്ഡ ജപമാല പ്രാർഥനയിൽ ഞാൻ എന്റെ ട്രാൻസ്ഫറിന്റെ കാര്യം സമർപ്പിച്ചു പ്രാർഥിച്ചു. അത്ഭുതമെന്നു പറയട്ടെ, കഴിഞ്ഞ മേയ് അവസാനം ട്രാൻസ്ഫർ ഓർഡർ കിട്ടി. എന്റെ നാട്ടിലെ ഓഫീസിലേയ്ക്ക്.



*ജാൻസി റെജി, ചങ്ങനാശ്ശേരി*

# ഞെട്ടിപ്പിച്ച ചോദ്യം

**എല്ലാ സാഹചര്യങ്ങളിലും എല്ലാത്തരം പങ്കുവയ്ക്കലുകളിലും ദൈവം നമ്മോട് സംസാരിക്കുന്നുണ്ട്**

എനിക്ക് 3 മക്കളുണ്ട്. രണ്ടാണും ഒരു പെണ്ണും. എന്റെ മൂന്ന് മക്കളുടെയും ജ്ഞാനസ്നാന മാതാപിതാക്കൾ ജീസസ് യൂത്തിലെ എന്റെ സുഹൃത്തുക്കൾ തന്നെയാണ്. സുഹൃത്തുക്കൾ എന്നു പറഞ്ഞാൽ ഞങ്ങളുടെ സെൽ ഗ്രൂപ്പ് അംഗങ്ങളാണവർ. കഴിഞ്ഞ ഇരുപത് വർഷത്തോളമായി ഞങ്ങൾ ഈ കൂട്ടായ്മ തുടരുന്നു. കുട്ടികൾക്ക് പ്രാർഥിക്കുവാനും വിശ്വാസത്തിൽ വളരാനും വേണ്ട പരിശീലനും പഠനവുമൊക്കെ ഞങ്ങളിൽ നിന്നും കൂട്ടായ്മകളിൽ നിന്നുമൊക്കെ കിട്ടുന്നുണ്ടെന്നു തന്നെയാണ് ഞങ്ങൾ കരുതുന്നത്. പല പല സാഹചര്യങ്ങളിലും ഞങ്ങൾക്കത് ബോധ്യപ്പെട്ടിട്ടുമുണ്ട്. കുടുംബവിശേഷങ്ങളും കുട്ടികളുടെ വിശേഷങ്ങളും പലപ്പോഴും സെൽ ഗ്രൂപ്പിൽ പങ്കുവയ്ക്കാറുണ്ടായിരുന്നു.

ഈയിടെ മരിച്ച എന്റെ സുഹൃത്ത് അങ്കമാലിയിലെ ജോസഫ് എന്റെ ഇളയമകന്റെ തലതൊട്ടപ്പനായിരുന്നു. ഞങ്ങൾ അങ്കമാലി യിൽ ജോസഫിന്റെ മൃതസംസ്കാരത്തിനായി ചെന്നപ്പോൾ ഈ മകനും കൂടെയുണ്ടായിരുന്നു. അവൻ അവിടെവച്ച് മരിച്ചു കിടക്കുന്ന അവന്റെ തലതൊട്ടപ്പനെ കണ്ടപ്പോൾ കണ്ണു നിറഞ്ഞ് എന്നോടൊരു ചോദ്യം: “അപ്പേ, പരിഞ്ഞപ്പനെ ഉയർപ്പിക്കാൻ പാടില്ലേ, എന്താ ചെയ്യാത്തത്?” ചോദ്യം കേട്ടപ്പോൾ ഞാനാകെ സ്തബ്ധനായിപ്പോയി. എന്തു പറയണമെന്നറിയാതെ ഞാൻ വിഷമിച്ചു. യേശു ക്രിസ്തു ലാസറിനെ ഉയിർപ്പിച്ചതും അത്ഭുതങ്ങൾ പ്രവർത്തിച്ചതുമൊക്കെ വായിച്ചും കേട്ടും മനസ്സിലാക്കിയിരുന്ന കുഞ്ഞുങ്ങളുടെ ഇത്തരം നിഷ്കളങ്കമായ ചോദ്യങ്ങൾക്കു മുൻപിൽ എങ്ങനെയാണ് ഉത്തരം പറയേണ്ടതെന്ന് വിചാരിച്ച് ഞാനാകെ കുഴങ്ങി. അവസാനം അവനും എനിക്കും മനസ്സിലാകുന്ന രീതിയിൽ ഒരുവിധം കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി. വിശ്വാസത്തിൽ ആഴപ്പെടേണ്ടതിനായി എനിക്ക് ലഭിച്ച ഒരവസരമായിട്ടാണ് ഞാൻ ആ ചോദ്യത്തെയും സാഹചര്യത്തെയും കണക്കിലെടുത്തത്. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളും എല്ലാത്തരം പങ്കുവയ്ക്കലുകളും ദൈവം നമ്മോട് സംസാരിക്കുന്ന സമയമായിട്ടു കാണുവാനും ഞാൻ പഠിക്കുകയായിരുന്നു.




*ലൈജു തോമസ്പുരം, എറണാകുളം.*

മൈസ്റ്റോറി

# ‘മിടുക്കൻ, വാ നമുക്കൊന്നു പുറത്തു പോകാം.’

D¯-c-¡-S-em-kp-I-fnÂe`n-¡p¶F¹-kp-IÄAÃ, Hcp \Ã a\p-jys\ cq]-s¸-Sp-¯p¶-sX¶v \ap¡v \½psS Ip«p§sf ]d«p a\Êne¡mw.


എസ്.എസ്.എൽ.സി. റിസൽട്ട് വന്നതിനു ശേഷം സാമൂഹിക മാധ്യമങ്ങളിൽ നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന മെസേജുകളാണ് എന്നെ ഈ കുറിപ്പെഴുതാൻ പ്രേരിപ്പിച്ചത്. എന്റെ മകൻ/മകൾ പരീക്ഷയിൽ ഉന്നതവിജയം നേടിയെന്ന് പോസ്റ്റ് ചെയ്യുന്ന രക്ഷിതാവ്. വിദ്യാർഥിയെയും മാതാപിതാക്കളെയും അഭിനന്ദിച്ചുകൊണ്ട് മെസേജുകളുടെ മഹാപ്രവാഹം. മിക്കവർക്കും 95%ത്തിനും 99% ഇടയിൽ മാർക്കുകൾ. ''പരീക്ഷയെഴുതിയ എല്ലാ കുട്ടികൾക്കും 90%ത്തിൽ കൂടുതൽ മാർക്കുകൾ കിട്ടിയോ? "എന്റെ ചെറിയ സംശയം. ഇല്ല! എന്നതാണ് സത്യം. കുറഞ്ഞ മാർക്കുകൾ കിട്ടിയ ഒരുപറ്റം പാവപ്പെട്ട കുഞ്ഞുങ്ങൾ അടച്ചിട്ട വാതിലിനു പിറകിലിരുന്ന് ഏങ്ങലടിച്ച് കരയുന്നുണ്ട്, രാത്രിയിൽ ഉറക്കമൊഴിഞ്ഞിരുന്ന് പഠിച്ചത് പാഴായി പോയോ എന്ന് ശങ്കിക്കുന്നുണ്ട്, മനസ്സിൽ നൈരാശ്യത്തിന്റെ നിഴൽ പടരുന്നുണ്ട്. എന്തേ അവരോട് ആരും ഒന്നും പറയാത്തത്? പകരം അയൽപക്കത്തെ മിടുക്കനായ കുട്ടിയെ വാനോളം പുകഴ്ത്തുന്നത്? മധ്യകേരളത്തിലെ ഒരു ഗ്രാമത്തിൽ സ്വന്തം അനിയത്തിക്കുട്ടിയെ കഴുത്തുഞെരിച്ചു കൊന്ന പതിനഞ്ചുകാരിയുടെ കഥ ഇതോടൊപ്പം ചേർത്തുവായിക്കം. നമുക്ക് എഞ്ചിനിയർമാരും ഡോക്ടർമാരും മാത്രം മതിയോ? നല്ല പ്രൊഫഷണൽ ആകുന്നതിനോടൊപ്പം നല്ല മനുഷ്യനാവാൻ കൂടെ നാം കുഞ്ഞുങ്ങളെ പരിശീലിപ്പിക്കേണ്ടേ?



ഊനമറ്റ കുഞ്ഞാടിനെയും ചെങ്ങാലികളെയും മാത്രം ബലിയർപ്പിക്കാൻ തെരഞ്ഞെടുത്തിരുന്ന ഒരു സമൂഹത്തിൽ, മുടന്തനായ അട്ടിൻകുട്ടിയെ തോളിലെടുത്തു നിൽക്കുന്ന നമ്മുടെ ഈശോയുടെ ചിത്രം നൽകുന്ന സന്ദേശമെന്താണ്? പരിഗണനയുടെ, പ്രോത്സാഹനത്തിന്റെ ഒരു തലോടൽ എല്ലാവരും അർഹിക്കുന്നു. സമൂഹം വെറുത്തിരുന്ന ചുങ്കക്കാരുടെ കൂടെ അത്താഴത്തിനിരുന്നപ്പോഴും, പാപികളെ തന്നോട് ചേർത്തു പിടിച്ചപ്പോഴും യേശു പറയാൻ ശ്രമിച്ചത് ഇതുതന്നെയാണ്. ഉന്നതസ്ഥാനം വഹിച്ചിരുന്നവരോടും മിടുക്കന്മാരോടും എന്നതിനേക്കാൾ തെറ്റിൽ പിടിക്കപ്പെട്ടവരോടുംഅവഗണിക്കപ്പെടുന്നവരോടും ആയിരുന്നു അവിടന്ന് പക്ഷം ചേർന്നത്.

ഒമ്പതാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ തോൽവി അറിഞ്ഞിട്ടുണ്ട്. അന്ന് ഹെഡ്മാസ്റ്ററുടെ റൂമിൽവച്ച് എന്റെയപ്പന്റെ കണ്ണു നിറഞ്ഞത് ഇപ്പോഴും ഓർമയിലുണ്ട്. എന്നെയതിന്റെ പേരിൽ ശാസിച്ചില്ല എന്നു മാത്രമല്ല, വാഗ്ദാനം ചെയ്തിരുന്നതുപോലെ പുതിയ സൈക്കിൾ വാങ്ങി തരുകയും ചെയ്തു, അമ്മയുടെ കട്ട സപ്പോർട്ടോടുകൂടി തന്നെ. പക്ഷേ, അന്നുതൊട്ടിന്നുവരെ പിന്നീടൊരു പരീക്ഷയ്ക്കും തോൽവി അറിഞ്ഞിട്ടില്ല ഒപ്പം നല്ല മാർക്കു ലഭിക്കുകയും ചെയ്തു. യേശുവിനെ അധരംകൊണ്ട് പ്രഘോഷിക്കുകയും ആത്മീയകാര്യങ്ങളിൽ കണിശത പുലർത്തുകയും ചെയ്യുന്ന നാം എന്തുകൊണ്ട് യേശുവിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നില്ല എന്നത് ചിന്തനീയമാണ്.

നിറം കുറഞ്ഞതിന്റെ പേരിൽ, കഴിവു കുറഞ്ഞതിന്റെ പേരിൽ, പരീക്ഷ പേപ്പറിൽ മാർക്കുകുറഞ്ഞതിന്റെ പേരിൽ, ഈ കുഞ്ഞുങ്ങളെ നമുക്ക് മാറ്റി നിറുത്താതിരിക്കാം, നാളെ ഒരു നല്ല ഭർത്താവും/ഭാര്യയും ഒരു നല്ല അപ്പനും/അമ്മയും ഒരു നല്ല പുരോഹിതനും/സന്യാസിനിയും ഒക്കെ ആകേണ്ട ഈ മക്കളെ നമുക്ക് ധൈര്യപ്പെടുത്താം. പരീക്ഷ സമയത്തും ഫലം കാത്തിരുന്നപ്പോഴും അവർ അനുഭവിച്ച മാനസിക സംഘർഷം വളരെ വലുതാണ്. ഉത്തരക്കടലാസുകളിൽ ലഭിക്കുന്ന എ പ്ലസുകൾ അല്ല ഒരു നല്ല മനുഷ്യനെ രൂപപ്പെടുത്തുന്നതെന്ന് അവരെ പറഞ്ഞു മനസ്സിലാക്കാം. ഒരു നല്ല രക്ഷിതാവായി, നല്ല സഹോദരനായി/സഹോദരിയായി, നല്ല സുഹൃത്തായി അവരെ ചേർത്തു പിടിക്കാം. നെറുകയിൽ ഒരു മുത്തം കൊടുത്ത്, സ്നേഹത്തോടെ തോളത്തുതട്ടി പറയാം: ‘മിടുക്കൻ/മിടുക്കി, വാ നമുക്കൊന്നു പുറത്തുപോകാം...



*അനിൽ തോമസ്, കുവൈറ്റ്*

മൈ സ്റ്റോറി




# ‘അദ്ദേഹം’ അന്നേ പറഞ്ഞിരുന്നു!

**ഈ അനുഗ്രഹത്തിന് തിളക്കം ഇത്തിരി കൂടുതലാണ്, തമ്പുരാന്റെ സ്നേഹം മഹത്വപ്പെടുത്താൻ കിട്ടിയ ഒരവസരമായിമാത്രം ഇതിനെ കാണുന്നു.**

ആങ്ങളയുടെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് പള്ളിയിൽ ഇരിക്കുമ്പോഴാണ് അദ്ദേഹം അത് പറഞ്ഞത്. കല്യാണ മോതിരം കാണുന്നില്ലത്രേ. കുറച്ചു ദിവസങ്ങൾക്ക് മുമ്പ് തുണി അലക്കുന്ന നേരത്ത് അലക്കുകല്ലിന്റെ അരികെ ഊരിവച്ചിരുന്നതായിരുന്നു. (ഞാനും കുട്ടികളും കുറച്ചുദിവസമായി എന്റെ വീട്ടിലാണ്.) ഉടനെതന്നെ അടുത്ത വീട്ടിലുള്ള വരെ വിളിച്ച് അവിടെ എങ്ങാനും ഉണ്ടോ എന്ന് അന്വേഷിക്കാൻ പറഞ്ഞു. പലരും വന്ന് നോക്കിയെങ്കിലും എങ്ങും മോതിരം കണ്ടെത്താനായില്ല. കല്യാണ മോതിരത്തിന്റെ വിശുദ്ധിയും മൂല്യവും ഏറെ ബോധ്യമുള്ളതു കൊണ്ടുതന്നെ മനസ്സിന് സങ്കടമേറെയുണ്ടായി. വിഷമം ഉള്ളിലൊതുക്കി മാമ്മോദീസാ ദിവസം ചിരിച്ച് അഭിനയിക്കേണ്ടിവന്നു. വീണ്ടും 5 ദിവസങ്ങൾകൂടി കഴിഞ്ഞിട്ടാണ് കളമശ്ശേരിയിലെ വീട്ടിൽ ഞങ്ങൾ തിരിച്ചെത്തുന്നത്. വീട്ടിലും പരിസരങ്ങളിലും പല പ്രാവശ്യം തെരഞ്ഞെങ്കിലും മോതിരം മാത്രം കണ്ടെത്തിയില്ല. അഭ്യൂഹങ്ങൾ പലതും പലരും പറഞ്ഞു തുടങ്ങി. തൊട്ടടുത്ത വീട്ടിൽ പെയിന്റിംഗ് നടക്കുകയായിരുന്നു. പെയിന്റിംഗ് പണിക്കാർക്ക് എങ്ങാനും കിട്ടിയോ? അതോ വീടിന് തൊട്ടു മുമ്പിലെ വീടു പണിയുന്ന പണിക്കാർക്ക് കിട്ടിയോ? കാക്ക കൊത്തിക്കൊണ്ടു പോയോ? തലേദിവസം പെയ്ത മഴയിൽ ഒലിച്ചു പോയോ? എന്തായാലും ഒരു പുതിയ മോതിരം വാങ്ങിച്ചോളൂ... ഇങ്ങനെ അഭിപ്രായങ്ങളുടെ പെരുമഴ അപ്പോഴെല്ലാം മോതിരം തിരിച്ചുകിട്ടും എന്ന് നമ്മുടെ കൂടെ എപ്പോഴുമുള്ള ആ “അദ്ദേഹം” (ഈശോ) പറഞ്ഞുകൊണ്ടിരുന്നു. പുതിയ മോതിരം വാങ്ങാൻ ഉപദേശിച്ചവരോട് “ഞങ്ങൾ പ്രാർഥിക്കുന്നുണ്ട്. മോതിരം തിരിച്ചുകിട്ടും” എന്ന് ധൈര്യത്തോടെ ഞാൻ പറഞ്ഞു. പ്രാർഥിക്കുമ്പോഴും ബൈബിൾ വായിക്കുമ്പോഴുമെല്ലാം തിരിച്ചുകിട്ടുമെന്ന് വീണ്ടുംവീണ്ടും കാതിലോതി മക്കളെയും കൂട്ടി എന്നും രാത്രി കല്യാണമോതിരം തിരിച്ചുതരുന്നതിനെ ഓർത്ത് നന്ദി പറഞ്ഞ് പ്രാർഥിക്കുമായിരുന്നു.

ദൈവാനുഗ്രഹമെന്ന് പറയട്ടെ 21 ദിവസങ്ങൾക്കുശേഷം വീടിന്റെ ഏറ്റവും മുകളിലെ ടെറസ്സിൽ, വാട്ടർ ടാങ്കിന്റെ അടുത്തുകിടന്ന് മോതിരം കിട്ടി. (ഇതിനുമുമ്പ് പലതവണ അവിടെ മോതിരം അന്വേഷിച്ച് പോയതാണ്). ചെറുതും വലുതുമായി ഒത്തിരി അനുഗ്രഹങ്ങൾ ദിനംപ്രതി ലഭിക്കുമ്പോഴും, പ്രത്യേകത ഒത്തിരി വലുതാണ്. ഈ അനുഗ്രഹത്തിന് തിളക്കം ഇത്തിരി കൂടുതലാണ്. ഞങ്ങളുടെ ചുറ്റുമുള്ള അക്രൈസ്തവരുടെ ഇടയിൽ തമ്പുരാന്റെ സ്നേഹം മഹത്വപ്പെടുത്താൻ കിട്ടിയ ഒരു വലിയ അവസരമായി മാത്രം ഇതിനെ കാണുന്നു.



*നീതു ജിന്റോ, കളമശ്ശേരി*

അനിൽ പോൾ & നവ്യ അനിൽ തൃശൂർ



ഫാമിലി കഫേ

# ഉദരഫലം അനുഗ്രഹീതം

**സ്രഷ്ടാവായ ദൈവത്തിന് തന്റെ സൃഷ്ടിയായ കുഞ്ഞിനോട് സ്നേഹം പ്രകടിപ്പിക്കാനുള്ള മാർഗമാണ് മാതാപിതാക്കൾ. കുഞ്ഞ് ഉദരത്തിൽ രൂപം പ്രാപിച്ചു എന്ന് മനസ്സിലാക്കുന്ന നിമിഷം മുതൽ സൃഷ്ടാവിന്റെ ആ സ്നേഹം കുഞ്ഞിന് പകർന്നു കൊടുക്കാനുള്ള ഉത്തരവാദിത്തം മാതാപിതാക്കൾക്കുണ്ട്.**

ഒരു കുഞ്ഞിന്റെ സ്വഭാവ രൂപീകരണത്തിൽ അമ്മയുടെ ഗർഭ കാലഘട്ടം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കുഞ്ഞ് ജനിച്ചതിനു ശേഷം അവരെ നല്ലവരായി വളർത്താൻ കഷ്ടപ്പെടുന്നതിലും എത്രയോ നല്ലതാണ്, കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ മാതാപിതാക്കൾ അതിനുവേണ്ടി എടുക്കുന്ന ആത്മീയവും മനഃശാസ്ത്രപരവുമായ പ്രയത്നങ്ങൾ.

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു, ജനിക്കുന്നതിന് മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു (ജറെമിയ 1-5). 'ന്യൂജെൻ' മക്കളെ നേർവഴിക്കും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർത്താൻ മാതാപിതാക്കൾ കഷ്ടപ്പെടുന്നത് ഒരു നിത്യ സംഭവമാണ്. കുഞ്ഞിനുവേണ്ടി നന്നായി ആഗ്രഹിച്ച് പ്രാർഥിച്ചൊരുങ്ങി ദമ്പതിമാർ ഈശോയുടെ സ്നേഹത്തിൽ ഒന്നിക്കുമ്പോൾ ഒരു ദൈവപൈതൽ അമ്മയുടെ ഉദരത്തിൽ രൂപപ്പെടുന്നു. ദൈവത്തിന്റെ ഛായയിൽ രൂപംകൊണ്ട ആ കുഞ്ഞുമാലാഖയെ അമ്മയുടെ ഉദരത്തിലായിരിക്കുന്ന ആ ഇരുന്നൂറ്റി എൺപതോളം ദിവസങ്ങൾ ആത്മീയവും ശാരീരികവും മാനസികവുമായി പരിപോഷിപ്പിക്കേണ്ട കടമ അപ്പനും അമ്മയ്ക്കും ഉണ്ട്.

## ആത്മീയ പരിപോഷണം

കുഞ്ഞിലേയ്ക്ക് എല്ലാ ദിവസവും ഈശോ എഴുന്നള്ളി വരുന്നതിനായി മുടങ്ങാതെ

s]®p-Im-W-en-\p-Xs¶ C§s\ Hcp tNmZyw tl«-t¸mÄ, B \Sn-sb-t]m-se-BZywH¶p A´w hns«-¦nepw ]t£, \ho\ s]s«¶v "sbkv' ]d-ªp. A§s\ hnhm-l-¯n\v apt¼Xs¶'_nKv^manen' kz]v\w I@v R§Ä {]mÀYn-s¨m-cp-§n.

ദിവ്യബലിയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുന്നതു നല്ലതാണ്. അമ്മയും അപ്പനും ഒരുമിച്ചിരുന്ന് ഉദരത്തിലുള്ള കുഞ്ഞിനെ വചനം വായിച്ചു കേൾപ്പിക്കുമ്പോൾ, പ്രസവത്തിന് മുമ്പ് തന്നെ വചനത്താൽ നിറയും. കുഞ്ഞിന് കേൾക്കാനായി വചനം വിചിന്തനം ചെയ്യുകയും, സ്വയം പ്രേരിതപ്രാർഥനകൾ നടത്തുകയുംം ചയ്യുന്നതുവഴി, ഗർഭസ്ഥശിശു ദൈവവചനത്തിന്റെ ചൈതന്യത്തിലും സൗന്ദര്യത്തിലും വളർന്നുവരും.

## മാനസിക പരിപോഷണം

കുഞ്ഞിന്റെ മാനസികമായ പരിപോഷണത്തിന് അമ്മയ്ക്ക് ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങളാണ്: പ്രസന്നത, നിഷ്ക്കളങ്കത, നിർമലത. അതുപോലെ തന്നെ അപ്പൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്: ശബ്ദവും, സ്പർശനവും (Sound & touch). അമ്മയുടെ ഉദരത്തിൽ തലോടിക്കൊണ്ടും ഉദരത്തിലായിരിക്കുന്ന കുഞ്ഞിനോട് സംസാരിച്ചുകൊണ്ടും അപ്പൻ തന്റെ സ്നേഹം പ്രകടിപ്പിക്കണം.

ഉണ്ണീശോയെ ഉദരത്തിൽ വഹിച്ചുകൊണ്ട് മാതാവ് എലിസബത്തിനെ അഭിവാദനം ചെയ്തപ്പോൾ, എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി. ഈശോയെ ഉള്ളിൽ സ്വീകരിച്ചുകൊണ്ട് അപ്പൻ, ഉദരത്തിലായിരിക്കുന്ന കുഞ്ഞിനോട് നിറഞ്ഞ സ്നേഹത്തോടെ സംസാരിക്കുകയും മുത്തം കൊടുക്കുകയും ചെയ്യുമ്പോൾ, കുഞ്ഞ്



സന്തോഷംകൊണ്ട് കുതിച്ചുചാടും, പരിശുദ്ധാത്മാവിനാൽ നിറയും. ഉദരത്തിൽ കുഞ്ഞിന് അഞ്ച് മാസം പ്രായമാകുമ്പോഴാണ് ഈ കാര്യങ്ങൾ പ്രത്യേകമായും ചെയ്തുതുടങ്ങേണ്ടത്. അഞ്ചാം മാസം മുതൽ കുഞ്ഞ് എല്ലാം കേൾക്കുവാൻ തുടങ്ങുന്നു.

## ശാരീരിക പരിപോഷണം

അമ്മമാരുടെ ജീവിതശൈലിയും, ഭക്ഷണരീതിയും കുഞ്ഞിനെ വലിയ തോതിൽ സ്വാധീനിക്കുന്നു. അതുകൊണ്ടുതന്നെ സാത്വികമായ ഭക്ഷണരീതിയിലൂടെ ആരോഗ്യവതിയായിരിക്കാൻ അമ്മമാർ പ്രത്യേകം ശ്രദ്ധിക്കണം.

വിവാഹത്തിലേക്ക് കടക്കുന്ന നാൾ മുതൽ ദമ്പതിമാർ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർഥിച്ചൊരുങ്ങണം. നവീനയെ പെണ്ണുകാണാൻ പോയപ്പോൾ ഉണ്ടായ ഒരു രസകരമായ സംഭവം ഓർക്കുന്നു. അന്ന് ഞാൻ നവീനയോട് ചോദിച്ച ചോദ്യം ഇതായിരുന്നു: "ഈശോ തരുന്ന എല്ലാ കുഞ്ഞുങ്ങളെയും സ്വീകരിക്കാൻ റെഡിയാണോ? പണ്ട് 'സന്ദേശം' സിനിമയിൽ നടൻ ശ്രീനിവാസന്റെ പെണ്ണുകാണലായിരിക്കും പലർക്കും ഓർമ വരുക. ശ്രീനിവാസന്റെ ഡയലോഗ് ഇതായിരുന്നു: "ചിലപ്പോൾ കുട്ടി വെടിയുണ്ടകളെ നേരിടേണ്ടി വന്നേക്കാം, അപ്പോൾ വിരിമാറു കാണിച്ചു കൊടുക്കേണ്ടിവരും..."

പെണ്ണുകാണലിനുതന്നെ ഇങ്ങനെ ഒരു ചോദ്യം കേട്ടപ്പോൾ, ആ നടിയെ പോലെ ആദ്യം ഒന്നു അന്തം വിട്ടെങ്കിലും പക്ഷേ, നവീന പെട്ടെന്ന് 'യെസ്' പറഞ്ഞു. അങ്ങനെ വിവാഹത്തിന് മുമ്പേ തന്നെ 'ബിഗ് ഫാമിലി' സ്വപ്നം കണ്ട് ഞങ്ങൾ പ്രാർഥിച്ചൊരുങ്ങി. ഈശോ ഞങ്ങൾക്ക് കരുതിവച്ചിരുന്നത് വളരെ വ്യത്യസ്തമായ അനുഭവങ്ങളായിരുന്നു. കാത്തിരിപ്പിന്റെ സഹനങ്ങളിലൂടെ ഈശോ പലതും ഞങ്ങളെ പഠിപ്പിച്ചു. തീക്ഷ്ണമായ പ്രാർഥനാ ഒരുക്കങ്ങൾ ഉണ്ടായിരുന്നിട്ടും കുഞ്ഞിനെ സംബന്ധിച്ച സന്തോഷവാർത്ത ഞങ്ങളെ തേടിയെത്തിയത് രണ്ട് വർഷം കഴിഞ്ഞാണ്. പക്ഷേ, അതെല്ലാം ഈശോയുടെ വ്യക്തമായ പ്ലാൻ ആയിരുന്നു എന്നത് പിൻതിരിഞ്ഞ് നോക്കുമ്പോഴാണ് ഞങ്ങൾക്ക് കൂടുതൽ ബോധ്യമാകുന്നത്.

"ഓരോ കുഞ്ഞു മാലാഖയ്ക്കും ഈ ഭൂമിയിലേക്ക് വരാനായി ഈശോ ഒരു 'പെർഫക്ട് ടൈം' സെറ്റ് ചെയ്തിട്ടുണ്ട്. ഈശോയ്ക്കാണ് ഇവിടെ സ്രഷ്ടാവിന്റെയും സംവിധായകന്റെയും റോൾ. എപ്പോഴും സന്നദ്ധരായിരിക്കുക, ഈശോയുടെ 'പെർഫക്ട് ടൈ'മിന് വേണ്ടി നിരന്തരം പ്രാർഥിച്ചൊരുങ്ങിയിരിക്കുക. ഇതാണ് എല്ലാ ദമ്പതിമാരുടെയും റോൾ" (ഫ്രാൻസിസ് മാർപാപ്പ).

'സ്നേഹത്തിന്റെ ആനന്ദത്തിൽ' ഫ്രാൻസിസ് മാർപാപ്പ പറഞ്ഞിട്ടുള്ളതുപോലെ: "അമ്മയുടെ ഉദരത്തിൽ വളരുന്ന ഓരോ ശിശുവും പിതാവായ ദൈവത്തിന്റെ ശാശ്വതമായ സ്നേഹ പദ്ധതിയുടെ ഭാഗമാണ്. സ്രഷ്ടാവായ ദൈവത്തിന് തന്റെ സൃഷ്ടിയായ ആ കുഞ്ഞിനോട് സ്നേഹം പ്രകടിപ്പിക്കാനുള്ള മാർഗമാണ് മാതാപിതാക്കൾ. കുഞ്ഞ് ഉദരത്തിൽ രൂപം പ്രാപിച്ചു എന്ന് മനസ്സിലാക്കുന്ന നിമിഷം മുതൽ സ്രഷ്ടാവിന്റെ ആ സ്നേഹം കുഞ്ഞിന് പകർന്നു കൊടുക്കാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്."

ദൈവിക ചൈതന്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ മാതാപിതാക്കളുടെ ജീവിതവിശുദ്ധി അനിവാര്യമാണ്. വി.കൊച്ചുത്രേസ്യ (St. Therese of Lisieu) തന്റെ ആത്മകഥയിൽ മാതാപിതാക്കളെക്കുറിച്ച് പറയുന്ന ഭാഗം ശ്രദ്ധേയമാണ്: "നിസ്തുലരായ ആ മാതാപിതാക്കളുടെ സന്താനമായിരിക്കാനല്ലേ എനിക്കു ഭാഗ്യം ലഭിച്ചത്." വിശുദ്ധരായ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ ആ വിശുദ്ധ ദമ്പതിമാർ, 'ലൂയി–സേലി' ദമ്പതിമാർ നാമോരോരുത്തർക്കും വേണ്ടി മാധ്യസ്ഥം യാചിച്ചു പ്രാർഥിക്കും. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഒരു കുഞ്ഞിന് ജന്മം നൽകാൻ എല്ലാ മാതാപിതാക്കൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർഥിക്കുന്നു.

ഗർഭാവസ്ഥയിൽ സഹായകമാകുന്ന റിട്രീറ്റ്സ്/ബുക്സ്/ലീഫ്ലെറ്റ്സ്

**റിട്രീറ്റ്:**

1 'ബേബി ഷൈൻ' റിട്രീറ്റ്, ജീവാലയ ഫാമിലി പാർക്ക്, കാലടി.

2. 'മംഗളവാർത്ത' റിട്രീറ്റ്, എയ്ഞ്ചൽസ് ആർമി, പാലാ.


**ബുക്സ്:**

കുഞ്ഞ് മഹത്വം പ്രാപിക്കാൻ, ഫാ. ജോസഫ് ചൂങ്കത്ത് സി.എം.ഐ.

**ലീഫ്ലെറ്റ്സ്:**

ഉദരഫലം അനുഗ്രഹീതം (എയ്ഞ്ചൽസ് ആർമി) ✦

TEEN Spirit




Virgin Oplechnaya digital illustration by Yantarj

MY STORY

അനിത ജോജി



*സ്കൂൾ കൗൺസിലർ, ചാവറ പബ്ലിക് സ്കൂൾ, പാലാ*

# മുതിർന്നവർ ചൊല്ലുന്നത്



പ്രിയ ടീനേജ് കൂട്ടുകാരേ,

മുതിർന്നവർ ചൊല്ലിത്തരുന്ന പാഠങ്ങളും അവർ നൽകുന്ന തിരുത്തലുകളും നെല്ലിയ്ക്ക പോലെയാണ്. ആദ്യം കയ്പ് തോന്നിയാലും, അവ ഉൾക്കൊണ്ട് ജീവിതത്തിൽ തിരുത്തലുകൾ വരുത്തിയാൽ പിന്നീട് മധുരമായിരിക്കും എന്നത് ഉറപ്പാണ്. എന്നാൽ, അത് ഉൾക്കൊള്ളുന്നില്ലെങ്കിലോ കയ്പേറിയ കഷായങ്ങൾ ചിലപ്പോൾ ഒരുപാട് കുടിക്കേണ്ടി വരും കൗൺസിലർ എന്ന നിലയിലെ എന്റെ പല അനുഭവങ്ങളും ഇക്കാര്യത്തെ സാധൂകരിക്കുന്നതാണ്.

ഈ അടുത്ത ദിവസം ഞാൻ ഒരു ധ്യാനകേന്ദ്രത്തിൽ ഒരു ഷെയറിങ്ങിനായി പോയതാണ് എന്റെ പേരും മറ്റുവിവരങ്ങളും പറഞ്ഞ് ധ്യാനം നയിക്കുന്ന സിസ്റ്റർ എന്നെ വേദിയിലേയ്ക്ക് സ്വാഗതം ചെയ്തു. ഞാൻ സ്റ്റേജിലെത്തിയതേ, ഷാൾകൊണ്ട് മുഖം മറച്ച് ഒരു പെൺകുട്ടി സദസ്സ് വിട്ട് ഓടിയിറങ്ങിപ്പോകുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാനത് കാര്യമാക്കിയില്ല.

പിന്നീട് പരിശുദ്ധ കുർബാനയ്ക്കായി അടുത്ത പള്ളിയിലേക്ക് പോകാനിറങ്ങിയപ്പോൾ ഇതേ കുട്ടിയെ വീണ്ടും കണ്ടു. മുഖം മുഴുവൻ മറച്ചിരിക്കുന്നു. കണ്ണു മാത്രം പുറത്തുകാണാം. "എന്തുപറ്റി മോളേ" എന്നു ഞാൻ ചോദിച്ചു. ഒന്നുമില്ല എന്നു പറഞ്ഞ് അവൾ പിന്നെയും ഓടിപ്പോയി. എന്നെ അറിയാവുന്ന ഒരു കുട്ടിയായിരിക്കും അതെന്ന് എനിക്കു തോന്നി. എന്നെ അഭിമുഖീകരിക്കാനുള്ള വൈമുഖ്യം കൊണ്ടാണ് അവൾ ഇറങ്ങിപ്പോയത്. ആ ദിവ്യബലി മുഴുവൻ ഞാൻ അവളെ സമർപ്പിച്ചു പ്രാർഥിച്ചു. അത് ആരായിരിക്കും എന്ന് എനിക്ക് ഒരു എത്തും പിടിയും കിട്ടിയില്ല. പിന്നീട് ധ്യാനം നയിക്കുന്ന സിസ്റ്റർ എന്നോട് പറഞ്ഞു: "അനിതയെ അറിയാവുന്ന ഒരു പെൺകുട്ടി ഇവിടെയുണ്ട്. തന്റെ പ്രണയം തകർത്ത മിസ്സാണ് അത് എന്ന് അവൾ എന്നോട് പറഞ്ഞു." ആ കുട്ടിയോട് സംസാരിക്കാൻ ശ്രമിക്കേണ്ടെന്നും അവൾക്ക് ദേഷ്യമാണെന്നും സിസ്റ്റർ കൂട്ടിച്ചേർത്തു.

പിന്നീട് വരാന്തയിലൂടെ നടന്നുപോകുന്ന കുട്ടികളുടെ ഇടയിൽ ആ പരിചിതമുഖം ഞാൻ അകലെ നിന്ന് തിരിച്ചറിഞ്ഞു അവളെ എന്റെയടുത്ത് കൊണ്ടുവന്നത് അവളുടെ മാതാപിതാക്കളാണ്. ചില തെറ്റായ ബന്ധങ്ങളിൽ അകപ്പെട്ട് തകർന്ന അവസ്ഥയിൽ നിർബന്ധിച്ചാണ് അവളെ കൊണ്ടുവന്നത്. അവളോടും മാതാപിതാക്കളോടുമെല്ലാം ഞാൻ സംസാരിച്ചത് എന്റെ ഓർമയിൽ തെളിഞ്ഞു. അന്ന് അവൾ ആ പ്രണയം ഉപേക്ഷിച്ചിട്ടുണ്ടായിരിക്കാം. പിന്നീട് അവളെക്കുറിച്ച് എനിക്ക് ഒന്നും അറിയില്ലായിരുന്നു. ധ്യാനകേന്ദ്രത്തിലെ സിസ്റ്ററിൽ നിന്നാണ് അറിഞ്ഞത് ഇപ്പോൾ അവൾ പഠിക്കുന്ന കോളേജിലും ചില കുരുക്കുകളിൽ അകപ്പെട്ടതുകൊണ്ടാണ് അവളെ ഈ ധ്യാനത്തിനയച്ചതെന്ന്.

അവളുടെ ജീവിതത്തിൽ ഉപദേശങ്ങളിലൂടെ ഞാൻ നൽകിയ തിരുത്തൽ പോസിറ്റീവ് ആയി സ്വീകരിക്കാൻ അവൾക്ക് കഴിഞ്ഞില്ലല്ലോ എന്നത് എനിക്ക് സങ്കടമുണ്ടാക്കി. അതിനാണ് അവൾക്ക് എന്നോട് ദേഷ്യം.

മറ്റൊരു പെൺകുട്ടിയുടെ അനുഭവം ഇതിനു നേർവിപരീതമാണ്. തന്റെ പിതാവിന്റെ മൊബൈൽ ഫോണിൽ കിടന്ന ഒരു ബ്ലൂ ഫിലിം കണ്ടുകൊണ്ട്, വലിയ അടിമത്തത്തിന്റെ പടുകുഴിയിലെത്തിയ ഒരു കുട്ടി. ഡിഗ്രികാലമായപ്പോൾ അവൾക്കുതന്നെ മനസ്സിലായി, താൻ പോകുന്നത് ശരിയായ പാതയിലല്ല എന്ന്. മറ്റാരുടെയും പ്രേരണയില്ലാതെ സ്വമേധയാ അവൾ എന്റെയടുത്തുവന്നു. ജീവിതത്തിൽ തിരുത്തലുകൾക്ക് തയ്യാറായി. ആത്മീയമായി വളർന്നു. ഇന്ന് അവളുടെ പ്രാർഥനയുടെ ഫലമായി ആത്മീയ കാര്യങ്ങളിൽ യാതൊരു താത്പര്യവുമില്ലായിരുന്ന അവളുടെ പിതാവിലും മാറ്റങ്ങൾ കണ്ടുതുടങ്ങിയതായി അവൾ സന്തോഷത്തോടെ എന്നെ വിളിച്ചറിയിച്ചു.

അവൾക്കുതന്നെ മനസ്സിലായി, താൻ പോകുന്നത് ശരിയായ പാതയിലല്ല എന്ന്. മറ്റാരുടെയും പ്രേരണയില്ലാതെ സ്വമേധയാ അവൾ എന്റെയടുത്തുവന്നു. ജീവിതത്തിൽ തിരുത്തലുകൾക്ക് തയ്യാറായി. ആത്മീയമായി വളർന്നു. ഇന്ന് അവളുടെ പ്രാർഥനയുടെ ഫലമായി ആത്മീയ കാര്യങ്ങളിൽ യാതൊരു താത്പര്യവുമില്ലായിരുന്ന അവളുടെ പിതാവിലും മാറ്റങ്ങൾ കണ്ടുതുടങ്ങിയതായി അവൾ സന്തോഷത്തോടെ എന്നെ വിളിച്ചറിയിച്ചു.

ആരുടെയൊക്കെയോ നിർബന്ധത്തിനു വഴങ്ങിയെത്തിയ ആദ്യത്തെ കുട്ടിയും സ്വമേധയാ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തണമെന്നാഗ്രഹിച്ച രണ്ടാമത്തെ കുട്ടിയും ഇന്ന് രണ്ട് വിരുദ്ധ ധ്രുവങ്ങളിലാണ്.

ഏത് അടിമത്തത്തിലും നിന്ന് നിങ്ങൾക്ക് രക്ഷപെടാം. നിങ്ങളുടെ മാതാപിതാക്കന്മാരും മുതിർന്നവരും നൽകുന്ന നിർദേശങ്ങൾ നന്മയ്ക്കാണെന്നു കരുതി സ്വീകരിച്ചാൽ മാത്രം. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ നെല്ലിക്ക പോലെയാണ് അവരുടെ ഉപദേശങ്ങൾ. കുഞ്ഞുങ്ങളെ ഈശോയിലേയ്ക്ക് നയിക്കാൻ പരിശ്രമിക്കുന്ന എല്ലാ മാതാപിതാക്കന്മാരെയും അധ്യാപകരെയും മുതിർന്നവരെയും ശുശ്രൂഷകരെയും നിങ്ങൾ പ്രാർഥനയിൽ ഓർക്കണേ.

## LOGOS







*ഷൈന ഹിലാരി*

## SMILEY



*സിയോൻ ജോസഫ്*




## MY STORY

# hnip-²nbpw So³kpw Hcp Nm¼bv¡ IY

കഥ നടക്കുന്നത് ഏഴെട്ടു പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിലാണ്. ആറാം ക്ലാസ്സുകാരായ നാലുപേർ ഒരുമിച്ചാണ് സ്കൂളിൽ പോയിരുന്നത്. പോകുന്നവഴി കോൺവെന്റിന്റെ പറമ്പിൽ നിറയെ കായ്ച്ചു നിൽക്കുന്ന ഒരു ചാമ്പ മരമുണ്ട്. അതിന്റെ ചുവട്ടിൽ വീണുകിടക്കുന്ന ചാമ്പയ്ക്ക അവർ പെറുക്കിയെടുക്കാറുണ്ട്.



ഒരു ഒഴിവു ദിവസം ചാമ്പയുടെ ചുവട്ടിലെത്തിയ അവർക്ക് ഒന്നും കിട്ടിയില്ല. അവർ കല്ലെറിഞ്ഞ് ചാമ്പയ്ക്ക വീഴ്ത്താനാരംഭിച്ചു. കുറേ കുട്ടികൾ മഠത്തിന്റെ പറമ്പിൽ വന്ന് ചാമ്പമരത്തിന് എറിയുന്നത് കണ്ടുകൊണ്ട് വന്ന മദറിന് അത് ഇഷ്ടപ്പെട്ടില്ല. കർക്കശക്കാരിയായ മദർ ഇനി ചാമ്പയ്ക്ക പറിക്കാൻ വരരുതെന്ന് അവരെ വിലക്കി.

കുട്ടികൾക്ക് വിഷമമായി. ഇതെല്ലാം കണ്ടുകൊണ്ട് നിന്നിരുന്ന ഒരു സിസ്റ്റർ അവരെ അടുത്തേയ്ക്ക് വിളിച്ചു പറഞ്ഞു: "കുട്ടികളെ നിങ്ങൾക്ക് എന്നും ഞാൻ ചാമ്പയ്ക്ക പെറുക്കി വയ്ക്കാം പകരം നിങ്ങൾ സുകൃതജപങ്ങൾ ചൊല്ലണം" അവർ സമ്മതിച്ചു. ആ അമ്മ അവരെ മൂന്നു സുകൃത ജപങ്ങൾ പഠിപ്പിച്ചു. "എന്റെ അമ്മേ എന്റെ ആശ്രയമേ", "എന്റെ ഈശോയേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു", "കുളിരാൽ വിറയ്ക്കുന്ന ഉണ്ണീശോയേ ഞാൻ അങ്ങയെ മുത്തുന്നു".

ചാമ്പയ്ക്ക കിട്ടാനായി അവർ സുകൃതജപങ്ങൾ ചൊല്ലിത്തുടങ്ങി. മിഷണറിമാർക്കായി അത് കാഴ്ചവയ്ക്കണമെന്നും ആ അമ്മ അവരെ പഠിപ്പിച്ചിരുന്നു. ആ നാലു ബാലന്മാരും വളർന്നു. അവരിൽ മൂന്നുപേർ മിഷണറി വൈദികരായി. നാലാമത്തെയാൾ ഏഷ്യയിലെ ഏറ്റവും വലിയ ആത്മായ പ്രേഷിത സംഘടനയായ മിഷൻ ലീഗിന്റെ സഹസ്ഥാപകനായി. എല്ലാവരും കുഞ്ഞേട്ടൻ എന്നുവിളിക്കുന്ന പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ.

ഇനി ചാമ്പയ്ക്ക നൽകിയ ആ സിസ്റ്റർ ആരെന്നോ? ഭരണങ്ങാനത്തെ വി.അൽഫോൻസാമ്മ

JY NEWS



# ജീസസ് യൂത്ത് ഇന്ത്യയ്ക്കു പുതിയ കൗൺസിൽ

## ചാൾസ് വീണ്ടും

ജീസസ് യൂത്ത് ഇന്ത്യയ്ക്കു പുതിയ കൗൺസിൽ നിലവിൽ വന്നു. കൗൺസിൽ കോ-ഓർഡിനേറ്ററായി ചാൾസ് ആന്റണി ബാസ്റ്റിൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ലിവിൻ വർഗീസ് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ.

### ടീമംഗങ്ങൾ

1. Alent C. Manuel - Kerala
2. Anushikha Abraham - Karnataka
3. Charles Antony Bastin - Kerala
4. Immanuel Joseph - Maharashtra
5. Livin Varghese - Karnataka
6. Manish P. Toppo - Jharkhand
7. Maxima Tirkey - Jammu and Kashmir
8. Meljin Joseph - Maharashtra
9. Sinjo P.K - Kerala
10. ShembhaMukeith - Shillong
11. Sebastian George - Karnataka
12. Yusuf Massey - Delhi
13. Binoj Sebastian - Karnataka
14. Fr. Vinoy Thomas OP *Council Chaplain* - Goa
15. Sr. Mary P.T *Animator* - Telungana
16. Jose Sebastian *Animator* - Karnataka
17. V.M. George *Animator* - Kerala

PRAYERFUL GREETINGS TO OUR JY INDIA NEW COUNCIL

## Yes Lord

**അകതാരിലെ വിളി അൾത്താരയിലേക്കുള്ള വഴികളാക്കി മാറ്റിയവർ**

ജോബിൻ, അഖിൽ, ലിവിൻ. കാമ്പസ് എന്ന വിളഭൂമിയിലെ ചൂടും ചൂരുമറിഞ്ഞ് പാകമായ മൂന്ന് വിത്തുകൾ പിൻവിളികൾക്കു ചെവികൊടുക്കാതെ മുമ്പേ വിളിച്ചവന്റെ മുമ്പിൽ മുട്ടുകുത്തി പറഞ്ഞു: 'Yes Lord'. പൗരോഹിത്യ ജീവിതത്തിലേയ്ക്കു യാത്ര തുടങ്ങുന്ന പ്രിയപെട്ട മൂന്നു കൂട്ടുകാർക്കുമായി നമുക്ക് ഹൃദയപൂർവം പ്രാർഥിക്കാം.



**ജോസിൻ. കെ. തോമസ്**
(ഡൊമിനിക്കൻസ് കോൺഗ്രിഗേഷൻ)
TASC-ന്റെ സൗത്ത് സെൻട്രൽ സബ് റീജിയൻ ടീം മെമ്പറായിരുന്നു.



**അഖിൽ ടി.**
(CMF കോൺഗ്രിഗേഷൻ)
TASC-ന്റെ കോ-ഓർഡിനേറ്ററായിരുന്നു.



**ലിവിൻ വർഗീസ്**
(OCD കോൺഗ്രിഗേഷൻ)
TASC-ന്റെ സെൻട്രൽ സബ് റീജിയൻ കോ-ഓർഡിനേറ്ററായിരുന്നു.

**മൂന്നുപേർക്കും ജീസസ് യൂത്ത് കുടുംബത്തിന്റെ പ്രാർഥനാ മംഗളങ്ങൾ നേരുന്നു**



## PG on wheels (JY outreach program)

ഇടുക്കിയിലെ ബഥേൽ ഇടവകയിലെ ജീസസ് യൂത്ത് പ്രാർഥനാ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊല്ലത്തുവച്ചു നടന്ന പ്രോഗ്രാം – 'PG on wheels'. പെന്തക്കുസ്താ ദിനാഘോഷങ്ങളുടെ ഭാഗമായി പരിശുദ്ധാത്മാവിന്റെ നൊവേനയുടെ സമാപനത്തോടനുബന്ധിച്ച് ബഥേൽ ഇടവകയിൽ നിന്ന് ഒരു വാനിൽ 29 പേർ രണ്ടു ദിവസം കൊല്ലത്ത് തെക്കുംഭാഗം ഇടവകയിൽ.

ഭവന സന്ദർശനവും മറ്റു പരിപാടികളുമായി തെക്കുംഭാഗം യൂത്തും ഒരുമിച്ചുണ്ടായിരുന്നു. ഇവർ തുടർപരിപാടിയായി മറ്റൊരു റീച്ചൗട്ട് പ്രോഗ്രാമിനായി പ്രാർഥിച്ച് ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

## Tiny Tower

### കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കായ്

കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കായി പ്രാർഥിക്കുന്നു. 4 വയസ്സു മുതൽ 12 വയസ്സു വരെയുള്ള കുഞ്ഞുങ്ങൾ അവരുടെ പ്രായമുള്ള കുഞ്ഞുങ്ങൾക്കായി പ്രാർഥിക്കുന്ന ഒരു പ്രെയർ നെറ്റ്വർക്കാണിത്. പ്രാർഥിക്കുവാനും ഇതിൽ പങ്കാളിയാവാനും താഴെ പറയുന്ന വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെടാം.

JY KIDS, Jesus Youth, Emmavus, HMT Colony P.O., Kalamassery - 683503

& 8891 66 2059 (Ancy Shaji), 9497 28 3397 (Alwin T. Xavier)

@jesusyouthkidsministry




ജീസസ് യൂത്ത് പ്രൊഫഷണൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നവജാത ശിശുക്കളുള്ള കുടുംബങ്ങൾക്കും, കുഞ്ഞുങ്ങൾക്കായി കാത്തിരിക്കുന്ന കുടുംബങ്ങൾക്കുമായി കഴിഞ്ഞ ജൂൺ 8-ന് തിരുവനന്തപുരം മരിയ റാണി സെന്ററിൽ ഒരു ഏകദിന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

## അഭിവാദ്യങ്ങൾ ജെ.വൈ ക്ലാസ്സിക്കോ

കാലോചിതമായ രീതിയിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായി മിനിസ്ട്രികൾ രൂപം കൊണ്ടിട്ടുള്ള ജീസസ് യൂത്ത് മൂവ്മെന്റിൽ ചിരകാല പ്രാർഥനയുടെയും പ്രയത്നത്തിന്റെയും ഫലമായി ഒരു 'സ്പോർട്ട്സ് മിനിസ്ട്രി രൂപമെടുക്കുകയാണ്. ആദ്യ പടിയായി ഇൻഫോപാർക്ക് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ജൂൺ 5-ന് 'JY Classico' എന്ന പേരിൽ ഒരു സ്പോർട്സ് ഡേ സംഘടിപ്പിച്ചു. പന്തുകളിയും ചെസ്സും കാരംസും ഉൾപ്പെടെ വിവിധ പരിപാടികളോടെയായിരുന്നു 'JY Classico'. പങ്കെടുത്ത എല്ലാ കായിക പ്രേമികൾക്കും അഭിവാദ്യങ്ങൾ നേരുന്നു.



*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

# ഹൈലൈറ്റ്സ്

## യഥാർഥ കാശ്മീരിനെ അറിയണം

കാശ്മീറെന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് വരുന്നത് തീവ്രവാദികളും പട്ടാളവുമായുള്ള ഏറ്റുമുട്ടലുകളും തീവ്രവാദികളോട് അനുഭാവം പ്രകടിപ്പിക്കുന്ന കാശ്മീരിലെ ഭൂരിപക്ഷ ജനതയെക്കുറിച്ചുമൊക്കെയുള്ള ചിന്തകളാണ്. എന്നാൽ, ഇതിലൊന്നും പങ്കുചേരാതെ ദുരിതങ്ങളിലും ദാരിദ്ര്യത്തിലും ജീവിക്കുന്ന ദേശസ്നേഹികളായ ഒരു ജനത അവിടെയുണ്ടെന്നും അവരുടെ സ്ഥിതി ഏറെ കഷ്ടകരമാണെന്നും ഷീബ ഇ.കെ.യുടെ കാശ്മീർ യാത്രയുടെ വിവരണം നമ്മെ ബോധ്യപ്പെടുത്തും (സമകാലിക മലയാളം ജൂൺ 10).




## കലിഗ്രാഫി - സാധ്യതകളുടെ കല

കേരളീയർക്ക് കലിഗ്രാഫി അത്ര പരിചയമില്ല. ഉത്തരേന്ത്യയിലും വിദേശരാജ്യങ്ങളിലും ഈ കലാരൂപം പ്രശസ്തമാണ്. അക്ഷരങ്ങൾ കൊണ്ടുള്ള കലാരചനയാണ് കലിഗ്രാഫി. നല്ല കൈയക്ഷരമുള്ളവർക്ക് ഏറ്റവും അനുയോജ്യമായ ഒരു കലയാണിത്. ഏതു ഭാഷയിലുള്ള ലിപികൾകൊണ്ടും ഈ കലാരചന നടത്താവുന്നതാണ്. തിരുവനന്തപുരം ടെക്നോപാർക്കിലെ ഇൻഫോസിസിൽ ജോലി ചെയ്യുന്ന ജാസ്മിൻ തോമസ് കലിഗ്രാഫിയിൽ മനോഹരമായ കലാസൃഷ്ടി നടത്തുന്ന വ്യക്തിയാണ്. ബൈബിൾ വചനങ്ങൾ കലിഗ്രാഫിയിലൂടെ കടലാസിൽ ആലേഖനം ചെയ്യുമ്പോൾ അത് അതിമനോഹരമായ സൃഷ്ടിയായി മാറുന്നു. ജാസ്മിന്റെ കലാരചനയെപ്പറ്റി expresso യിൽ വന്ന ലേഖനം പുതിയ ഒരു കലാരീതിയെ നമുക്ക് പരിചയപ്പെടുത്തുന്നു.

## അന്തസ്സു നിറഞ്ഞ പ്രഭാഷണങ്ങളും ഇവിടെയുണ്ടായിരുന്നു.

തെരഞ്ഞെടുപ്പു പ്രസംഗങ്ങൾ ശ്രദ്ധിച്ചവർക്ക് ഓരോരുത്തരുടെയും സംസ്കാരം എന്തെന്നറിയാൻ കഴിഞ്ഞിട്ടുണ്ടാകും. ഇന്ത്യയിലെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു തെരഞ്ഞെടുപ്പു പ്രചാരണ സമയങ്ങളിൽ നടത്തിയ പ്രസംഗങ്ങളുടെ ആഭിജാത്യം ജൂൺ 19-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രശസ്ത പത്രപ്രവർത്തകനായ രാമചന്ദ്രഗുഹ എഴുതിയത് ഏവർക്കും പ്രചോദനകരമാണ്.


## കനവിനു പ്രസക്തിയുണ്ടോ?

മുഖ്യധാരാ വിദ്യാഭ്യാസത്തിനു ബദലായി സമാന്തരരീതികൾ അന്വേഷിച്ച് ഇറങ്ങിത്തിരിച്ച ഒരാളാണ് കെ.ജെ. ബേബി. കനവ് എന്ന പാഠശാലയിലൂടെ വയനാട്ടിലെ ആദിവാസികളെ ഉയർത്തിക്കൊണ്ടുവരാൻ അദ്ദേഹം ജീവിതം സമർപ്പിച്ചു. കോളേജധ്യാപികയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യയും ജോലി രാജിവച്ച് അദ്ദേഹത്തോടൊപ്പം ചേർന്നു. അദ്ദേഹത്തിന്റെ മക്കളെ സമാന്തരവിദ്യാഭ്യാസമാണ് അഭ്യസിപ്പിച്ചത്. സർട്ടിഫിക്കറ്റ് ഒന്നും കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും ജീവിക്കാനാവശ്യമായ കഴിവുകളൊക്കെ അവർ സ്വായത്തമാക്കി എന്ന് അദ്ദേഹം പറയുന്നു. (മാതൃഭൂമി ആഴ്ചപതിപ്പ് ജൂൺ 9)

## ദൈവമില്ലെന്ന് തെളിയിക്കാൻ അന്വേഷണം നടത്തിയ ആളുടെ കഥ

അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിന്റെ ഡയറക്ടറായ ഡോ. ഫ്രാൻസിസ് എസ്. കോളിൻസ് എന്ന പ്രസിദ്ധ ജനിതക ശാസ്ത്രജ്ഞൻ ഒരിക്കൽ നിരീശ്വരവാദിയായിരുന്നു. ദൈവമില്ലെന്നു തെളിയിക്കാനുള്ള അന്വേഷണം അദ്ദേഹത്തെ കടുത്ത ദൈവവിശ്വാസിയാക്കി മാറ്റി. 'ഈ ലോകം എങ്ങനെയാണ് ചലിക്കുന്നതെന്ന് സയൻസ് പറയുമ്പോൾ ജീവിതത്തിന്റെ


Dr. Francis Collins





അർഥം പറഞ്ഞുതരുകയാണ് വിശ്വാസം' എന്ന ഇദ്ദേഹത്തിന്റെ വാക്കുകൾ പ്രസിദ്ധമാണ്. ജൂൺ 23-ലെ സൺഡേ ശാലോമിൽ ഇദ്ദേഹത്തിന്റെ അനുഭവങ്ങൾ വായിക്കാം.

## ഒരാത്മാവിനുവേണ്ടി ജീവൻ ബലി കഴിച്ചവൾ

വഴിതെറ്റിയ അമ്മയുടെ ആത്മരക്ഷയ്ക്കായി സ്വന്തം ജീവൻ ബലി കഴിച്ച ലോറ എന്ന പെൺകുട്ടിയുടെ ജീവിതകഥ നുറുങ്ങുന്ന ഹൃദയത്തോടെയേ വായിക്കാൻ കഴിയുകയുള്ളൂ. തെറ്റായ ജീവിതം നയിച്ച അമ്മയുടെ മാനസാന്തരത്തിനായി സ്വന്തം ജീവൻ എടുക്കണമേ എന്നവൾ പ്രാർഥിച്ചു. നാളുകൾക്ക് ശേഷം അവൾ രോഗിണിയായി മരിക്കുകയും മാതാവ് പഴയ സ്വഭാവത്തെ ഉപേക്ഷിക്കുകയും ചെയ്തു (ജൂൺലക്കം, ശാലോം മാഗസിൻ).

## പിശാച് ഒരു വ്യക്തിയെ നയിച്ച വഴികൾ

പിശാചിന് സമർപ്പിക്കുന്നവരെ എങ്ങനെയൊക്കെയാണ് അവൻ നയിക്കുന്നതെന്ന അനുഭവം ഭീതിയോടെ മാത്രമേ വായിക്കുവാൻ കഴിയുകയുള്ളൂ. ജൂൺ മാസത്തിലെ ശാലോം മാഗസിനിൽ 'യേശു യവൻഗുളാ' എന്ന ലേഖനം അതിനുത്തരം നൽകുന്നു.



ഫ്രാൻസിസ് ഡെയ്മി മുരിങ്ങാത്തേരി

*13-ാം ബാച്ച് ഫുൾടൈമറാണ്. 4 വർഷം ഭൂട്ടാനിൽ മിഷൻ പ്രവർ ത്തനം നടത്തിയിരുന്നു. തുടർന്ന് മൂന്നര വർഷം യു.എ.ഇ.യിൽ ജോലി ചെയ്തു. ആ ജോലി രാജിവച്ച് 2016 മുതൽ യുഗാ≠യിൽ കുടുംബത്തോടൊപ്പം മിഷൻ പ്രവർത്തനം നടത്തുകയാണ് ബാംഗ്ലൂരിൽ നിന്നുള്ള ഈ ജീസസ് യൂത്ത്.*
*ഇ-മെയിൽ:* md.daimy@gmail.com

**മിഷൻ**

# ബുക്കാസ ദ്വീപിലെ കിസാബ ഗ്രാമം

## യുഗാണ്ടയിലെ ചരിത്രമുറങ്ങുന്ന കിഗുങ്ങുവിൽ നിന്നും ബുക്കാസ ദ്വീപിലെ കിസാബ ഗ്രാമത്തിലേക്ക് സംഭവബഹുലമായ ഒരുയാത്ര.



യുഗാണ്ടയിലെ ചരിത്രമുറങ്ങുന്ന കിഗുങ്ങുവിലെ മണ്ണ് കത്തോലിക്കാ മിഷണറിമാരുടെ പാദസ്പർശമേറ്റ പുണ്യഭൂമിയാണ്. ഇവിടെ നിന്നാണ് റൊണാൾഡും ഞാനും ഒരു ചെറിയ ബോട്ടിൽ യാത്ര ആരംഭിച്ചത്. ലക്ഷ്യം അങ്ങ് അകലെയുള്ള ബുക്കാസ ദ്വീപായിരുന്നു. മീൻ പിടിക്കാൻ പോകുന്ന കണ്ടെയ്നർ ബോട്ടിലായിരുന്നു നാലു മണിക്കൂർ നീണ്ട യാത്ര. സാധാരണ ഗതിയിൽ ആറു മണിക്കൂർ വരെ സമയമെടുക്കും. തിരമാലയിൽ ആടിയുലഞ്ഞ് വളരെ ദുർഘടമായിരുന്നു ഞങ്ങളുടെ യാത്ര. ഇടയ്ക്ക് ബോട്ടിന്റെ എഞ്ചിൻ നിന്നുപോയി. ആഴക്കടലിലെ ആ നിമിഷങ്ങൾ അമ്പരപ്പോടെയും ഭയത്തോടെയും ആണ് ഞങ്ങൾ തരണം ചെയ്തത്. ഒടുവിൽ ഞങ്ങൾ ബുക്കാസ ദ്വീപിലെത്തി. യുഗാണ്ടയിലെ ഈ ദ്വീപ് ഒരുപാട് പ്രത്യേകതകളുള്ള ഒരിടമായിരുന്നു. അവിടെ നിന്ന് നേരെ കിസാബ ഗ്രാമത്തിലേയ്ക്ക്.

### കിസാബ കഥപറയുന്നു

അത്ഭുതത്തോടും സന്തോഷത്തോടും കൂടിയാണ് കിസാബ ഗ്രാമത്തിലെ ആളുകൾ ഞങ്ങളെ സ്വാഗതം ചെയ്തത്. യുഗാണ്ടക്കാരനല്ലാത്ത ഒരാൾ കടൽ കടന്ന് അവിടെയെത്തുന്നത് അവർക്ക് അത്ഭുതമായിരുന്നു. ഒരു വീട് ഒഴികെ മറ്റുവീടുകളും കടകളുമെല്ലാം മരം കൊണ്ടുണ്ടാക്കിയതായിരുന്നു. കോൺക്രീറ്റ് കൊണ്ടുണ്ടാക്കിയ ആ ഒരുവീട്, ആ നാട്ടിലെ ഒരു ലോക്കൽ ചെയർപേഴ്സന്റേതായിരുന്നു. അദ്ദേഹം അവിടത്തെ ധനികനായിരുന്നു. കാരണം, അദ്ദേഹത്തിന്റെ വീടിനകത്ത് ഒരു കുളിമുറിയും ടോയ്ലറ്റും ഉണ്ടായിരുന്നു. കിസാബ ഗ്രാമത്തിലെ വീടുകൾക്ക് ടോയ്ലറ്റ് സൗകര്യം ഉണ്ടായിരുന്നില്ല. പണം നൽകി ഉപയോഗിക്കാവുന്ന ഒരു പൊതു ടോയ്ലറ്റാണ് ഇവിടെയുള്ളത്. 400 ഷില്ലിങ് അതായത് ഏകദേശം 250 രൂപയോളം നൽകിയാണ് ഒരു തവണ ഇത് ഉപയോഗിക്കാൻ പറ്റുകയുള്ളൂ.

കിസാബയിൽ മൂന്ന് സിനിമാ ശാലകൾ ഉണ്ടായിരുന്നു. സിനിമാ ശാലകൾ എന്നു പറയാമോ എന്നറിയില്ല. വൈകുന്നേരങ്ങളിൽ വാർത്തകൾ പ്രദർശിപ്പിക്കാനായിരുന്നു അവ ഉപയോഗിച്ചിരുന്നത്. 200 ഷില്ലിംങ് വേണം ഈ വാർത്തകൾ കാണാൻ. ഗ്രാമത്തിൽ നിന്ന് വളരെ അകലെയായി ഇരുമ്പ് ഷീറ്റുകൊണ്ട് നിർമിച്ച ഒരു ക്ലിനിക്കുണ്ട്. പക്ഷേ, ഗുരുതരമായ രോഗങ്ങൾക്കും മറ്റും പരിശോധിക്കാനോ ചികിത്സിക്കാനോ ഈ ക്ലിനിക്കിൽ സൗകര്യമുണ്ടായിരുന്നില്ല.

### മീൻ പിടിത്തം ഒരു ചെറിയ ജോലിയല്ല

മത്സ്യ ബന്ധനം അവരുടെ തൊഴിലായിരുന്നതിനാലും ഏതു സമയത്തും മത്സ്യം

R§Ä¡paS-t§@Znh-kwbm{X-bv¡pÅt_m«v,AXn-cm-hnse4aWn-¡p-Xs¶hn«p-t]m-bn-cp-¶p. R§ÄAX-dn-ªn-cp-¶n-Ã.ao3]nSp-¯-¡m-cpsSt_m«pwAt¸mÄn«m-\n-Ãm-bn-cp-¶p.icn¡pw]d-ªmÂ R§ÄAhnsSs]«p-t]mbnF¶p-X-s¶]d-bmw.]t£,AXpssZh-lnXambn-cps¶¶v]n¶oSva\-Ên-em-bn.

സുലഭമായി ലഭിച്ചിരുന്നതിനാലും വളരെ പാവപ്പെട്ടവരായിരുന്നിട്ടു പോലും അവർ വിശപ്പറിഞ്ഞിരുന്നില്ല. മീനാണ് അവരുടെ മുഖ്യ ആഹാരം. അതിന് ഒരു കുറവും ഉണ്ടായിരുന്നില്ല. പാചകത്തിനായി മീനെണ്ണയും.

ഏറ്റവും അത്ഭുതം തോന്നിയത് അവരുടെ ജീവിതരീതി കണ്ടിട്ടാണ്. നാലോ അഞ്ചോ മണിക്കൂറുകളേ അവർ കരയിലുണ്ടാവുകയുള്ളൂ. ബാക്കി സമയം മുഴുവൻ മീൻ പിടിക്കുവാനായി കടലിലായിരിക്കും. വൈകിട്ട് 4 മണിക്ക് പോയാൽ പിറ്റേന്ന് 12 മണിയാകുമ്പോഴേക്കും തിരികെയെത്തും. ഒഴിവെന്നോ അവധിയെന്നോ പറയുന്നതൊന്നും എന്താണെന്നു പോലും അവർക്കറിയില്ലെന്നു തോന്നുന്നു. ഗ്രാമത്തിൽ ധാരാളം മനുഷ്യർ ഉണ്ടെങ്കിലും മീൻ പിടിക്കാൻ പോകുന്നവർ ഇപ്പോൾ, വളരെ വിരളമാണ്. ബോട്ട് ഓടിക്കാൻ കഴിയുമെങ്കിലും മീൻ പിടിത്തമെന്നത് ചങ്കുറപ്പും ധൈര്യവുമുള്ള ചുരുക്കം ചിലർക്കു മാത്രം പറഞ്ഞിട്ടുള്ള കാര്യമാണ്. വെറും സാധാരണക്കാരല്ല മീൻ പിടിക്കുന്നവരെന്ന് ചുരുക്കം. കാരണം, ക്രിസ്തു തെരഞ്ഞെടുത്ത ശിഷ്യരിൽ പലരും മീൻ പിടിക്കുന്നവരായിരുന്നു. അതാണ് ഞങ്ങൾ തിരിച്ചറിഞ്ഞത്.

## മിഷണറിമാരേ, ഇതിലേവരൂ

ഈ ഗ്രാമവാസികളെ നിയന്ത്രിക്കാനോ ആവശ്യമായ ഗൈഡൻസ് കൊടുക്കാനോ ആരുമുണ്ടായിരുന്നില്ല എന്നുള്ളതാണ് ദു:ഖകരമായ മറ്റൊരു സത്യം. മാത്രമല്ല, ആളുകൾ മയക്കുമരുന്നിന് അടിമകളും എയ്ഡ്സ് രോഗികളുമായിരുന്നു. ഭദ്രതയില്ലാത്ത കുടുംബങ്ങളായിരുന്നു ഏറെയും. യുഗാണ്ടയിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ഈ ഗ്രാമത്തിലുള്ളവർക്ക് വിശ്വാസമോ ആത്മീയ കാര്യങ്ങളിൽ താത്പര്യമോ ഒട്ടുംതന്നെ ഇല്ലായിരുന്നു. ക്രിസ്തുവിനെപ്പറ്റി കേൾക്കാൻ അവിടെ യാതൊരു സാധ്യതയും ഇല്ലായെന്നുവേണം പറയാൻ. നല്ലൊരു മാതൃകാ കുടുംബമോ ഒരു നല്ല ക്രിസ്ത്യാനിയെ തന്നെയോ കാണാൻ പറ്റിയിരുന്നില്ല എന്നതാണ് ഞങ്ങളെ സങ്കടപ്പെടുത്തിയത്. ദൈവവചനം പകർന്നുകൊടുക്കുവാനും ക്രിസ്തുവിനെ കാണിച്ചു കൊടുക്കുവാനും അടിയന്തരമായി ഇവിടേയ്ക്ക് മിഷണറിമാരെ ആവശ്യമുണ്ട്. ഈ ഗ്രാമത്തിൽ ഒരു പുരോഹിതനോ സിസ്റ്ററോ ആരും തന്നെയില്ല. ഒരു ചാപ്പലും അതിന്റെ ഉത്തരവാദിത്വമുള്ള ഒരു ക്യാറ്റെകിസ്റ്റും മാത്രമാണ് ഇവിടെയുള്ളത്. 6 മാസത്തിലൊരിക്കലാണ് ഒരു പുരോഹിതൻ ഇവിടെ വരുന്നത്. ആത്മീയ ജീവിതവും സന്മാർഗ ജീവിതവുമെല്ലാം ദയനീയ പരാജയമാണിവിടെ.

## കഥയിലെ ട്വിസ്റ്റ്

ഞങ്ങൾക്കു മടങ്ങേണ്ട ദിവസം യാത്രയ്ക്കുള്ള ബോട്ട്, അതിരാവിലെ 4 മണിക്കു തന്നെ വിട്ടുപോയിരുന്നു. ഞങ്ങൾ അതറിഞ്ഞിരുന്നില്ല. മീൻ പിടിത്തക്കാരുടെ ബോട്ടും അപ്പോൾ കിട്ടാനില്ലായിരുന്നു. ശരിക്കും പറഞ്ഞാൽ ഞങ്ങൾ അവിടെ പെട്ടുപോയി എന്നുതന്നെ പറയാം. പക്ഷേ, അതു ദൈവഹിതമായിരുന്നെന്ന് പിന്നീട് മനസ്സിലായി. കാരണം, ദൈവം അവിടെ ചില കാര്യങ്ങൾ പ്ലാൻ ചെയ്തിരുന്നു. അവിടെയുള്ള ക്യാറ്റെകിസ്റ്റിനെയും രണ്ട് ക്രിസ്ത്യാനികളെയും കൂട്ടി പിറ്റേന്ന് രാവിലെ നടത്താനായി ഒരു 2 മണിക്കൂർ പരിപാടി ഞങ്ങൾ പ്ലാൻ ചെയ്തു, ഗ്രാമത്തിൽ പല സ്ഥലങ്ങളിലായി ഇക്കാര്യം അനൗൺസ് ചെയ്ത് അവരെ അറിയിക്കുകയും ചെയ്തു. 10 പേർ പങ്കെടുത്ത ആ





*റൊണാൾഡ്*

പരിപാടി, വളരെ അത്ഭുതകരവും അനുഗ്രഹീതവുമായിരുന്നു


പിന്നീട് ചിലർ ഞങ്ങളെ വീടുകളിലേയ്ക്ക് ക്ഷണിച്ചു. പ്രാർഥിക്കാനറിയില്ല, പഠിപ്പിച്ചു തരണം എന്നു പറഞ്ഞ് പലരും ഞങ്ങളുടെ അടുക്കലെത്തി. ക്രിസ്തുവിന്റെ അടുത്തു വന്ന് ശിഷ്യന്മാർ, “കർത്താവേ ഞങ്ങളെ പ്രാർഥിക്കാൻ പഠിപ്പിക്കണമേ” എന്നുപറഞ്ഞ നിഷ്ക്കളങ്കമായ വാക്കുകളാണ് ഓർമ വന്നത്. ഞങ്ങളെ കണ്ടപ്പോൾ യഥാർഥത്തിൽ ഗ്രാമവാസികൾക്ക്, ആദ്യകാലങ്ങളിൽ വന്നിട്ടുള്ള മിഷണറിമാരെയാണ് ഓർമവന്നത്. അങ്ങനെ ഏറെ ചാരിതാർഥ്യത്തോടെയും നിറഞ്ഞ സന്തോഷത്തോടെയും ഒരു കണ്ടെയ്നർ ബോട്ടിൽ അവിടെ നിന്നും ഞങ്ങൾ യാത്ര തിരിച്ചു.

## ആരെനിക്കായ് പോകും?

പ്രക്ഷുബ്ധമായ കടലിലൂടെയുള്ള മടക്കയാത്ര ഒരു സാധാരണ യാത്രയായിട്ടാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടത്. കാരണം, ശക്തനായ ദൈവത്തിന്റെ സംരക്ഷണവും വഴിനടത്തലുമെല്ലാം വേണ്ടുവോളം ഞങ്ങൾ അനുഭവിച്ചിരുന്നു. തിരികെയെത്തിയപ്പോൾ റൊണാൾഡിന് മലേറിയ പിടിപെട്ടു. എങ്കിലും ദൈവകരങ്ങളിലെ ഉപകരണങ്ങളാകാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലായിരുന്നു ഞങ്ങൾ. തിരികെ പോരേണ്ട ദിവസം ഞങ്ങൾ അവിടെ അകപ്പെട്ടതും തുടർന്നുള്ള പരിപാടികളും ഗ്രാമവാസികളുടെ ദൈവാനുഭവവുമൊക്കെ ദൈവത്തിന്റെ പ്ലാനുകളായിരുന്നു. പരിപാടിയിൽ പങ്കെടുത്ത 10 പേർ ഇനി കിസാബ ഗ്രാമത്തിൽ ദൈവകരങ്ങളായി പ്രവർത്തിക്കും. അവിടെയുള്ള ആ ചാപ്പൽ ആളുകളെക്കൊണ്ട് നിറയും ഞങ്ങൾക്കുറപ്പുണ്ട്. അവസാന സമയത്താണ് ദൈവത്തിനായുള്ള കിസാബ ഗ്രാമത്തിന്റെ ദാഹം ഞങ്ങൾ കണ്ടത്. കർത്താവ് ഞങ്ങളോട് ചോദിച്ച അതേ ചോദ്യം വീണ്ടും കാതുകളിൽ മുഴങ്ങുന്നു “ആരെനിക്കായ് പോകും”?✦

സിനി ടോക്സ്

ജോസഫ് അന്ത്രപ്പേർ



*കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്*
*josephja@gmail.com*

# ഞാൻ പ്രകാശൻ

മനുഷ്യൻ– അസ്വസ്ഥനായ മനസ്സുംപേറി, കണ്ണെത്താത്ത വയൽ പോലെ അനന്തമായി പരന്നുകിടക്കുന്ന തന്റെ സ്വപ്നങ്ങളുടെ സാക്ഷാത്കാരം തേടി അലയുന്നവൻ. ഉത്സവപ്പറമ്പിലെ കണ്ണഞ്ചിക്കുന്ന കാഴ്ചകൾക്കു മുമ്പിൽ, തന്നെത്തന്നെ മറന്ന് വിസ്മയം പൂകി നിൽക്കുന്ന കുഞ്ഞിനെ പോലെയാണവൻ. ഓരോന്നും ഒന്നിനൊന്നു മനോഹരവും, ആകർഷകവും; എല്ലാം കിട്ടിയിരുന്നെങ്കിൽ! ഇന്നത്തെ ലോകം പലപ്പോഴും, നാമറിയാതെ നമുക്കുചുറ്റും കെട്ടുകഥകളിലെ എന്ന പോലെ ഒരു മായാലോകം കെട്ടുകയാണ്. പരസ്യങ്ങളിലൂടെ, സീരിയൽ –സിനിമാ കഥാപാത്രങ്ങളിലൂടെ, സന്തോഷവും, സമാധാനവും, സ്നേഹവും ഒപ്പം ആവശ്യത്തിനു പണവും ഉള്ള ഒരു ഭാവനാലോകം. നമ്മുടെ സമൂഹം ഈ മരീചികയെ കൈയെത്തിപിടിക്കാനുള്ള തിരക്കിട്ട ഓട്ടത്തിലാണെന്നു തോന്നുന്നു.

ഇങ്ങനെയുള്ള സമൂഹത്തിന്റെ നേരെ ഉയർത്തിപ്പിടിച്ച ഒരു കണ്ണാടിയാണ് ശ്രീനിവാസൻ–സത്യൻ അന്തിക്കാട് കൂട്ടുകെട്ടിന്റെ “ഞാൻ പ്രകാശൻ” എന്ന ചലച്ചിത്രം. ഏതൊരു ഇടത്തരം മലയാളി ചെറുപ്പക്കാരനെയും പോലെ കുന്നോളം സ്വപ്നങ്ങളും, ഒരല്പം ദുരഭിമാനവും, തരികിടയും ചേർന്ന വ്യക്തിയാണ് പ്രകാശൻ. തന്റെ പേര് അല്പം പഴഞ്ചനാണെന്നു തോന്നിയതിനാൽ പ്രകാശൻ പേര് പി.ആർ. ആകാശ് എന്നു മാറ്റുകയും എളുപ്പത്തിൽ പണക്കാരനാകാൻ പണക്കാരായ പല പെൺകുട്ടികളെയും പ്രേമിക്കാൻ ശ്രമിക്കുകയും ചെയ്തെങ്കിലും പരാജയമായിരുന്നു ഫലം. അങ്ങനെയിരിക്കെ, എങ്ങനെയെങ്കിലും വിദേശത്തേക്കു കുടിയേറുവാൻ



ആഗ്രഹിക്കുന്ന പ്രകാശന് മുന്നിൽ പഴയ കൂട്ടുകാരി സലോമി വന്നെത്തുന്നു. സലോമി അധികം വൈകാതെ ജർമനിയിലേക്ക് പോകുമെന്ന് മനസ്സിലാക്കുന്ന പ്രകാശൻ പ്രണയം അഭിനയിച്ചു സലോമിയെ വിവാഹം കഴിക്കാനും, അതുവഴി ജർമനിയിലേക്ക് കുടിയേറാനും പദ്ധതിയിടുന്നു. അതിനായി പ്രകാശൻ സലോമിയുടെ കുടുംബത്തെ അടുത്തു പരിചയപ്പെടുകയും, അവരുമായി ചങ്ങാത്തം കൂടുകയും ചെയ്യുന്നു. എന്നാൽ, അവിചാരിതമായി, സലോമിക്കു ജർമനിയിലേയ്ക്ക് പോകുവാനുള്ള വിസയ്ക്കുള്ള പണം തികയാതെ വന്നപ്പോൾ, പ്രകാശൻ പലരുടെ കൈയിൽ നിന്നും കടം വാങ്ങി സലോമിക്കു പണം കൊടുത്തുവെങ്കിലും വിരോധാഭാസമെന്നവണ്ണം വിദേശത്തുചെന്ന സലോമി അവിടെയുള്ള ഒരാളെ വിവാഹം കഴിക്കുന്നതോടെ പ്രകാശന്റെ എല്ലാ സ്വപ്നങ്ങളും തകരുന്നു.


പലരോടും മേടിച്ച പണം തിരികെ കൊടുക്കാനായി പ്രകാശൻ മനസ്സില്ലാ മനസ്സോടെ തന്റെ തൊഴിലായ നഴ്സ് ജോലി ചെയ്യുന്നതിനായി ഒരു വീട്ടിൽ ചെല്ലുന്നതും, അവിടത്തെ രോഗികളായ മകളെ ശുശ്രൂഷിക്കുന്നതിലൂടെ തന്റെ തൊഴിലിന്റെ മാഹാത്മ്യവും ജീവിതത്തിന്റെ അർഥവും, മൂല്യവും കണ്ടെത്തുന്നതുമാണ് പിന്നീടുള്ള ചലച്ചിത്രത്തിന്റെ ഇതിവൃത്തം.

അടുത്ത കാലത്തിറങ്ങിയ സത്യൻ അന്തിക്കാട് ചിത്രങ്ങളുമായി കഥയിലും കാതലിലും സാമ്യങ്ങളുണ്ടെങ്കിൽ പോലും, ആസ്വാദ്യകരമായ ഒരു കുടുബചിത്രമാണ് ‘ഞാൻ പ്രകാശൻ’. ചലച്ചിത്രത്തിന്റെ ആദ്യ പകുതിയിൽ പ്രാർഥനയെ ആക്ഷേപഹാസ്യത്തിലൂടെ നോക്കിക്കാണുന്നുണ്ടെങ്കിലും, ചലച്ചിത്രം വരച്ചുകാട്ടാൻ ശ്രമിക്കുന്ന മനുഷ്യ സ്വഭാവത്തിന്റെ പരിവർത്തനം യഥാർഥത്തിൽ ക്രിസ്തുവിനു മാത്രം നൽകാൻ പറ്റുന്ന ഒന്നാണ്. ജനനം, മരണം, സ്നേഹം, സത്യം– ഇവയെല്ലാം മനുഷ്യന്റെ പരിമിതികൾക്കപ്പുറം ദൈവത്തിന്റെ കൈയൊപ്പ് പേറുന്ന അനുഭവങ്ങളാണ്. ഇവയെ മുഖാഭിമുഖം കാണുമ്പോൾ അത് ദൈവികതയിലേക്കൊരു ജാലകമാകുന്നു. അവിടെ ഞാനാരാണെന്നും, ദൈവമാരാണെന്നും, ലോകം എന്താണെന്നുമുള്ള പ്രകാശം ലഭിക്കുന്നു. അപ്പോൾ നാം ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി രൂപാന്തരപ്പെടാൻ തുടങ്ങുന്നു.

അനിതാ ബാബു



*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.*
anithajcyriac@gmail.com





# വിശുദ്ധിയുടെ പച്ചപ്പ്

## നിഖിൽ തച്ചുപ്പറമ്പിൽ

വീട്ടുമുറ്റത്തെ പച്ചപുൽത്തകിടി എന്റെ വലിയ ഒരു സന്തോഷമാണ്. അത് വെട്ടിയൊരുക്കി അടിച്ചു വൃത്തിയാക്കി ഇടുമ്പോൾ പറഞ്ഞറിയിക്കാനാകാത്ത സംതൃപ്തിയും ശാന്തിയും.

കഴിഞ്ഞ വർഷത്തെ കൊടുംവേനലിൽ പുല്ലെല്ലാം കരിഞ്ഞുണങ്ങിയപ്പോൾ സഹിച്ചില്ല. എങ്ങനെയും പച്ചപ്പ് തിരിച്ചുകൊണ്ടുവരാൻ ഞാൻ കൊടുത്ത തണലും നനവും ഫലം തരാതെ നിന്നപ്പോൾ വന്ന വേനൽ മഴയിൽ വീടും തൊടിയും തളിർത്തുണർന്നു. വീണ്ടും പച്ചയായി!!

**ഞാൻ നടന്ന ഓരോ വഴികളും ദിവ്യകാരുണ്യ നാഥനു മുൻപിൽ ഏറ്റുപറഞ്ഞ് പ്രാർഥനയാക്കിയപ്പോൾ നാഥൻ നൽകിയ വരികളാണ് ഈ ഗ്രന്ഥത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. ക്രിസ്തുവിനെ മാത്രം അറിയിച്ചുകൊണ്ട് ഞാനിവയെല്ലാം കടലാസിൽ പകർത്തുമ്പോൾ ഈ കുറിപ്പുകൾക്കായി ഒരു ഹൃദയം സജ്ജമായികൊണ്ടിരിക്കുന്നു എന്ന ബോധ്യം ക്രിസ്തു എന്നിൽ വളർത്തി.**




വിശുദ്ധിയുടെ പച്ചപ്പ് എന്ന പുസ്തകം കണ്ടപ്പോൾ മനുഷ്യനിലെ ഈശ്വര സാന്നിധ്യത്തെയും കൃപയേയും കുറിക്കാൻ പച്ചപ്പിനോളം നല്ല പ്രതീകമില്ലെന്നു തോന്നി. നിഖിൽ തച്ചുപറമ്പിൽ എന്ന വൈദിക വിദ്യാർഥി തന്റെ വിശ്വാസ അന്വേഷണങ്ങളും, ചോദ്യങ്ങളും, തിരിച്ചറിവുകളും ഹൃദയത്തിൽ കടഞ്ഞെടുത്ത്, പ്രാർഥിച്ച് എഴുതിയതാണ് ഈ പുസ്തകം. ജീവിത വ്യഗ്രതകളിൽ ഉണങ്ങിക്കരിയുന്ന നമ്മിലെ ആത്മീയതയ്ക്ക് നനവായി മാറുന്ന വരികൾ. ചിലപ്പോഴെങ്കിലും സ്വയം വീണ്ടും തളിരിടാൻ പരാജയപ്പെടുമ്പോൾ ഇത്തരം ജീവിതഗന്ധിയായ മാർഗനിർദേശങ്ങൾ നമുക്ക് വേനൽ മഴയാകും.

ഈ പുസ്തകത്തിന്റെ ആദ്യന്തം എഴുത്തുകാരന് ഈശോയോടുള്ള സ്നേഹം നമ്മുടെ ഹൃദയം നിറയ്ക്കും. നമുക്ക് മാതൃകയാകും. ഏത് പ്രശ്നത്തിനുമുള്ള ഉത്തരമായി. ഏറ്റവും വലിയ സമ്പത്തായി, പ്രതിസന്ധികളിൽ കൈവിടാത്ത, പറഞ്ഞാൽ ഗ്രഹിക്കുന്നവനും, കരഞ്ഞാൽ കാണുന്നവനുമായ കൂട്ടുകാരനായി ഈശോയെ കാണാൻ ഈ പുസ്തകം നമ്മെ സഹായിക്കും.

*ഇരിങ്ങാലക്കുട സ്വദേശി നിഖിൽ തച്ചുപറമ്പിൽ ജീസസ് യൂത്തിൽ സജീവ പ്രവർത്തകനായിരുന്നു. ഇപ്പോൾ CMI സന്യാസസ മൂഹത്തിൽ വൈദീക പരിശീലനം നടത്തുന്നു.* nikhiljoh@gmail.com

സണ്ണി കോക്കാപ്പിള്ളിൽ



*കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, മാധ്യമം... എന്നിങ്ങനെ എല്ലാം ഈ പംക്തിയ്ക്ക് വിഷയമാണ്. ആനുകാലികമായി പങ്കുവയ്ക്കപ്പെടുന്ന ഈ കാര്യങ്ങളെ കെയ്റോസ് എങ്ങനെ നോക്കിക്കാണുന്നുവെന്ന് ഈ കോളം വ്യക്തമാക്കുന്നു. പ്രഭാഷകനും, വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ശ്രീ. സണ്ണി കോക്കാപ്പി ള്ളിലാണ് ഇതിന്റെ ലേഖകൻ*

*ബന്ധപ്പെടാൻ: sunnykokkappillil@gmail.com*

# temlˉnse aq¶m-asˉ km¼-ˉn-l - i-àn-bm-lm³ t]mlp¶p! Ipªp-§Ä ]nSªp acn-¡p¶p! IjvSw.

ബിഹാറിലെ മുസാഫർപുർ ജില്ലയിലും പരിസരത്തുമായി ഇക്കഴിഞ്ഞ മാസം 136 കുഞ്ഞുങ്ങളാണ് മസ്തിഷ്കജ്വരം മൂലം പിടഞ്ഞുമരിച്ചത്. ആവശ്യമായ മരുന്നോ ചികിത്സാ സൗകര്യങ്ങളോ ഇല്ലാതെ ഈ ആധുനിക കാലഘട്ടത്തിലും ഇത്രയും കുഞ്ഞുങ്ങൾ ഒന്നിച്ചു മരിക്കുന്നത് ലോകത്തുതന്നെ അപൂർവമായിരിക്കും. പോഷകാഹാരക്കുറവ് വൻതോതിൽ മുസാഫർപുർ ജില്ലയിൽ കുഞ്ഞുങ്ങൾക്കുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.



*Image courtesy: The Indian Express*

മഹാരാഷ്ട്ര സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ 12021 കർഷകരാണ് ആത്മഹത്യ ചെയ്തത്. വരൾച്ച ബാധിച്ചും കാർഷികോത്പന്നങ്ങൾക്ക് വിലയിടിഞ്ഞും കൃഷിക്കുവേണ്ടി ബാങ്കിൽ നിന്നും ലോണെടുത്തത് അടയ്ക്കാൻ കഴിയാതെയുമാണ് ഇത്രയും കർഷകർ ആത്മഹത്യയിൽ അഭയം തേടിയത്.

ഇത്തരമൊരു രാജ്യമാണ് ചന്ദ്രനിലേക്ക് ആളെ വിടാനും അതിവേഗം ബുള്ളറ്റ് ട്രെയിൻ പദ്ധതി നടപ്പാക്കാനും മുന്നിട്ടിറങ്ങുന്നത്! ഹേ, ഭരണാധികാരികളെ, ആദ്യം പട്ടിണികൊണ്ടു മരിക്കുന്ന കുഞ്ഞുങ്ങൾക്ക് വയറുനിറച്ച് ആഹാരം കൊടുക്കാൻ നോക്ക്. ജീവിതം മുന്നോട്ടുതള്ളിനീക്കാൻ യാതൊരു മാർഗവുമില്ലാതെ ആത്മഹത്യ ചെയ്യുന്ന കർഷകന് നിലനിൽപിന് എന്തെങ്കിലും ആശ്വാസം നൽകുക.

ഈ വിവരങ്ങളൊക്കെ മാധ്യമങ്ങളിലൂടെ അറിഞ്ഞിട്ട് എന്താണ് ആരുടെയും ഉള്ളം കലങ്ങാത്തത്?. എന്തുകൊണ്ട് ആരും പ്രതികരിക്കുന്നില്ല? ബിഹാർ ഇന്ത്യയിലുള്ളതല്ലേ? സ്വന്തം കുഞ്ഞുങ്ങളുടെ വയറു നിറയ്ക്കാൻ കഴിവില്ലാത്തവരാണ് ലോകനേതൃത്വത്തിലേക്കുയരുന്നുവെന്ന് ശീർവാണം മുഴക്കുന്നത്. നല്ല മനുഷ്യരെന്നു വിശ്വസിക്കുന്നവരുടെ നിസ്സംഗതയും മൗനവും ആപത്താണ്. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരെ (മത്താ 5:6) ഇന്ന് ലോകം അധികമായി കാത്തിരിക്കുന്നു.

## ]mem-cn-h-«ˉvtaÂ]mew h¶p,"t]mbn'

എറണാകുളം വഴി യാത്ര ചെയ്യുന്നവർക്കും അവിടെ ജീവിക്കുന്നവർക്കും എത്രയധികം ഉപകാരപ്പെടുന്ന ഒന്നായിരുന്നു പാലാരിവട്ടത്തെ മേൽപാലമെന്ന് ആരും പറയേണ്ട കാര്യമില്ല. ഇടപ്പള്ളി-വൈറ്റില റൂട്ടിൽ മണിക്കൂറുകൾ കുടുങ്ങിക്കിടന്നവർക്ക് ഒരു വരദാനമായി ലഭിച്ചതായിരുന്നു പാലാരിവട്ടം മേൽപാലം. എത്ര സന്തോഷത്തോടെയായിരുന്നു ജനങ്ങൾ പാലം തുറന്നുകൊടുത്തത് ആഘോഷിച്ചത്. വെറും രണ്ടുകൊല്ലം കൊണ്ടാണ് എല്ലാം കീഴ്മേൽ മറിഞ്ഞത്. പാലത്തിന് ബലക്ഷയം വരുന്നു. വാഹനഗതാഗതം അടയ്ക്കുന്നു. പാലം പൊളിച്ചു പണിയണോ, കൂടുതൽ ബലവത്താക്കണമോ

എന്ന് ഇത് എഴുതും വരെ തീരുമാനമായിട്ടില്ല. ഏതായാലും അനേകം കോടി രൂപ പൊതു ഖജനാവിനു നഷ്ടപ്പെട്ടു.

ബ്രിട്ടീഷുകാർ പണിത പാലങ്ങളും മറ്റു നിർമിതികളും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും പൊളിച്ചുമാറ്റാൻ കഷ്ടപ്പെടുന്നു. ഇന്ത്യക്കാർ നിർമിച്ചത് രണ്ടു കൊല്ലം കഴിയുമ്പോഴേയ്ക്കും സ്വയം തകരുന്നു. ശാസ്ത്രം എങ്ങോട്ടാണു വളർന്നത്? ഒരിന്ത്യൻ പൗരനെന്ന നിലയിൽ അഭിമാനിക്കണമെന്നാണോ പറയുന്നത്?

ഒരു നിർമിതിയിൽ ആകെ ക്വോട്ടു ചെയ്യുന്ന തുകയുടെ 25 ശതമാനത്തോളം വകുപ്പുദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കുമായി വീതം വച്ചുപോകുന്നെന്നാണ് ഒരു കോൺട്രാക്ടർ വെളിപ്പെടുത്തിയത്. 25-30 ശതമാനമെങ്കിലും മിനിമം ലാഭമില്ലാതെ എങ്ങനെയാണ് ഒരു ജോലി പൂർത്തീകരിക്കുന്നത്? ഇതു രണ്ടും കഴിഞ്ഞ് ഏകദേശം അടങ്കൽ തുകയുടെ 40-45 ശതമാനമാണ് നിർമാണത്തിന് ഉപയോഗപ്പെടുത്തുന്നത്. കേരളത്തിലൂടെ യാത്ര ചെയ്യുമ്പോൾ കാണുന്ന കൊട്ടാരസദൃശമായ ഭവനങ്ങളും നിരത്തിലോടുന്ന രാജകീയ വാഹനങ്ങളും പുതിയ സംരംഭങ്ങളുമൊക്കെ അധ്വാനിച്ചുകെട്ടിപ്പടുത്തതാണെന്ന് വിശ്വസിക്കാൻ അത്രയ്ക്കു ധൈര്യം വരുന്നില്ല.

ജീസസ് യൂത്ത് ഫോർമേഷന്റെ ഭാഗമായുള്ള പഠനമേഖലയിൽ സമ്പത്തിന്റെ കാര്യസ്ഥതയെപറ്റിയുള്ള പാഠങ്ങളുണ്ട്. എല്ലാം ദൈവം നൽകിയതാണെന്നും നാം അതിന്റെ സൂക്ഷിപ്പുകാർ മാത്രമാണെന്നും അതിൽ ഉദ്ബോധിപ്പിക്കുന്നു. ദൈവികദാനമായ സമ്പത്തിനെ എത്രമാത്രം അലക്ഷ്യമായിട്ടാണ് ദുരുപയോഗിക്കുന്നതെന്ന് ഇത്തരം സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

ജസ്റ്റീസ് കുര്യൻ ജോസഫ് ഡൽഹിയിലെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ കുട്ടികളുമായി സംവദിക്കുന്നതിനിടയിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെപ്പറ്റി അവരോടു ചോദിക്കുകയുണ്ടായി. ബഹുഭൂരിപക്ഷം പറഞ്ഞത് ഉയർന്ന ജോലി സമ്പാദിച്ച് ധനം സമ്പാദിക്കുക എന്നതാണ്. ഒരു കുട്ടി അവരെയെല്ലാം കടത്തിവെട്ടി ആരെ കൊന്നിട്ടാണെങ്കിലും പണം ഉണ്ടാക്കുന്നതിൽ തെറ്റില്ലെന്നാണ് ആ കുട്ടി വെളിപ്പെടുത്തിയത്. ഇത്തരം മൂല്യനിരാസങ്ങൾ നമുക്കു മുൻപിൽ ഉയർത്തുന്നത് വലിയവെല്ലുവിളി തന്നെയാണ്. ഇതൊന്നും അറിഞ്ഞില്ലെന്നു ഭാവിച്ച് സ്വന്തം കാര്യം മാത്രം നോക്കി മുന്നോട്ടു പോകാനാണ് ഏറെ പേർക്കും ഇഷ്ടം.

## Bhn-jvIm-c-kzm-X{´yw c£Xn

ക്രിസ്ത്യൻ മതവിഭാഗങ്ങളെ വ്രണപ്പെടുത്തും വിധം സൃഷ്ടികൾ നടത്തുന്നതിനെതിരെ പ്രതികരിച്ചാൽ ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി മുറവിളി കൂട്ടുന്ന സംസ്കാര ശൂന്യരുടെ നാടാണോ നമ്മുടേത്?. ക്രിസ്ത്യാനികൾ ആരുടെയും കൈയും കാലും വെട്ടുകയില്ലെന്ന് അവർക്കറിയാം. രാജ്യദ്രോഹക്കുറ്റം ചുമത്തി പുറത്തുപോകാൻ പറയുകയുമില്ല.

മനസ്സിനുള്ളിലെ വൈകൃതങ്ങൾ പുറത്തുകാണിക്കുന്നതാണോ സ്വാതന്ത്ര്യം? പൊതു നിയമങ്ങളിലും പൊതുധാരണകളിലും അടിയുറച്ചാണ് സമൂഹം മുന്നോട്ട് നീങ്ങുന്നത്. പരിധികളും പരമിതികളും എല്ലാ മേഖലയിലുമുണ്ട്. മനുഷ്യന്റെ കടിഞ്ഞാണില്ലാത്ത സ്വഭാവത്തെ നിയന്ത്രണവിധേയമാക്കുന്നത് വിവേകമാണ്. വിവേകമില്ലായ്മയെ സ്വാതന്ത്ര്യവുമായി കൂട്ടിയിണക്കുന്നതാണ് കാഴ്ചപ്പാടുകളുടെ തെറ്റായ വശം.

ഭൂതത്തെ കുടത്തിൽ നിന്നും പുറത്തേക്കു തുറന്നുവിട്ടവർ തങ്ങളുടെ അടിവസ്ത്രം ചാനലുകളിലും സമൂഹമാധ്യമങ്ങളിലും ചർച്ചാവിഷയമാകുമെന്നു ചിന്തിച്ചു കാണില്ല. ഇതൊന്നും കാണാതെയും കേൾക്കാതെയും അവർ മുഴുവൻ സമയ പ്രാർഥനയിലുമായിരിക്കും. ഏറ്റവും പരിപാവനമായ കുരിശിന്റെ സ്ഥാനത്ത് ഇത്തരം സാധനങ്ങളൊക്കെ വരച്ചുവച്ചവരും അതിനു പശ്ചാത്തലമൊരുക്കിയവരുമൊക്കെ ദൈവത്തിന്റെ നീതിക്കുമുൻപിൽ നില്ക്കട്ടെ. മറ്റൊരു തലത്തിൽ ചിന്തിച്ചാൽ, പിടിവാശിയും അസഹിഷ്ണുതയും വഴി സഭയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നതും ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പിടിവലിയല്ലേ? തങ്ങളുടെതായ വാദഗതികളുടെ ആവിഷ്കാരം പ്രകാശിപ്പിക്കുക വഴി അത് സഭാഗാത്രത്തിനേല്പിക്കുന്ന മുറിവിന്റെ ആഴം ആര് കണക്കു കൂട്ടുന്നു?

## \yqsP³ t]câvknsâ Zn\-N-cy-IÄ

പാതിര കഴിഞ്ഞും പല ഭവനങ്ങളുടെയും രണ്ടാം നിലയിലെ ചില മുറികളിൽ വെളിച്ചം കാണാം. സാധാരണ കുട്ടികളാണ് മുകൾ നിലയിൽ ഉറങ്ങുന്നത്. അവർ പഠിക്കുകയാണോ, ഏതെങ്കിലും പുസ്തകം വായിക്കുകയോണോ, ആരെങ്കിലുമായി ചാറ്റ് ചെയ്യുകയാണോ, അതോ ഇന്റർനെറ്റിന്റെ അപകട മേഖലകളിൽ സഞ്ചരിക്കുകയാണോയെന്ന് വ്യക്തമാകുന്നില്ല... ഇക്കഴിഞ്ഞ ദിനം നൈറ്റ് പട്രോൾ നടത്തുന്ന ഒരു പോലീസുകാരൻ പറഞ്ഞതാണിത്. ജൂൺ 22-ലെ ദീപിക പത്രത്തിൽ എഡിറ്റോറിയൽ പേജിൽ ഡോ. തോമസ് മൂലയിൽ എഴുതിയ ലേഖനം യുവമാതാപിതാക്കൾ അക്ഷരം വിടാതെ വായിക്കേണ്ടതാണ്. ഇന്നത്തെ കുട്ടികൾക്ക് ഭൗതികമായ എല്ലാം നൽകുന്നതിൽ ഏറെ ഉത്സുകരാണ് മാതാപിതാക്കൾ. എന്നാൽ, ഈശ്വര ചിന്ത, ധാർമിക നിഷ്ഠ, മൂല്യബോധം എന്നിവ കൊടുക്കുന്നതിൽ പരാജയപ്പെടുന്നുവെന്ന് ലേഖനം സമർഥിക്കുന്നു. ഇന്നത്തെ അഭ്യസ്തവിദ്യരുടെയും അധ്യാപകരുടെയും അജ്ഞതയെ ഇതിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

പഠിച്ച വിഷയത്തിൽ ഗ്രാഹ്യമുള്ളതുകൊണ്ട് എല്ലാമായി എന്നാരും ധരിക്കരുത്. മിടുക്കരാകാൻ അനേകർക്കു കഴിഞ്ഞേക്കാം. എന്നാൽ, നല്ലവരാകാൻ അധികം പേർക്കും കഴിയുകയില്ല. എന്താണ് നല്ലത് എന്നതിനെക്കുറിച്ചുള്ള അന്വേഷണവും ധ്യാനവും ന്യൂജെൻ പേരന്റ്സ് ഇനിയും ഉൾക്കൊണ്ടില്ലെങ്കിൽ ഭാവി പ്രത്യാശാഭരിതമാകുമെന്ന് ഉറപ്പിച്ചു പറയാൻ പറ്റുകയില്ല.


ചിത്രീകരണം: വെങ്കി


കഥ: ആൽഡ്രിൻ ജോസഫ്



# അങ്ങനെ അവൾ രാജകുമാരിയായി

പണ്ട്.. പണ്ട്.. പണ്ട്.. ഒരു രാജ്യത്ത് ഒരു രാജാവുണ്ടായിരുന്നു. "കള്ളവുമില്ല ചതിയുമില്ല; എള്ളോളമില്ല പൊളിവചനം..., എന്ന ചൊല്ല് അന്വർഥമാക്കുന്ന പ്രജകളായിരുന്ന ആ രാജ്യത്ത് ജീവിച്ചിരുന്നത്. സ്നേഹത്തിലും സമാധാനത്തിലും ജീവിച്ചിരുന്ന ആ നാട് എല്ലാവർക്കും ഒരു മാതൃകയായിരുന്നു. അതുകൊണ്ടുതന്നെ തേനും പാലും ഒഴുകുന്ന നാടാണെന്നും അയൽ രാജ്യക്കാർ ഈ നാടിനെ വിശേഷിപ്പിച്ചിരുന്നു.

തന്റെ നാടിന്റെ ഐശ്വര്യത്തിനും സമൃദ്ധിക്കും കാരണം നീതിമാന്മാരായ തന്റെ പ്രജകളാണ് എന്ന് അഭിമാനത്തോടെ രാജാവ് പറയുമായിരുന്നു. എല്ലായിടങ്ങളിലും എല്ലാവരും തന്റെ രാജ്യത്തെ പുകഴ്ത്തുന്നത് കേൾക്കുന്നത് രാജാവിന് പതിവായി മാറി. രാജ്യ പുരോഗതിക്ക് ഇത്രത്തോളം സഹകരിക്കുന്ന ഉത്തമരായ പ്രജകൾക്ക് വലിയ ഒരു പാരിതോഷികം നൽകണമെന്ന് രാജാവ് ഒരിക്കൽ തീരുമാനിച്ചു. അങ്ങനെ തന്റെ പിറന്നാൾ ദിനം വന്നടുത്തപ്പോൾ രാജാവ് നാടുനീളെ വിളംബരം നടത്തി. അതിങ്ങനെയായിരുന്നു. "നാളെ എന്റെ പിറന്നാൾ ദിനമാണ്, ഉത്തമരായ എന്റെ പ്രജകൾക്കെല്ലാവർക്കും ഞാൻ ഒരു വലിയ സമ്മാനം നൽകാൻ ആഗ്രഹിക്കുന്നു. നാളെ രാവിലെ കൊട്ടാരത്തിൽ വന്ന് പിറന്നാൾ ആശംസകൾ നൽകി കൊട്ടാരത്തിൽ പ്രവേശിച്ച് നിങ്ങൾക്ക് വിലപിടിപ്പുള്ളത് എന്ന് തോന്നുന്ന ഏത് വസ്തുവിൽ തൊട്ടാലും നിങ്ങൾക്ക് അത് സ്വന്തമായി ലഭിക്കും." ജനങ്ങൾ എല്ലാവരും സന്തോഷഭരിതരായി മാറി. രാത്രി മുഴുവൻ ഉറങ്ങാതെ അവർ ചർച്ചകളിലേർപ്പെട്ടു. കൊട്ടാരത്തിൽ ഏറ്റവും വിലപിടിപ്പുള്ള വസ്തു ഏത്? എവിടെയായിരിക്കും വില കൂടിയ വസ്തുക്കൾ സൂക്ഷിച്ചുവച്ചിരിക്കുക? ചർച്ചകൾ കാടുകയറി, ആർക്കും ഉറങ്ങാൻ കഴിഞ്ഞില്ല! പിറ്റേന്ന് സൂര്യനുദിച്ചപ്പോൾ എല്ലാവരും കൂട്ടത്തോടെ കൊട്ടാരത്തിലേക്കോടി, ഇന്നാണ് ആ ദിവസം രാജാവിന്റെ പിറന്നാൾ..! കൊട്ടാരത്തിന്റെ വലിയ പൂന്തോട്ടവും മറ്റും, ജനത്തിരക്കുമൂലം തിങ്ങി നിറഞ്ഞു. കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ രാജാവ് വന്നപ്പോൾ ഹർഷാരവത്തോടെ പ്രജകൾ അദ്ദേഹത്തിന് പിറന്നാൾ ആശംസകളേകി. പിന്നീടാണ് ആ മനോഹരമായ സംഭവം നടന്നത്. കൊട്ടാരത്തിലെ ഖജനാവിന്റെ വാതിലുകൾ ചരിത്രത്തിൽ ആദ്യമായി ജനങ്ങൾക്കുമുന്നിൽ തുറക്കപ്പെട്ടു. സ്വർണ നാണയങ്ങൾ, രത്നങ്ങൾ, വൈരങ്ങൾ... ജനങ്ങൾ ഒരു നിമിഷം അത്ഭുതത്തോടെ അവയെ കണ്ട് മിഴിച്ചിരുന്നു, പിന്നെ ഓട്ടമായിരുന്നു. ഇവയുടെ കൂട്ടത്തിൽ ഏറ്റവും വിലപിടിപ്പുള്ളത് ആ വസ്തു എനിക്ക് തന്നെ സ്വന്തമാക്കണം അതായിരുന്നു ഏവരുടെയും മനസ്സിലിരിപ്പ്.

അങ്ങനെ മണിക്കൂർ ഒന്ന് കഴിഞ്ഞപ്പോൾ രാജാവ് ഖജനാവിലേയ്ക്ക് പ്രവേശിച്ചു. തന്റെ പ്രജകളെല്ലാവരും വിലപിടിച്ച വസ്തുക്കളിൽ തൊട്ടുകൊണ്ടുതന്നെ രാജാവിനെ വണങ്ങി, സന്തോഷത്തോടെ തന്നെ തൊട്ടത് സ്വന്തമായത് എടുത്തുകൊള്ളാൻ രാജാവ് കല്പനയും നൽകി. രാജകല്പന കേട്ട് ആർപ്പുവിളിച്ച് ജനക്കൂട്ടം വിലപിടിച്ച വസ്തുക്കളുമായി അവരുടെ വീടുകളിലേക്ക് മടങ്ങി. അവരുടെ ഉള്ളിൽ രാജഭക്തി. നിറഞ്ഞ് തുളുമ്പി, "രാജാവ് നീണാൾവാഴട്ടെ..."

ഓരോ നാവും പാടി സ്തുതിച്ചുകൊണ്ടിരുന്നു. അതുകേട്ടു രാജാവിന്റെ മനം നിറഞ്ഞു. പെട്ടെന്നാണ് ഒരു പെൺകുട്ടിയെ രാജാവ് ശ്രദ്ധിച്ചത്. അവൾ ഖജനാവിന്റെ ഒരു മൂലയിൽ ഒരു വസ്തുവിലും തൊടാതെ രാജാവിനെ തന്നെ നോക്കി സംശയത്തോടെ നിൽക്കുകയാണ്. രാജാവ് അവളെ അടുത്ത് വിളിച്ച് പറഞ്ഞു. "കുഞ്ഞേ എല്ലാവരും മടങ്ങുകയാണ്." നീ എന്താ ഇത്ര നേരമായിട്ടും ഒന്നിലും തൊടാതെ നിൽക്കുന്നത്, രാജകല്പന നീ മറന്നതാണോ? സമയം കടന്നുപോകുന്നു ഇനിയും ഇങ്ങനെ നിന്നാൽ നിനക്ക് ഒന്നും ലഭിക്കില്ല..!"

അവൾ സംശയത്തോടെ രാജാവിന്റെ നേരെ നടന്നടുത്തു. രാജാവിന് ഒന്നും മനസ്സിലാ

കഴിഞ്ഞ ലക്കത്തിലെ പേരിടാത്ത മൂന്നു കഥകൾക്ക് പേരുകൾ നിർദേശിച്ചവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട, ഏഴാം ക്ലാസ്സ് വിദ്യാർഥിനിയായ **ലിസ് പോൾ പാറക്കലിന്** അഭിനന്ദനങ്ങൾ. കഥകളുടെ പേരും മറ്റു ഉത്തരവും പ്രസിദ്ധീകരിക്കുന്നു.

**❶ കാണപ്പെട്ട ദൈവം ❷ തെരുവിലെ മാലാഖ ❸ നല്ല സമരിയാക്കാരി**

രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം: **വി.മദർ തെരേസ**

ശ്രദ്ധിക്കുക: പ്രതികരണങ്ങൾ അയക്കുമ്പോൾ നിങ്ങളുടെ ഫോട്ടോ കൂടി അയക്കുകയാണെങ്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

യില്ല? രാജഭടന്മാർ നോക്കി നിൽക്കേ അവൾ കൈ ഉയർത്തി രാജാവിനെ തൊട്ടു, ഒരു നിമിഷം ആർക്കും ഒന്നും മനസിലായില്ല..!


ആശ്ചര്യത്തോടെ എല്ലാവരും നോക്കി നിൽക്കേ അവൾ രാജാവിനോട് പറഞ്ഞു, "ഈ കൊട്ടാരത്തിലെ ഏറ്റവും വിലപിടിപ്പുള്ളതിനെ തൊടാനല്ലേ അങ്ങ് പറഞ്ഞത്, ഇതാ ഞാൻ തൊട്ടിരിക്കുന്നു.





രാജാവിനെ തൊട്ട അവൾക്ക് രാജാവിനെ സ്വന്തമായി ലഭിച്ചു. അവളുടെ ബുദ്ധിശക്തി കണ്ട് രാജാവ് അവളെ മകളായി സ്വീകരിച്ചു. അങ്ങനെ അവൾ രാജകുമാരിയായി മാറി.

കഥ കഴിഞ്ഞു. കൂട്ടുകാരെ നിങ്ങൾക്ക് എന്ത് മനസ്സിലായി. നാം ആ പെൺകുട്ടിയെപ്പോലെ ബുദ്ധി ഉപയോഗിക്കാറുണ്ടോ? പ്രാർഥിക്കുമ്പോൾ ധാരാളം ആവശ്യങ്ങളും നിയോഗങ്ങളും മറ്റുംസമർപ്പിക്കാതെ "ഈശോയെ എനിക്ക് അങ്ങയെവേണം" എന്ന് പറയുന്ന ഒരു കുഞ്ഞനുജത്തി എനിക്കുണ്ടായിരുന്നു. അവളും വലുതായപ്പോൾ ആ സുന്ദരമായ പ്രാർഥനയൊക്കെ മറന്നു. നമ്മെപ്പോലെ പ്രാർഥനകളെ, ആവശ്യങ്ങളുടെ ഭാണ്ഡക്കെട്ടഴിക്കുന്ന സമയമാക്കി മാറ്റി. പ്രാർഥന ദൈവത്തെ സ്വന്തമാക്കുന്ന സമയമാണ്, ദൈവപിതാവ് വാത്സല്യത്തോടെ എന്തും തരാൻ തയ്യാറായി നമ്മെ സ്നേഹത്തോടെ കേൾക്കുമ്പോൾ, നമുക്കു ഹൃദയം നിറഞ്ഞ സ്നേഹത്തോടെ പാടാൻ കഴിയണം "നീ മാത്രം മതി എനിക്ക്..." അപ്പോൾ സ്വർഗം തുറക്കപ്പെടും, പരിശുദ്ധാത്മാവിന്റെ ചിറകടി കേൾക്കാൻ പറ്റും കാതോർത്താൽ ഇന്നും മനസ്സ് നിറഞ്ഞ ആ പിതൃമൊഴി കേൾക്കാൻ നമുക്കും കഴിയും "നീ എന്റെ പ്രിയ പുത്രൻ/പുത്രി നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

# ചിരിയും ചിന്തയും


കാർട്ടൂൺ: ജോയ്സ് കെ.ജോസ്


ആശയം: ജോസ് കുര്യൻ






# ഫ്രണ്ട്സ് ഓഫ് കെയ്റോസ്

യുവജനങ്ങളുടെ ഭാവിയിൽ പ്രത്യാശയുള്ളവർ, അവരുടെ തകർച്ചയിൽ ആശങ്കയുള്ള വർ, അവരുടെ സ്നേഹ ക്കൂട്ടായ്മയാണ് ഫ്രണ്ട്സ് ഓഫ് കെയ്റോസ്. കെയ്റോസ് വഴിയുള്ള സുവിശേഷ പ്രഘോഷണത്തെ അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇതിനോടു ചേർന്നു പ്രവർത്തി ക്കാൻ നിങ്ങളും ആഗ്രഹിക്കു ന്നുവെങ്കിൽ അറിയിക്കുക. മാസം തോറും 200/500/1000/2000 എന്നിങ്ങനെ മാറ്റി വയ്ക്കുന്ന സംഖ്യകൾ യുവജനങ്ങളുടെ രക്ഷയിൽ വലിയ പങ്കു വഹി ക്കുന്നുണ്ട്.


\nßfpsS kw`mh\Iƒ
Hm¨sse\mbn Ab°m≥:
www.kairos.global
IqSpX¬ hnhcßƒ°v:
റാണി ജോർജ് +91 9446563335
finance@kairos.global



കെയ്റോസ് മിനിസ്ട്രിയും ഇന്റർസെഷൻ മിനിസ്ട്രിയും സംയുക്തമായി നടത്തുന്ന നൈറ്റ് വിജിൽ

# കെയ്റോസ് ഗ്രേഷ്യാ നൈറ്റ്

മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ.
നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ,
ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ.
സ്ഥലം: എമ്മാവൂസ്, കളമശേരി. സമയം: 7:30 PM - 1:00 AM
ദയവായി ബന്ധപ്പെടുക: **ആഷിൽ ജോസഫ്:** 97 444 908 17
Ô prayer@kairos.global



# യൂത്ത് റിട്രീറ്റ്

SVD {]mÀY\m \ntIX³
ISp¯pcp¯n, tIm«bw

റവ.ഡോ. കുര്യൻ മറ്റത്തിലിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഒരുക്കുന്ന യുവജന ധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാനകേന്ദ്ര ത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വിവരങ്ങൾക്ക്:
**80866 85404, 98478 37474**

2019 DATES:
JUL 12-14 \ AUG 9-11 \ SEP 3-15 \ OCT 11-13
NOV 8-10 \ DEC 13-15

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21
Date of publication: 01/07/2019. ₹50.00




Kairos Global available in

PRINT

ONLINE

APP

www.kairos.global

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662